# Youth Times

Quarterly Magazine from CSI Youth Movement, Sharjah
Oct- Dec 2011

## Set Your House in Order




[for private circulation only]

# Our Guest Speakers


Br. Jolly Maramon


Br. Babu Pullad


Mrs. Pushpa Sari Abraham



Rev. Sam Mathew


Rev. Jiji John Jacob


Mr. Varghese John

THAT THEY ALL MAY BE ONE
CHURCH OF SOUTH INDIA

# Youth Times

ത്രൈമാസിക

CSI Youth Movement Sharjah
P. O. Box. 25570, Sharjah, UAE.
Phone No. 06 5661088
csiyouthmovementsharjah@gmail.com

**ചീഫ് എഡിറ്റർ**
റവ. ജേക്കബ് ജോൺ മുല്ലയ്ക്കൽ

**എഡിറ്റർ**
ബനെനെറ്റ് യേശുദാസൻ

**എഡിറ്റോറിയൽ ബോർഡ്**
എബി ജേക്കബ് താഴികയിൽ

ഏബ്രഹാം മാത്യു

ജാൻസി ബിജു

റ്റിറ്റോ മാത്യു

ജിലേഷ് ചെറിയാൻ

സലിൽ ചെറിയാൻ

## വായനക്കാരുടെ ശ്രദ്ധയ്ക്ക്

യൂത്ത് ടൈംസിൽ ഉൾപ്പെടുത്താനുള്ള കൃതികൾ യുവജന പ്രസ്ഥാനത്തിന്റെ ഭാരവാഹികളേയോ യൂത്ത് ടൈംസ് എഡിറ്റോറിയൽ ബോർഡ് അംഗങ്ങളുടെയൊ കൈവശം നൽകേണ്ടതാണ്.

അതോടൊപ്പം യൂത്ത് ടൈംസിനെക്കുറിച്ചുള്ള നിങ്ങളുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഞങ്ങളെ അറിയിക്കുക.

യൂത്ത് ടൈംസ്
ഒക്ടോബർ – ഡിസംബർ 2011

## ഈ ലക്കത്തിന്റെ ഉള്ളടക്കം

എഡിറ്റോറിയൽ

ദക്ഷിണ കേരള മഹായിടവക
ബിഷപ്പ് തിരുമേനിയുടെ സന്ദേശം

ഇടവക വികാരിയുടെ കത്ത്

വചന ധ്യാനം : സ്നാനം

കവിത: ഒരു ഗാനം മാത്രം

അനുഭവക്കുറിപ്പ് : ബിജോ

കൺവെൻഷൻ റിപ്പോർട്ട്

ജാലക കാഴ്ചകൾ

കവിത : അമ്മ

അഭിമുഖം : ജോൺസി അങ്കിൾ

കഥ : ജീവന്റെ പുസ്തകത്തിൽ പേരുണ്ടോ?

ലേഖനം : നോഹയുടെ പെട്ടകത്തിലൂടെ

Teens Corner : GOD's Embroidery

ആരോഗ്യം : ദന്ത സംരക്ഷണം

ലേഖനം : യാത്രയിൽ ഒരു നിമിഷം

പാചകം : മുട്ട കബാബ്

കാർട്ടൂൺ

ബൈബിൾ ക്വിസ്

## എഡിറ്റോറിയൽ



ക്രിസ്തുവിൽ പ്രീയരേ,

പ്രതിസന്ധികൾ ഓരോന്നോരോന്നായി തരണം ചെയ്തുകൊണ്ട്, മാറി മാറിപ്പോകുന്ന ലക്ഷ്യങ്ങൾ ലാക്കാക്കിയുള്ള നമ്മുടെ ഈ പ്രവാസ ജീവിത യാത്രയിൽ തളരാതെ, ഒരു കൈത്താങ്ങലായി, ഒരു വഴികാട്ടിയായി, ഒപ്പം ലക്ഷ്യങ്ങൾ ക്രമപ്പെടുത്താൻ ഒരു ചൂണ്ടുപലകയായി ഇതാ ഒരു യൂത്ത് ടൈംസ് കൂടെ നിങ്ങളുടെ കൈയ്യിൽ എത്തുകയാണ്.

തന്റെ ജീവിതത്തിലെ ആവശ്യങ്ങൾ അല്ലെങ്കിൽ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനു വേണ്ടിയുള്ള യാത്രക്കിടയിൽ രാത്രിയും പകലുമെന്നില്ലാതെ, വിശ്രമം പോലുമില്ലാതെ ജോലി ചെയ്തിട്ടും തന്റെ ആവശ്യങ്ങൾ സാധിക്കാതെ, ലക്ഷ്യത്തിലെത്താൻ കഴിയാതെ വിഷമിച്ചിരിക്കുന്ന പത്രോസിന് തന്റെ ചുറ്റുപാടുകളുമായി ബന്ധപ്പെട്ട താല്ക്കാലിക ലക്ഷ്യങ്ങളെ മാറ്റി നിത്യനായ ദൈവത്തിന്റെ ലക്ഷ്യത്തിനായി പ്രവർത്തിക്കാൻ, താൻ കഷ്ടതയിൽ ആയിരുന്നപ്പോഴുള്ള യേശുക്രിസ്തുവിന്റെ ഒരു വാക്ക് അനുസരിച്ചതിലൂടെ സാധിച്ചു. സങ്കീ. 119:71 **"നിന്റെ ചട്ടങ്ങൾ പഠിപ്പാൻ തക്കവണ്ണം ഞാൻ കഷ്ടതയിൽ ആയിരുന്നത് എനിക്കു ഗുണമായി"** എന്ന സങ്കീർത്തനക്കാരന്റെ വാക്കുകളുമായി ചേർത്ത് നമ്മുടെ ജീവിതങ്ങളേയും വിലയിരുത്താം. ശരീരത്തിനാവശ്യമായ വിശ്രമം പോലുമില്ലാതെയുള്ള നമ്മുടെ ഈ പ്രവാസ ജീവിതം നിത്യനായ ദൈവത്തിന്റെ ചട്ടങ്ങൾ പഠിക്കുവാനും നിത്യനായ ദൈവത്തിന്റെ ലക്ഷ്യത്തിനായി പ്രവർത്തിക്കാനും ദൈവത്തിന്റെ വലിയ വലിയ അത്ഭുതങ്ങൾ നമ്മുടെ ജീവിതങ്ങളിലൂടെ അനുഭവിച്ചറിയാൻ സാധിക്കട്ടെയെന്നും പ്രാർത്ഥിക്കുന്നു.

ഈ ലക്കം യൂത്ത് ടൈംസിനാവശ്യമായ കൃതികൾ എഴുതി നൽകിയ ഓരോരുത്തരോടും അഭിമുഖം നൽകിയ ജോൺ സി. വർഗ്ഗീസ് അങ്കിളിനോടും നമ്മുടെ അച്ചനോടും വിശേഷാൽ ബഹുമാനമുള്ള ബിഷപ്പ് ധർമ്മരാജ് റസ്സാലം തിരുമേനിയോടുമുള്ള നന്ദി അറിയിക്കുന്നു. എല്ലാറ്റിലുമുപരി ഈ പ്രതിസന്ധികളെ അതിജീവിച്ച് ഇന്നും നമ്മെ നടത്തുന്ന സർവ്വശക്തന് സകല ബഹുമാനവും മഹത്വവും സ്തോത്രവും അർപ്പിച്ചുകൊണ്ട്.

സ്നേഹപൂർവ്വം,
ബനൈനെറ്റ് യേശുദാസൻ

# പ്രോഗ്രാമുകൾ

**ഒന്ന്, മൂന്ന്, നാല് വെള്ളിയാഴ്ചകളിൽ വിശുദ്ധ ആരാധനയ്ക്കു ശേഷം 10:30 മണിയ്ക്ക് ഹാൾ നമ്പർ 4 ൽ വച്ച് സാധാരണ** (മൂന്നാം വെള്ളി: സ്പെഷ്യൽ പ്രോഗ്രാം നാലാം വെള്ളി: ബൈബിൾ പഠനം) **മീറ്റിംഗുകളും**

**രണ്ടാം വെള്ളിയാഴ്ച അംഗങ്ങളുടെ ഭവനത്തിൽ വച്ച് പ്രത്യേക മീറ്റിംഗും**

**അഞ്ചാം വെള്ളിയാഴ്ച യൂത്ത് പിക്നികും**

**രണ്ടാം വ്യാഴാഴ്ചകളിൽ വൈകുന്നേരം 8:30 മണിയ്ക്ക് ഹാൾ നമ്പർ 4 ൽ വച്ച് യുവജന പ്രാർത്ഥന എന്നിവയും നടത്തി വരുന്നു.**

**എല്ലാ യുവജനങ്ങൾക്കും സ്വാഗതം**

Telephone : 0471-2318662
Fax : 0091-0471-2316439
E-mail: bishoprasalam@yahoo.com

**CHURCH OF SOUTH INDIA**

**South Kerala Diocese (S.I.U.C)**

Office of the Bishop

L.M.S. Compound
Thiruvananthapuram - 695 033
INDIA

Rt. Rev. A. DHARMARAJ RASALAM
*Bishop*

ക്രിസ്തുവിൽ പ്രീയ സഹോദരങ്ങളേ,

ഷാർജ സി.എസ്.ഐ. ഇടവകാംഗങ്ങളോടു ഇപ്രകാരം എഴുത്തിലൂടെ ബന്ധപ്പെടാൻ സാധിച്ചതിൽ ഞാൻ സന്തോഷിക്കുന്നു. പ്രവാസ സമൂഹമായ നിങ്ങൾക്കേവർക്കും വിശ്വാസ സമൂഹമായി നിലകൊള്ളുവാൻ ഇടവക നൽകുന്ന പരിപോഷണം ശ്ലാഘനീയമാണ്. വാർത്ത വിനിമയ ലോകത്ത് പുത്തൻ മേഖലകൾ ഉയർന്നപ്പോഴും വാർത്താ പത്രികയിലൂടെ ഇടവകാംഗങ്ങൾക്ക് ലഭ്യമാകുന്ന ആശയ സംവേദനത്തെ ഞാൻ അഭിനന്ദിക്കുന്നു. തുടർന്നും, ക്രീയാത്മകതയോടെയും പുതുമകളോടു കൂടിയും ഈ സംരംഭം നിലനിൽക്കട്ടെ എന്ന് ആശംസിക്കുന്നു.

സഭാ ജീവിതത്തെപ്പറ്റി പ്രശസ്ത എഴുത്തുകാരനായ കെ.പി. അപ്പനെഴുതി "സഭ സംഘടിത ബലത്തിന്റെ പര്യായമല്ല, ക്രിസ്തുവിൽ വിശ്വസിക്കുന്ന കാരുണ്യമനസ്സുകളുടെ ഒത്തുചേരലാണ്". ഓരോ ഇടവക വിശ്വാസിയും ഈ അഭിപ്രായം വെല്ലുവിളിയായി കരുതേണ്ടതുണ്ട്. ദൈവത്തിന്റെ കരുണ പാപജീവിതം നയിച്ചിരുന്ന മനുഷ്യ സമൂഹത്തിന് ലഭ്യമായത് യേശുക്രിസ്തുവിലൂടെയായിരുന്നു. കരുണയുടെ ജീവരൂപമായിട്ടാണ് ക്രിസ്തു തന്റെ പരസ്യശുശ്രൂഷ നിർവ്വഹിച്ചതും. ആരെയും ഒറ്റപ്പെടുത്താതെയും ഒഴിവാക്കാതെയും ആ കാരുണ്യപ്രവാഹം യോർദ്ദാൻ നദിപോലെ മനുഷ്യമനസ്സുകളെ തഴുകിപ്പോന്നിരുന്നു. സഭയുടെ ദൗത്യവും ശക്തിയും ഈ കാരുണ്യ പ്രവാഹമാണ്. ഇടവകയുടെ ഓരോ പ്രവർത്തനങ്ങളും അത് സാധ്യമാകട്ടെ. ദു:ഖത്തിന്റെ മുനമ്പുകളിൽ തനിച്ചാകുന്നവർക്കും മാറാരോഗങ്ങൾ പിന്തുടരുന്നവർക്കും സ്നഹേത്തിന്റെ സ്പർശം ഭിക്ഷയായി യാചിക്കുന്നവർക്കും കാരുണ്യപ്രവാഹം ഒഴുകാൻ നമ്മുടെ കർമ്മങ്ങൾ പൂർത്തീകരിക്കാം.

യെഹെസ്കേൽ പ്രവാച ദർശനം 47-ാം അദ്ധ്യായം വിശുദ്ധ നദിയുടെ വിവരണം നൽകുന്നു. "അതിലെ വെള്ളം വിശുദ്ധമന്ദിരത്തിൽ നിന്ന് ഒഴുകി വരുന്നതുകൊണ്ട് അവ മാസം തോറും പുതിയ ഫലം കായ്ക്കും. അവയുടെഫലം തിന്നുവാനും അവയുടെ ഇല ചികിത്സയ്ക്കും ഉതകും" എന്ന വാക്യം അർത്ഥമാക്കുന്നതുപോലെ ഓരോ മാസവും നവനന്മകളും നവഫലങ്ങളും ലഭ്യമാകാനും ലഭ്യമാക്കാനും ദൈവം ഏവർക്കും കൃപ നൽകട്ടെ. ഇടവക പുരോഹിതിനും എല്ലാ ഇടവക കുടുംബാംഗങ്ങൾക്കും ദൈവകൃപനേരുന്നു.

എന്ന്,

കർത്തൃശുശ്രൂഷയിൽ

**Rt. Rev. ധർമ്മരാജ് റസാലം**

ബിഷപ്പ്, സി.എസ്.ഐ. ദക്ഷിണ കേരള മഹായിടവക

# ഇടവക വികാരിയുടെ കത്ത്



കർത്താവിൽ പ്രീയരെ,

യേശുകിസ്തുവിന്റെ നിസ്തുല്യനാമത്തിൽ ഏവർക്കും സ്നേഹവന്ദനം. യൂത്ത് ടൈംസ് ത്രൈമാസിക വീണ്ടും നമ്മുടെ കൈകളിലെത്തുകയാണ്. പുതിയ ചിന്തകളും ഭാവനകളും പ്രബോധനങ്ങളും അനുഭവങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് ''യൂത്ത് ടൈംസ്'' യഥാസമയം നമ്മുടെ മുമ്പിൽ എത്തിക്കുവാൻ പരിശ്രമിച്ചു കൊണ്ടിരിക്കുന്ന യുവജനങ്ങളെ അഭിനന്ദിക്കുന്നു.

പാവങ്ങളുടെ അമ്മ എന്ന് ലോകം മുഴുവനും അറിയപ്പെടുന്ന മദർതെരേസയെ കരുണയുടെ പ്രതീകം എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. വേദനയിലും ദു:ഖത്തിലും ഇരുന്നവർക്ക് സ്നേഹം പകർന്നു കൊടുത്തതാണ് ഇതിനു കാരണം. മറ്റുള്ളവരോടു കരുണ കാണിപ്പാൻ കഴിയാതെ പോകുന്നത് മനസ്സിൽ സ്നേഹത്തിന്റെ ഉറവ വറ്റിപ്പോകുന്നത് കൊണ്ടാണ്. കരുണയില്ലാത്തതും സ്നേഹത്തിന്റെ ഉറവ വറ്റിയതുമായ ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. മനുഷ്യമനസ്സുകളിൽ മൃഗീയ വാസനകൾ വളർന്നു ശക്തി പ്രാപിക്കുകയും കരുണയുടെ അംശം കുറഞ്ഞു ഇല്ലാതായിതീരുകയും ചെയ്തുകൊണ്ടിരിക്കുന്നതിന്റെ ശംഖൊലിയാണ് വർത്താമാദ്ധ്യമങ്ങളിൽ വരുന്ന ഞെട്ടിപ്പിക്കുന്ന സംഭവങ്ങൾ. നമ്മുടെ കർത്താവിനെ കരുണയുള്ളവനായി അനേകർ അനുഭവിച്ച് അറിഞ്ഞു. പ്രസിദ്ധമായ ഗിരിപ്രഭാഷണത്തിൽ കരുണയുള്ളവരെ ഭാഗ്യവാന്മാരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയാണ് കർത്താവ് പറഞ്ഞിരിക്കുന്നത്. ''യാഗത്തിൽ അല്ല കരുണയിലത്രെ ഞാൻ പ്രസാദിക്കുന്നു എന്നുള്ളത് പോയി പഠിപ്പിൻ''(മത്താ. 9:13) എന്നും കാണുന്നു. പ്രസിദ്ധനായ ആംഗ്ലേയ കവി റ്റി.എസ്. എലിയറ്റ് അദ്ദേഹത്തിന്റെ വിശ്വോത്തരമായ ''വേസ്റ്റ് ലാൻഡ്''എന്ന കവിതയിലെ അവസാന വരികളുടെ മലയാള വിവർത്തനം ഇങ്ങനെയാണ്– കൊടുക്കുക, കരുണ കാണിക്കുക, സ്ഥിരമാനസ്സരായിരിക്കുക, സമാധാനം ലഭിക്കും. മനസ്സ് സ്ഥിരമായവർക്കു മാത്രമേ മറ്റുള്ളവരുടെ ബുദ്ധിമുട്ടിൽ ദയയും സഹതാപവും അനുഭവപ്പെടുകയുള്ളു. അവർക്കു മാത്രമേ മറ്റുള്ളവരുമായി സ്നേഹം പങ്കു വെയ്ക്കാൻ കഴിയുകയുള്ളു. യേശു കർത്താവിന്റെ സ്നേഹവും കരുണയും മനസ്സുകളിൽ നിറഞ്ഞ്, കർത്താവിഷ്ട്പ്പെടുന്ന ശുശ്രൂഷയ്ക്കായി യുവസുഹൃത്തുക്കളെ ഒരുക്കുവാൻ ''യൂത്ത് ടൈംസ്'' സ്വാധീനിക്കട്ടെ എന്നു ആഗ്രഹിക്കുന്നു, പ്രാർത്ഥിക്കുന്നു. സ്നേഹാശംസകളോടെ,

റവ. ജേക്കബ് ജോൺ മുല്ലയ്ക്കൽ,

ഇടവക വികാരി

വചന ധ്യാനം കഴിഞ്ഞ ലക്കത്തിലെ തുടർച്ച




# സ്നാനം

## നല്ല മനസ്സാക്ഷിക്കുവേണ്ടിയുള്ള അപേക്ഷ (1പത്രോ. 3:21)

ബോബി ജേക്കബ്

വീണ്ടും ജനനം, ജീവന്റെ പുസ്തകത്തിൽ പേരുണ്ടാവുക; ഇതിന്റെയൊക്കെ പ്രാധാന്യം പറയുമ്പോഴും 'സ്നാനം' എന്ന വിഷയം പരാമർശിക്കാത്തതെന്താണ്?

ഉത്തരം: ജീവന്റെ പുസ്തകത്തിലെ അംഗത്വത്തിനു സ്നാനം തുല്യപ്രാധാന്യം വഹിക്കുന്നില്ലയെന്നതിനാൽ തന്നെയാണ് നിലവിൽ നിന്നിരുന്ന ഒരു ക്രൈസ്തവ സമൂഹത്തിലേക്ക് ചേരുന്നതിനുള്ള ഒരു നടപടിക്രമമായി മാത്രമേ തിരുവചനം വിശകലനം ചെയ്യുമ്പോൾ സ്നാനത്തെക്കുറിച്ച് മനസ്സിലാക്കാൻ കഴിയുകയുള്ളൂ. സ്നാനത്തെക്കുറിച്ച് പരാമർശിച്ച സ്ഥലങ്ങളിൽ നോക്കുമ്പോൾ **ദൈവമെന്ന നിലയിൽ യേശുവിനെ ചെറുതോ വലുതോ ആയ മനസ്സോടെ ആ വ്യക്തി കണ്ടുതുടങ്ങുന്നത് സ്നാനത്തിനുശേഷമാണ്.** അതല്ലെങ്കിൽ ഒരു വ്യക്തി ക്രിസ്തിയാനിയെന്ന പേരിലുള്ള തന്റെ ജീവിതം തുടങ്ങുന്നത് സ്നാനശേഷമാണ്. **ക്രിസ്തുവിനെക്കുറിച്ച് എല്ലാം അറിഞ്ഞതിനുശേഷം എന്നല്ല അതിനർത്ഥം.**

**<u>1) വിശ്വാസം ഏറ്റു പറഞ്ഞിട്ടുള്ള സ്നാനം ആണോ അംഗീകരിക്കാനാവുക? അത്തരം സന്ദർഭങ്ങളിൽ കുഞ്ഞുങ്ങൾ ഒഴിവാക്കപ്പെട്ടുവോ?</u>**

ക്രിസ്തീയ സംസ്കാരത്തിൽ ആ ജീവിതം പിച്ചവെച്ച് തുടങ്ങുകയാണ്. സ്നാനപ്പെട്ട പലരും മാനസാന്തരപ്പെട്ടത് പിന്നിടാണെന്ന് അപ്പോസ്ഥലപ്രവർത്തികൾ 8:9–24 വരെയുള്ള വചനങ്ങളിൽ നാം കാണുന്നു. മാനസാന്തരപ്പെട്ട് അഞ്ചാറുമാസം ആരാധനയിൽ സംബന്ധിച്ച്, പരീക്ഷിച്ച്, കുടുംബമെന്ന കെട്ടുറപ്പിന്റെ മതിലുകളെ തകർത്തെറിഞ്ഞ് വരുന്നവർക്കല്ല സ്നാനം നൽകിയതായി ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഒരു കുടുംബനാഥൻ ഇന്നലെ വരെ യേശു അവനു ഒന്നും അല്ലാതിരിക്കെ യേശുവിനെക്കുറിച്ചറിഞ്ഞതിനുശേഷം താനും തനിക്കുള്ളവരൊക്കെയും ആ രാത്രിയിൽ തന്നെ സ്നാനം ഏറ്റു എന്നു പറഞ്ഞാൽ താൻ ആദ്യം മാനസാന്തരപ്പെട്ട് നിമിഷങ്ങൾക്കകം തന്റെ കുടുംബത്തിലുള്ള എല്ലാവരേയും സ്നാനപ്പെടുത്തി എന്നാണ്. അവരോട് സംഭവിച്ച കാര്യങ്ങൾ പറഞ്ഞ് ധരിപ്പിച്ചപ്പോൾ അന്നുവരെ അവരൊക്കെ കേട്ടറിവില്ലാത്ത ഒരു രക്ഷകനെക്കുറിച്ച് വലിയ അറിവു നേടാതെതന്നെയാകും സ്നാനപ്പെടുക. കുടുംബനാഥനു നല്ലതെന്ന് അനുഭവപ്പെട്ട ഒരു പുതുജീവിതത്തിനുവേണ്ടി തനിക്കുള്ളവരെല്ലാവരും സമർപ്പിച്ചു. പഴയകാലമായതിനാൽ തനിക്കുള്ളവരൊക്കെയും എന്നു പറയുന്നത് കുഞ്ഞുങ്ങളെ ഒഴിവാക്കിയിട്ടാണോ? കാരാഗൃഹപ്രമാണി കണ്ടും കേട്ടും വിശ്വസിക്കാൻ അധികം സമയം വേണ്ടിവന്നില്ല എങ്കിലും കേട്ട് മാത്രം വിശ്വസിക്കേണ്ടി വന്നവരുടെ വിശ്വാസം എന്തായിരിക്കും! ഇന്നത്തെ ഒരു ശരാശരിക്കാരന്റെ അത്രയെങ്കിലും വിശ്വാസം വരുമോ? കേവലം ഒരു കുഞ്ഞിനെപ്പോലെതന്നെയാകാനേ തരമുള്ളൂ. പഴയകാല ജീവിതചുറ്റുപാടിൽ അഞ്ചും പത്തും അതിലധികവും മക്കളും കൊച്ചുമക്കളുമൊക്കെയുള്ള ഒരു വ്യവസ്ഥയിലാണല്ലോ കുടുംബത്തെ കാണാനാവുക. ഇന്നത്തെ ഭാരതനിയമത്തിന്റെ ചുറ്റുപാടിൽ മാതാപിതാക്കളും മക്കളുമടക്കം 4 പേർ മാത്രമുള്ള കുടുംബമാണ് ബൈബിൾ കാലഘട്ടത്തിലെ കുടുംബമെന്ന് ചിന്തിക്കാൻ ന്യായമില്ല. അതിനാൽ എല്ലാവരും മുതിർന്നവരായിരുന്നുവെന്ന് ആ കാരണത്താൽ വിശ്വസിക്കാൻ തരമില്ല. ചെറിയ പ്രായം മുതൽ മുതിർന്ന മക്കൾ വരെ ഒരു ഭവനത്തിലേതായിരിക്കും. താനും

തനിക്കുള്ളവരെല്ലാവരും താമസിയാതെ സ്നാനമേറ്റു. അംഗസംഖ്യ ഭാരതത്തിലെ ചെറിയ കുടുംബത്തിന്റെ കണക്കിലല്ല നാമെടുക്കേണ്ടത് (അപ്പൊ: 16–30:33വരെ)

**2) സ്നാനം നൽകുക വെള്ളത്തിൽ മുക്കിത്തന്നെയാണോ?**

അപ്പോ: 2:41, ഒരു വ്യക്തിയുടെ കീഴിൽ സ്നാനമേൽക്കാൻ ഇന്നത്തെ രീതിയിലെ സമയം വെച്ച് കണക്കുകൂട്ടിയാൽ 3000 പേർക്ക് 'സ്നാനം നൽകൽ' ഒരാളിനെ വെള്ളത്തിലിറക്കി ചോദ്യങ്ങൾ ചോദിച്ചു പ്രാർത്ഥിച്ച് സ്നാനപ്പെടുത്തി കരയ്ക്കുകയറ്റാൻ രണ്ട് മൂന്ന് മിനിട്ടെങ്കിലും വേണം. ഒരു മണിയ്ക്കൂറിൽ 60 പേരെ സ്നാനപ്പെടുത്തിയെന്നകണക്കിൽ വിശ്രമം ഇല്ലാതെ 24 മണിയ്ക്കൂർ നടത്തിയാലും 3000 പേരെ മുക്കാൻ രണ്ടുദിവസത്തിലധികം വേണം. അത്രയ്കും വലിയ ഒരു ചടങ്ങായിരുന്നു എങ്കിൽ ഒരു സുവിശേഷത്തിലെങ്കിലും അത് വിവരിച്ച് തന്നെ എഴുതുമായിരുന്നു. വേഗം വേഗം തളിച്ച് സ്നാനപ്പെടുത്തിയെന്നുറപ്പിക്കുകയേ തരമുള്ളൂ. മാത്രമല്ല മറ്റു സ്വതന്ത്ര സഭകൾ ഉപദേശിക്കും പോലെ സ്നാനം എന്ന പദത്തിനു മുക്കുക അല്ലെങ്കിൽ മുങ്ങുക എന്ന രീതിയിലുള്ള അർത്ഥം മാത്രമല്ല, തളിക്കുക, ഒഴിക്കുക എന്നും കൂടെ അർത്ഥമുണ്ട്. മനപൂർവ്വമോ, സൗകര്യപൂർവ്വമോ അവർ അത് ഒഴിവാക്കിയിരിക്കുന്നു.

1 കൊരിന്ത്യർ 10:1 നമ്മുടെ പിതാക്കന്മാരെല്ലാവരും മേഘത്തിൽ കീഴെ സമുദ്രത്തിൽ സ്നാനമേറ്റ് മോശയോട് ചേർന്നുവെന്ന പരാമർശത്തിൽ യിസ്രയേൽമക്കൾ ചെങ്കടൽ കടന്ന സംഭവത്തെ പരാമർശിക്കുന്നതാണെന്ന് നമുക്ക് മനസ്സിലാകും. ഉണങ്ങിയ നിലത്തുകൂടെ എന്നപോലെ (കടൽ വെള്ളം ചിറപോലെ മാറിനിന്ന്) യിസ്രായേൽ ജനം അതിനു നടുവിലൂടെ നടന്നതിനെ സ്നാനം എന്നാണവിടെ പരാമർശിച്ചത്. മേഘത്തിൻ കീഴെ സ്നാനമേറ്റു എന്നതും മഴചാറിയതു പോലെ മാത്രമെ സംഭവിച്ചിട്ടുള്ളൂ. ഇവിടെ ജലം സ്പർശിക്കാതെ കടൽ കടന്നതിനെ സ്നാനം എന്നാണ് വിശേഷിപ്പിച്ചത്. ഇവിടെ സ്നാനമെന്നത് മുങ്ങിയതല്ല ചെറിയ ഒരു ചാറ്റൽ മഴയുടെ അനുഭവമായാണ് കാണുന്നത്.

പെട്ടകത്തിൽ 8 പേർ വെള്ളത്തിലൂടെ രക്ഷപ്രാപിച്ചു. ഇത് സ്നാനത്തിനു ഒരു മുൻ കുറി എന്നയിടത്ത് നോഹയും കുടുംബവും വള്ളത്തിലൂടെ ആണ് രക്ഷപ്പെട്ടത്. വെള്ളത്തിനുപുറത്തു കൂടെയുള്ള വള്ളത്തിന്റെ സഞ്ചാരത്തെ വെള്ളത്തിലൂടെ രക്ഷപ്രാപിച്ചു എന്ന് സൂചിപ്പിച്ചുവെന്നും പഴയനിയമം പരിശോധിച്ചുറപ്പാക്കാം. അല്ലാതെ പെട്ടകത്തിലെ ജനത്തെ വെള്ളം സ്പർശിച്ചില്ല. ഈ ഉദാഹരണങ്ങളെല്ലാം തന്നെ വെള്ളത്തിന്റെ അളവുകൊണ്ട് നടത്തപ്പെടേണ്ട ഒരു ചടങ്ങായിട്ടല്ല സ്നാനത്തെ വിശേഷിപ്പിക്കാൻ കഴിയുക. പെട്ടകത്തിലൂടെ രക്ഷപ്പെട്ടവർക്ക് വെള്ളത്താലുള്ള ഒരു കഴുകൽ പോലും ലഭിച്ചിട്ടില്ല. 1 പത്രോസ് 3:20–21 ഏതു വിധത്തിൽ സ്നാനം നടന്നുവെന്നതല്ല അതുമുഖാന്തിരം എന്താണ് എന്നുദ്ദേശിക്കുന്നതെന്ന് 21ാം വാക്യത്തിൽ വ്യക്തമാക്കുന്നു.

സ്നാനമെന്നത് നല്ല മനസ്സാക്ഷിക്കുവേണ്ടി ദൈവത്തോട് കഴിക്കുന്ന അപേക്ഷയായിട്ടാണ് (കഴുകലായിട്ടല്ല) അവിടെ വിശേഷിപ്പിക്കുന്നത്. അങ്ങനെ നല്ല മനസ്സാക്ഷി ലഭിച്ചാലോ? പുനരുദ്ധാനത്തിൽ ദൈവപുത്രനോടൊപ്പം സന്തോഷിച്ചുല്ലസിക്കുവാനിടയാകും. ആ രക്ഷയെന്നത് ക്രിസ്തുവിനോടൊപ്പം പുനരുദ്ധാനത്തിൽ പങ്കുചേരാൻ കഴിയുമ്പോഴാണ് പൂർത്തീകരിക്കപ്പെടേണ്ടത്, അഥവാ പൂർത്തീകരിക്കപ്പെടുന്നത്. അല്ലാതെ രക്ഷിക്കപ്പെട്ടുവെന്ന് പറഞ്ഞതിനുശേഷം രക്ഷ പൂർത്തീകരിക്കാൻ സ്നാനപ്പെട്ടാൽ ശരിയായി എന്നു ചിന്തിച്ചാൽ എവിടെയോ പിശകില്ലേ?

രക്ഷിക്കപ്പെട്ടവരെ ദിനം പ്രതി സഭയോട് ചേർത്തത് കർത്താവാണ്. സഭയുടെ അധികാരികളല്ല. ദൈവത്തിന്റെ സഭയുടെ ഭാഗങ്ങളായിട്ടാണ്, നാം നേരിൽ കാണുന്ന പ്രാദേശിക സഭകളെ കാണാൻ കഴിയുക. ഈ ഭൂമിയിലെ സഭയിലെ രേഖകളിൽ പേരുള്ളവർക്ക് അതാത് സഭകളുടെ അവകാശങ്ങൾ കൈപ്പറ്റാനവകാശമുണ്ട്. പക്ഷേ അത് സ്വർഗത്തിൽ പ്രവേശിക്കുവാനുള്ള അവകാശമല്ല. ദൈവത്തിന്റെ കാഴ്ചപ്പാടിൽ സഭ ഒന്നേയുള്ളൂ. അതേതാണ്? താൻ വിലകൊടുത്ത് വാങ്ങിയ, തന്റെ രക്തം ചീന്തി വിമോചിപ്പിച്ചതും അത് അംഗീകരിക്കുകയും അതിനനുസരിച്ച് ശുദ്ധമനസ്സാക്ഷിയുള്ളവരായി ജീവിക്കുകയും ചെയ്യുന്നവർക്ക് മാത്രമാണ് കർത്താവ് തന്റെ സഭയിൽ അംഗത്വം നൽകുന്നുള്ളൂ. അവന്റെ സഭയിലെ രേഖയാണ്, ജീവന്റെ പുസ്തകം. ആ പുസ്തകത്തിൽ പേരെഴുതപ്പെടണം. അല്ലാത്തവരെ എല്ലാം തീപ്പൊയ്കയിൽ തള്ളും. ആ പുസ്തകത്തിൽ പേരെഴുതപ്പെടാൻ സകല പാപങ്ങളും കഴുകിക്കളയുന്ന ദൈവപുത്രന്റെ രക്തത്താൽ എന്റെ സകലപാപങ്ങളും കഴുകി ശുദ്ധീകരിക്കണമെന്ന് അപേക്ഷിച്ച് പാപത്തിൽ നിന്നും ഓടിയകലാൻ, സമർപ്പിക്കുന്നവർക്ക് സാധിക്കും, **അത് മനുഷ്യന്റെ നീതിനിമിത്തമോ, അറിവുകൊണ്ടോ, കഴിവുകൊണ്ടോ എഴുതപ്പെടുകയല്ല, മറിച്ച് തന്നിലാശ്രയിക്കുന്നവനെ ഉപേക്ഷിക്കേണ്ടായെന്ന് തീരുമാനിക്കാൻ ദൈവം ചെയ്ത കൃപ നിമിത്തമാണ്** . വെളിപ്പാട് 20:15. പാപമോചത്തിനു ദൈവത്തെ നാം ആശ്രയിക്കുന്നുവോ?

**3) സ്നാനം യേശുവിനോട് ചേർക്കുമോ? (റോമർ 6:1–11)**

ഏറ്റവും ഉയർന്ന യൂണിവേഴ്സിറ്റിയിൽ പ്രവേശനം കിട്ടിയെന്ന് കരുതി ഡോക്ടറോ, എഞ്ചിനീയറോ, ആകില്ല, പിന്നെ എന്താണ്? പരീക്ഷ ജയിക്കണം. എഞ്ചിനീയർ ആകാൻ കോളേജിൽ ചേർന്നിരിക്കുന്ന നാം ഉഴപ്പും, തെറ്റിനടപ്പും ഉപേക്ഷിച്ച് നന്നായി പഠിച്ച് പരീക്ഷ ജയിക്കുന്നതിനല്ലേ അപ്പനും അമ്മയും ഇങ്ങോട്ടയച്ചത്. എന്ന് ഒരു വിദ്യാർത്ഥി സഹവിദ്യർത്ഥികളോട് ചോദിക്കും പോലെയാണ് റോമാലേഖനം 6ാം അദ്ധ്യായത്തെ നാം പഠിക്കേണ്ടത് റോമർ 6:2 **പാപസംബന്ധമായി മരിച്ചവരായ നാം ഇനി അതിൽ ജീവിക്കുന്നത് എങ്ങനെ?** അല്ല, യേശുക്രിസ്തുവിനോട് ചേരാൻ (എഞ്ചിനീയർ ആകാൻ എന്ന ചോദ്യം പോലെ) സ്നാനം ഏറ്റവരായ നാം എല്ലാവരും **അവന്റെ മരണത്തിൽ പങ്കാളികളാകാൻ സ്നാനമേറ്റിരിക്കുവെന്ന് നിങ്ങൾ അറിയുന്നില്ലയോ?** കോളേജിൽ ചേർന്നത് പഠിച്ച് ജയിക്കാനല്ലേ? എന്നു ചോദിച്ചാൽ കോളേജിൽ ചേർന്നത് തന്നെ ജയിച്ചത് കൊണ്ടാണ് എന്ന് ആരും പറയില്ലല്ലോ. അതുപോലെ യേശുവിനോട് ചേരുവാനാണ് നാം സ്നാനമേറ്റത്, യേശുവിനോട് പൂർണ്ണമായി ചേർന്നുവെന്ന് പറയാറില്ല. അതിനു പരീക്ഷയുണ്ട്, കടമ്പയുണ്ട്. എന്താണത്? പാപസംബന്ധമായ മരണം നടക്കണം. ശവത്തെ കല്ലെറിഞ്ഞാൽ അതിനു വേദനിക്കില്ല – പ്രതികരിക്കില്ല! ഇതുപോലെ പാപപ്രലോഭനങ്ങൾ വന്നാൽ ഒരു വിശ്വാസി പ്രതികരണമില്ലാത്ത മരിച്ചവനാകണം. ഈ ഒരു ഉയർന്ന കാഴ്ചപ്പാടാണ് ബൈബിൾ മുൻപോട്ട് വെക്കുന്നത്. അത് സ്നാനമേറ്റവൻ പാപത്തോട് അനുകൂലിക്കാതെ പ്രതികരിക്കാതെ നിന്നാൽ ക്രിസ്തുവിന്റെ മരണത്തിൽ പങ്കാളികളായി അവനോട് ഏകീഭവിക്കും. റോമർ 6:2 മുതൽ 11 വരെ മനസ്സിരുത്തി വായിച്ച് മനസ്സിലാക്കിയാൽ ഏതു പ്രായത്തിൽ സ്നാനപ്പെടണം എന്നതല്ല അവിടെ പഠിപ്പിക്കുന്നതെന്ന് മനസ്സിലാകും. നാം പാപസംബന്ധമായ മരണം നേടിയവരോ? അതു നാം എങ്ങനെ പഠിക്കുന്നു? പഠിപ്പിക്കുന്നു? പഠിപ്പിക്കപ്പെടുന്നു? അതിനു ഉത്തരം കണ്ടെത്തേണ്ടതുണ്ട്. ആ സത്യത്തിലേക്കൊരു മടക്കയാത്രയാണ് വചനപാഠം കൊണ്ടുദ്ദേശിക്കുന്നത്.

**4) മാനസാന്തരപ്പെട്ടിട്ടല്ലേ സ്നാനപ്പെടാൻ പാടുള്ളൂ?**

മുതിർന്നശേഷം വിശ്വസിച്ച് സ്നാനപ്പെട്ടിട്ടും ശരിയാകാത്ത ഒരാളിനെപറ്റി

അപ്പോസ്തലപ്രവർത്തി 8ാം അദ്ധ്യായത്തിൽ കാണുന്നു (അപ്പോ: 8:9–24). സ്നാനപ്പെട്ടു എന്നതായിരുന്നു വലിയ കാര്യമെങ്കിൽ ശിമോൻ അംഗീകരിക്കപ്പെടുമായിരുന്നു. എന്നാൽ യഥാർത്ഥ അഭിഷേകം നേടിയ ദൈവത്തിന്റെ പ്രവാചകന്മാർ (ശരിയായ പ്രവാചകന്മാർ) ശിമോനേയോ അവന്റെ യാതൊരു പുറം ജാടകളെയോ അംഗീകരിക്കുന്നില്ല. 'സഹോദരൻ സ്നാനപ്പെട്ടതല്ലേ, പോരട്ടെ കൂടെ!' എന്ന് അവർ തീരുമാനിച്ചില്ല. 20ാം വാക്യത്തിൽ – **''ദൈവത്തിന്റെ ദാനം പണം കൊടുത്ത് വാങ്ങിക്കൊള്ളാം എന്നു നീ നിരൂപിക്കകൊണ്ടു** നിന്റെ പണം നിന്നോടുകൂടെ നശിക്കും. നിന്റെ ഹൃദയം ദൈവസന്നിധിയിൽ നേരുള്ളതല്ലായ്കകൊണ്ട്, ദൈവദാനമാകുന്ന പരിശുദ്ധാത്മാഭിഷേകം എന്ന ഈ കാര്യത്തിൽ നിനക്കു പങ്കും ഓഹരിയുമില്ല, നീ വഷളത്വം വിട്ട് മാനസാന്തരപ്പെടണം, ദൈവത്തോട് പ്രാർത്ഥിക്കണം. ചിലപ്പോൾ ക്ഷമിച്ച് കിട്ടിയേക്കും'' (ഉറപ്പ് കൊടുക്കുന്നില്ല – ഈ തരങ്ങൾ ദൈവത്തിനു തീരെ ശരിയാകില്ലെന്ന് അവർക്കറിയാം, അതാണ് ഉറപ്പായി ക്ഷമിക്കുമെന്ന് പറയാഞ്ഞത്) നിനക്ക് കൈപ്പുള്ള പകയും അനീതിയെന്ന ബന്ധനവുമുണ്ടെന്ന് അവന്റെ തലയിൽ കൈവെച്ച് പ്രവചിച്ചു കാണുമെന്ന് ചിന്തിക്കാം. സ്നാനപ്പെട്ടവനോട് മാനസാന്തരപ്പെടാനാണ് അവിടെ പറയുന്നത്. ശരിയായ മാനസാന്തരത്തിനു മുൻപും സ്നാനം നൽകിയിട്ടുണ്ട് എന്നതിനു ഇത് തെളിവാണ്.

ശിമോൻ സ്നാനമെന്ന ശരിയായ മന:സാക്ഷിയുടെ അപേക്ഷ നടത്തിയിട്ടില്ല! അതാണ് നമുക്കുണ്ടാകേണ്ടത്. അല്ലായെങ്കിൽ ഭൂമിയിൽ അംഗീകരിക്കപ്പെട്ടേക്കാം. സ്വർഗ്ഗത്തിൽ അംഗീകരിക്കപ്പെടുകയില്ല. പുറമേ ക്രിസ്ത്യാനിയായവൻ ക്രിസ്ത്യാനിയല്ലായെന്ന് ചിന്തിച്ച് റോമർ 2ാം അദ്ധ്യായം 28,29 വായിച്ചാൽ യഥാർത്ഥ പരിഛേദനയെന്ന പഴയനിയപ്രമാണം ശരീരത്തിലുള്ളതോ പുറമേയുള്ളതോ അല്ലെന്നു കാണുന്നു. ഹൃദയത്തിനകത്ത് നടക്കുന്ന രൂപാന്തരവും പുതുക്കവുമാണെന്ന് കാണുന്നു. അവനു മനുഷ്യരാലല്ല ദൈവത്താലുള്ള പുകഴ്ച ലഭിക്കും. എന്നാൽ ആരുടെ പുകഴ്ച ആഗ്രഹിക്കുന്നു? ദൈവത്തിന്റേയോ? മനുഷ്യന്റേയോ? ധാരാളം വചനഭാഗങ്ങൾ വ്യാഖ്യാനിക്കപ്പെടേണ്ടതുണ്ട്.

<u>5) യേശു സ്നാനപ്പെട്ടത് എന്തിനുവേണ്ടിയായിരുന്നു?</u>

യേശു യോഹന്നാനാൽ സ്നാനം ഏറ്റത് പ്രായമായതിനു ശേഷമെങ്കിൽ നാം അവന്റെ കാൽച്ചുവടുകളെ പിന്തുടരേണ്ടതില്ലേ? എന്ന ചോദ്യം പൊതുവായി മുതിർന്ന സ്നാനം പഠിപ്പിക്കുന്നവർ പറയാറുണ്ട്. യേശു സ്നാനമേറ്റത് യോർദ്ദാനിൽ വെച്ചായിരുന്നുവല്ലോ. പിറ്റേന്ന് ബെഥാന്യായിൽ വെച്ച് യോഹന്നാൻ യേശുവിനെക്കുറിച്ച് എന്താണ് പറഞ്ഞതെന്ന് യോഹന്നാൻ അപ്പോസ്തലൻ എഴുതിയിരുന്നു. യോഹന്നാൻ 1ാം അദ്ധ്യായം 28 മുതൽ 34 വരെ. യേശു തന്റെയടുക്കൽ വരുന്നത് യോഹന്നാൻ കാണുന്നു. ലോകത്തിന്റെ പാപം ചുമക്കുന്നവനെന്ന് യേശുവിനെപ്പറ്റി പറഞ്ഞു തുടങ്ങുന്നു. 'എനിക്കു പിന്നാലെ ഒരുത്തൻ വരുന്നു എന്ന് ഞാൻ പറയുമായിരുന്നുവെങ്കിലും അവൻ ആരെന്ന് ഞാൻ അറിഞ്ഞില്ല' എന്നാണ് യോഹന്നാൻ പറഞ്ഞത്. ശ്രദ്ധിച്ച് പഠിക്കേണ്ട ഒരു ഭാഗമാണിത്. **ഞാൻ സ്നാനം കഴിപ്പിക്കാൻ വന്നത് അവനെ (യേശുവിനെ) യിസ്രായേലിനു വെളിപ്പെടുത്താനാണ് എന്ന് അടുത്ത വാക്യത്തിൽ പറയുന്നു.** അല്ലാതെ എല്ലാവരും മുതിർന്ന സ്നാനമേ സ്വീകരിക്കാവൂ എന്നത് പഠിപ്പിക്കാനല്ല. കാരണം യിസ്രായേൽജനത കാലങ്ങളായി യാഗങ്ങൾ കഴിച്ച് ഒരു മശിഹാക്കായി കാത്തിരിക്കുന്നു. യേശു അവരുടെകൂടെ നടക്കുന്നുവെങ്കിലും അവനാണ് മശിഹായെന്ന് യിസ്രായേൽ തിരിച്ചറിഞ്ഞിട്ടില്ല, യോഹന്നാനും തിരിച്ചറിഞ്ഞിട്ടില്ല. 33ാം വാക്യം വെള്ളത്തിൽ സ്നാനം കഴിപ്പിപ്പാൻ യോഹന്നാനെ അയച്ചവൻ (ദൈവം) യോഹന്നാനോട് ''ആരുടെമേൽ ആത്മാവ് ഇറങ്ങുന്നതും ആവസിക്കുന്നതും നീ കാണുമോ അവൻ പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കുന്നവനാകുന്നു എന്നു പറഞ്ഞു. അങ്ങനെ യോഹന്നാൻ കാണുകയും

ഇവൻ ദൈവപുത്രൻ തന്നെയെന്ന് സാക്ഷ്യം പറയുകയും ചെയ്തിരിക്കുന്നു". അപ്പോൾ യേശുവിന്റെ സ്നാനം എന്താണ്? യേശുവിനെപ്പറ്റി പ്രസംഗിച്ച യോഹന്നാന് യേശുവിനെ നേരിട്ട് മനസ്സിലാക്കുന്നതിനുവേണ്ടിയും--യേശുവെന്ന മശിഹായെ കാത്തിരുന്ന യിസ്രായേലിനു അവനെ വെളിപ്പെടുത്തി കൊടുക്കുന്നതിനു വേണ്ടിയും മാത്രമായിരുന്നു യേശു സ്നാനപ്പെട്ടത്. യേശുവിനെ അവർക്കെല്ലാവർക്കും 'മശിഹാ' യെന്ന് തിരിച്ചറിയിക്കാൻ ദൈവമൊരുക്കിയ പദ്ധതിയായിരുന്നു ആ സ്നാനമെന്ന് നിസ്സംശയം തെളിയിക്കപ്പെടുന്നു.

<u>6) യേശുവിന്റെ സ്നാനം നമുക്ക് മാതൃകയാക്കാനാവില്ലേ?</u>

സ്നാനവുമായി ബന്ധപ്പെട്ടുള്ള മാതൃക പിന്തുടരണമെന്നല്ല, പൗലോസ് പറഞ്ഞിരിക്കുന്നത്, എങ്ങനെ തെളിയിക്കും? 1പത്രോസ് 2:18–21 വരെ വായിക്കുമ്പോഴാണ് എന്തിനുള്ള മാതൃകയെന്ന് തെളിയുന്നത്. ആ മാതൃക ആരു തുടരും? ആരു പ്രചരിപ്പിക്കും? വായിക്കാം-- 'വേലക്കാരേ, യജമാനന്മാർക്ക്, നല്ലവർക്ക് മാത്രമല്ല, ശാന്തന്മാർക്കുമല്ല മൂർഖന്മാർക്കും കൂടെ പൂർണ്ണഭയത്തോടെ കീഴടങ്ങിയിരിപ്പിൻ. ഒരുത്തൻ ദൈവത്തെക്കുറിച്ചുള്ള മനോബോധം നിമിത്തം അന്യായമായി കഷ്ടവും ദുഃഖവും സഹിച്ചാൽ അത് പ്രസാദമാകുന്നു. നിങ്ങൾ കുറ്റം ചെയ്തിട്ട് അടികൊള്ളുന്നത് സഹിച്ചാൽ എന്തു യശസ്സുള്ളൂ? അല്ല, നന്മ ചെയ്തിട്ട് കഷ്ടം സഹിച്ചാൽ അത് ദൈവത്തിനു പ്രസാദം. **അതിനായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നത്.** ക്രിസ്തുവും നിങ്ങൾക്കു വേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ച് പോയിരിക്കുന്നു'. പിന്നെയും വായിക്കുമ്പോൾ പാപമില്ലാത്ത യേശു, വഞ്ചനയില്ലാത്തവൻ, തന്നെ ശകാരിച്ചിട്ട് പകരം ശകാരിക്കാതെ, കഷ്ടം അനുഭവിച്ചപ്പോൾ തിരിച്ച് ശപിക്കാതെ, ന്യായപാലകനായ ദൈവത്തെ ഭരമേൽപ്പിക്കുക ആയിരുന്നു. ഈ ബുദ്ധിമുട്ടുള്ള കാര്യമാണ് മാതൃക. ഈ മാതൃകയാണവൻ വെച്ചേച്ചു പോയിരിക്കുന്നത്. അല്ലാതെ തന്നെത്തന്നെ യിസ്രായേലിനു വെളിപ്പെടുത്താൻ ദൈവമൊരുക്കിയ പദ്ധതി അനുകരിക്കാനല്ല മറിച്ച് തന്റെ വിനയവും മര്യാദയും സഹനവും സ്നേഹവും കഷ്ടവും അപമാനവും ക്ഷമയോടെ പിന്തുടർന്ന് നല്ല മനസ്സാക്ഷിയുള്ളവരായി അന്ത്യംവരേയും വിശ്വസ്തതയാചരിച്ച് - അവനോടൊത്ത് പുനരുത്ഥാനത്തിന്റെ സന്തോഷത്തിൽ പ്രവേശിക്കാനാണ് കർത്താവാഗ്രഹിക്കുന്നത്. അതിനായിട്ടാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നതെന്നാണിവിടെ പഠിപ്പിക്കുന്നത്.

ഇന്നു യജമാനന്മാരോടുള്ള വിശ്വസ്തത എങ്ങനെയിരിക്കുന്നു? അവർ നല്ലവരായതുകൊണ്ട് നീയും സന്തോഷിക്കുന്നു. മൂർഖനാണെങ്കിലോ? ദൈവത്തിനുവേണ്ടിയെന്നത് പോലെ ജോലി ചെയ്യുമോ? എത്രനാൾ അയാളോടൊപ്പം നിന്നുവെന്നെതല്ല രക്ഷപ്പെടേണ്ടയെന്നുമല്ലാ നിന്നിടത്തോളം നിൽക്കുന്നത് എങ്ങനെ? കാണുമ്പോൾ മാത്രമുള്ള തൃപ്തിപ്പെടുത്തലാണോ? നിന്നിൽ നിന്നും അർഹിക്കുന്ന സേവനം നിന്നാലാവോളം ചെയ്യുന്നുവോ? ഇല്ലെങ്കിൽ അവിടെയാണ് സ്നാനം - മനസ്സാക്ഷിമാറ്റം നടക്കേണ്ടത്. യജമാനനെ തൃപ്തിപ്പെടുത്തലല്ല, ദൈവം തൃപ്തിപ്പെടുന്നതാണ് കാര്യം. നിനക്ക് താഴെയുള്ളവരോടുള്ള നിന്റെ മര്യാദകൾ ദൈവമുൻപാകെ നീതീകരിക്കത്തക്കതോ? നീ യജമാനനെങ്കിൽ, നീ ഒരു ദൈവപൈതലെങ്കിൽ നിന്റെ തൊഴിലാളികൾക്ക്, ദൈവമുൻപാകെ നീ വിശ്വസ്തനോ? നിന്നെ വിശ്വസിച്ച് ജോലിചെയ്യുന്ന തൊഴിലാളിയെ നീ ദൈവ സ്നേഹം നിമിത്തം സ്നേഹിക്കുന്നുവോ? അവന്റെ സേവനവും ത്യാഗവുമാണ് നിന്റെ നിലനിൽപ്പിന്റെ അസ്ഥിവാരമെന്ന് മറന്നുപോയിട്ടുണ്ടോ? അവൻ ബന്ധനസ്ഥനാണോ? അതോ സ്വതന്ത്രനോ? നീ അവനു ആരാണ്, നല്ലവനായ യജമാനനോ? മൂർഖനോ? **നീ യേശുവിനുവേണ്ടി എന്തെങ്കിലും നഷ്ടപ്പെടുത്തേണ്ടിവന്നെങ്കിൽ ആ നഷ്ടം യേശു നികത്തിത്തരും.** കൊലോസ്യർ 3:22–25.

7) സ്നാനം ദൈവത്തിന്റെ കൽപ്പനയാണോ?

മത്തായി 28:19-20, മർക്കോസ് 16:15-16 സുവിശേഷം അറിയിക്കുകയെന്നതാണ് ഒരു കൽപ്പന. അത് കേൾക്കുകയും അറിയുകയും ചെയ്യുന്ന ഇതര ജാതിക്കാർ സുവിശേഷം സ്വീകരിച്ചാൽ അവർക്ക് സ്നാനം നൽകി കാണപ്പെടുന്ന സഭയുടെ അംഗമാക്കുക. സ്വർഗത്തിലെത്തുകയെന്നത് അതാത് വ്യക്തികളുടെ വിശ്വസ്തതയെ ആശ്രയിച്ചിരിക്കും ദൈവത്തോടുള്ള ആശ്രയം അനുസരിച്ചിരിക്കും. അത് ദൈവത്തിന്റെ താൽപ്പര്യമാണ് നാം ആരെയും ചുവന്നമഷിയിട്ട് വരയ്ക്കരുത്. സുവിശേഷം അറിയിക്കുമ്പോൾ (സുവിശേഷം സ്വീകരിക്കാത്തവരെ അറിയിക്കുമ്പോൾ) വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും എന്നാണ്. അല്ലാതെ പ്രായമാകുംവരെ കാത്തിരിക്കുന്ന ക്രൈസ്തവ മാതാപിതാക്കളുടെ മക്കൾ വിശ്വാസമാകും മുൻപേ സ്നാനപ്പെടുന്നതിനെക്കുറിച്ചല്ല. ആരുടേയും സ്നാനത്തിലൂടെ രക്ഷയുണ്ടെന്ന് വചനം പഠിപ്പിച്ചിട്ടില്ല. പ്രസംഗം ആദ്യമായി കേട്ട് വിശ്വസിച്ച് സ്നാനമേറ്റാൽ രക്ഷിക്കപ്പെടും എന്നത് രക്ഷിക്കപ്പെട്ടു എന്ന ഉറപ്പിനെക്കാൾ രക്ഷിക്കപ്പെടാനുള്ള സാദ്ധ്യതയെയാണ് കാണിക്കുന്നത്.

യേശുവിനെക്കുറിച്ച് യോഹന്നാൻ പരാമർശിച്ചത് എങ്ങനെയൊക്കെയെന്ന് ചിന്തിച്ച്, പ്രധാനമായ മറ്റൊരു കാര്യം കൂടെ ശ്രദ്ധിക്കേണ്ടതുണ്ട്. ഞാനോ നിങ്ങളെ വെള്ളത്താൽ സ്നാനം കഴിപ്പിക്കുന്നു, എന്റെ പിന്നാലെ വരുന്നവൻ എന്നിലും വലിയവൻ. അവൻ നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനം കഴിപ്പിക്കും. അപ്പോൾ യേശു സ്നാനം കഴിപ്പിക്കുന്നത് വെള്ളംകൊണ്ടാണെന്ന് സുവിശേഷത്തിലെങ്ങും യോഹന്നാൻ പറയുന്നില്ലായെന്ന് നാം ശ്രദ്ധിക്കണം.

8) യേശു ജലസ്നാനം തന്നെയാണോ ഉദ്ദേശിച്ചത്?

ന്യായപ്രമാണത്തിന്റേയും പ്രവാചകന്മാരുടേയും കാലം യോഹന്നാൻ വരെ ആയിരുന്നു ലൂക്കോസ് 16: 16. യോഹന്നാൻ ചെയ്ത ഒരുക്കശുശ്രൂഷ തുടരുകയായിരുന്നില്ല യേശു ചെയ്തത്. മാത്രമല്ല, എല്ലാവരും തിരിഞ്ഞ് ശിശുക്കളെപ്പോലെ നിഷ്കളങ്കരായിരിക്കാനാണ് യേശു ആഗ്രഹിച്ചത്. അങ്ങനെയുള്ളവർക്കുള്ളതാണ് സ്വർഗ്ഗമെങ്കിൽ ക്രൈസ്തവ മാതാപിതാക്കളുടെ മക്കളാകുന്ന കുഞ്ഞുങ്ങളുടെ ക്രിസ്തുവിനെക്കുറിച്ചുള്ള അറിവ് നിഷ്കളങ്ക മനസ്സിൽ തുടങ്ങി പഠിച്ച് വളരാനും കാണപ്പെടുന്ന സഭയിലെ അംഗമായി സ്വീകരിക്കാനും പ്രായം വിലങ്ങുതടിയാക്കണോ? അവർ വളരുന്നതനുസരിച്ച് സത്യവചനത്തിൽ വേരൂന്നാൻ നമുക്ക് പ്രേരണ കൊടുക്കാൻ കടമയുണ്ട്. അവർ തെറ്റിപ്പോയാൽ നമ്മുടെ ഉത്തരവാദിത്ത ലംഘനവും കൂടെയാണ്. അവരുടേയും സ്നാനം ക്രിസ്തുവിനോട് ചേരാനും അവന്റെ മരണത്തിൽ പങ്കാളിയാകാനും തക്ക തരത്തിൽ നല്ല മനസ്സാക്ഷി ലഭിക്കേണ്ടതിനും വേണ്ടിയാണ്. അതിനായി സഭ പ്രാർത്ഥിക്കുകയാണ്, ഒരിക്കലേറ്റ സ്നാനത്തിനനുസരിച്ച് ജീവിക്കാതെ പോയാൽ യഥാസ്ഥാനപ്പെട്ട് കാത്തിരിക്കുന്ന പിതാവായ ദൈവത്തിങ്കലേക്ക് മടങ്ങിവരികയാണാവശ്യം. മനസ്സുകൊണ്ട് മടങ്ങിവരാൻ തീരുമാനിക്കുന്നതിനെയാണ് ദൈവം മാനിക്കുന്നത്. അല്ലാതെ പുറമെയുള്ള വേഷത്തിനു വലിയ പ്രാധാന്യമില്ല.

ഈ വിഷയം പ്രചരിപ്പിക്കാൻ മറ്റു സ്വതന്ത്ര സഭകൾ എടുക്കുന്ന ഉത്സാഹത്തിന്റെ പകുതി നമ്മളെടുത്താൽ ഭൂരിഭാഗത്തേയും ഇരുട്ടിൽ തപ്പിത്തടയുന്നതിൽ നിന്നും രക്ഷിക്കാം. സ്നാനത്തിലൂടെ നടക്കുന്നത് സ്നാനപ്പെടുന്നവനു നല്ല മനസാക്ഷി ലഭിക്കാനുള്ള അപേക്ഷയാണ്. ആ നല്ല മനസാക്ഷി നിലനിർത്താനായി നമുക്ക് സമർപ്പിക്കാം. ദൈവം നമ്മോട് കൃപയുള്ളവനാകട്ടെ.

തുടരും...

കവിത

# ഒരു ഗാനം മാത്രം

ഏബ്രഹാം മാത്യു



പാടുവാനെനിക്കൊരു ഗാനം മാത്രം
പരമോന്നതാ നിൻ സ്തുതികൾ മാത്രം
താളമോ നാദമോ ഒന്നുമില്ലെങ്കിലും
താവക മുൻപിലെൻ ഹൃദയാർച്ചന

ബാല്യത്തിലെൻ താതനെന്നോടു ചൊല്ലീ
''പോകുകെൻ യേശുവിൻ പാതയിൽ നീ''
ബാല്യത്തിൻ കളിയും ചിരിയുമായ്
പോകവേ യേശുവെ മറന്നു ഞാൻ

ആ ബാല്യവും കൗമാരവും കഴിഞ്ഞെ-
ത്തിയതോ നിറയൗവനത്തിൽ
ആദ്യം ഒന്നമ്പരന്നു നിന്നു ഞാൻ
എന്നിട്ട് ചടുലമാം വേഗത്തിലൊപ്പമെത്തി

പള്ളിയും, പിന്നെ, പള്ളിക്കൂടവും
ഗാനവും, പോരാ, ഗായകസംഘവും
യുവതയും, അല്ല, യുവജനപ്രസ്ഥാനവും
അന്നുമെൻ ജീവിത ഭാഗമായിരുന്നു

അൽപം രാഷ്ട്രീയവും മേമ്പൊടി ആത്മീയവും
കലാലയ ജീവിതത്തിലെൻ ഭാഗമായ്
കലയും കളിയും അതിനൊപ്പമായ്
അതിലൂടെ ഞാൻ സന്തോഷവാനായ്

മരുഭൂവിൻ വരണ്ട വഴികളിലൊരിടത്തു
മരുപ്പച്ചയായ്, ഒരു കുളിർത്തെന്നലായ്
സ്നേഹസാന്ത്വനമായ്, എന്റെ വീണ്ടെടുപ്പായ്
സ്നേഹതാതനെൻ ജീവനാഥനായ് മാറി

ഇനിയുമെൻ കാലുകൾ ഇടറിയാലും
ഈ വഴികളിൽ ഇരുളേറിയാലും
ഈ പ്രപഞ്ചം കീഴ്മേൽ മറിഞ്ഞാലും
യേശു മാത്രമെൻ വഴിയും ആത്മസഖിയും

ഇന്നു ഞാൻ നന്ദിയോടെ സ്മരിക്കുന്നു
എനിക്കായ് കണ്ണീരൊഴുക്കിയ മാതാപിതാക്കളെ
ഇന്നെനിക്കൊന്നേ ഓർപ്പിക്കാനുള്ളൂ
കണ്ണീരോടെ പ്രാർത്ഥിക്ക നാം മക്കൾക്കായ്

അനുഭവക്കുറിപ്പ്

# വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും

ബിജോ മാത്യു അലക്സാണ്ടർ



പത്തനംതിട്ട ജില്ലയിലെ തിരുവല്ല എന്ന പട്ടണത്തിൽ നിന്നും 6 കി.മീ. അകലെ പാമല എസ്റ്റേറ്റ് എന്ന സ്ഥലത്ത് വളരെ സാധാരണക്കാരായ അദ്ധ്യാപക ദമ്പതികളുടെ രണ്ടാമത്തെ മകനായി ജനിച്ചു. എനിക്കു 6 മാസം പ്രായമുള്ളപ്പോൾ ന്യുമോണിയ ബാധിച്ച് അടുത്തുള്ള ഒരു സ്വകാര്യ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യപ്പെട്ടു. ഡോക്ടർമാർ പോലും രക്ഷപ്പെടുമോ എന്നു സംശയിച്ചപ്പോൾ അത്ഭുതകരമായി സർവ്വശക്തനായ ദൈവം എന്നെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവന്നു. പിന്നീട് ജീവിതത്തിന്റെ ഓരോ പടവുകൾ മുന്നോട്ട് പോകുമ്പോഴും പല വിധത്തിലുള്ള അപകടങ്ങളും മറ്റും ഞാൻ നേരിട്ടുണ്ട്. ഒരിക്കൽ തൊടുപുഴ എന്ന സ്ഥലത്ത് വെച്ച് ഞാൻ ഓടിച്ചിരുന്ന എന്റെ ജീപ്പ് മറിഞ്ഞു. റോഡിൽ കൂടി നാലഞ്ചു കരണം മറിഞ്ഞതിനു ശേഷം റോഡിന്റെ വക്കിലുള്ള ഒരു മരകുറ്റിയിൽ ഉടക്കിനിന്നു. അങ്ങനെ സംഭവിച്ചില്ലായിരുന്നു എങ്കിൽ അഗാധമായ ഒരു കുഴിയിലേക്ക് മറിഞ്ഞുപോകുമായിരുന്നു. എന്റെ മാതാവും എന്റെ പിതാവിന്റെ രണ്ടു സഹോദരന്മാരും രണ്ടു സഹോദരിമാരും ആ വാഹനത്തിൽ ഉണ്ടായിരുന്നു. ഞങ്ങൾക്കെല്ലാവർക്കും സാരമായ പരുക്കുകൾ പറ്റി എങ്കിലും ആർക്കും ജീവഹാനി സംഭവിച്ചില്ല. അങ്ങനെ പറയാൻ കാരണം ആ വാഹനം കണ്ടവരെല്ലാം പറഞ്ഞത് ആരും രക്ഷപ്പെടാൻ സാധ്യത ഇല്ല എന്നാണ്. എന്നാൽ വലിയവനായ ദൈവം അത്ഭുതം പ്രവർത്തിക്കുക ആണ് ഉണ്ടായത്.

വിദ്യാഭ്യാസ കാലത്ത് 10-ാം ക്ലാസ് വരെ നല്ല നിലവാരത്തിൽ പഠിച്ച ഞാൻ പിന്നീട് പലപ്പോഴും നല്ലതുപോലെ ഉഴപ്പാൻ പഠിക്കുക ആണ് ഉണ്ടായത്. ഉപരിപഠനം പൂർത്തിയാക്കിയ ഞാൻ ജോലി തേടി ബാംഗ്ലൂരിൽ എന്റെ സഹോദരന്റെ അടുത്ത് ചെല്ലുകയുണ്ടായി. അദ്ദേഹം ഒരു ഐ.ടി. കമ്പനിയിൽ സോഫ്റ്റ് വെയർ എഞ്ചിനീയർ ആയി ജോലി നോക്കുകയായിരുന്നു. എന്റെ കൂട്ടുകെട്ടുകൾ തെറ്റായ ദിശയിലേക്ക് നീങ്ങുന്നു എന്ന ഒരു സാഹചര്യം വന്നപ്പോഴാണ് എന്റെ മാതാപിതാക്കൾ ആവശ്യപ്പെട്ട പ്രകാരം എന്റെ സഹോദരൻ എന്നെ ബാംഗ്ലൂരിനു കൊണ്ടുപോയത്. അവിടെ പല കമ്പനികളിൽ ഞാൻ ജോലിചെയ്തു. പക്ഷേ ജോലിയെക്കുറിച്ചുള്ള ഒരു താൽപ്പര്യം എനിക്കു തീരെ ഇല്ലായിരുന്നു. കാരണം ഞാൻ ചെന്ന് ഒരു മാസത്തിനകം എന്റെ സഹോദരൻ ഇംഗ്ലണ്ടിലേക്ക് പോവുകയുണ്ടായി. അദ്ദേഹം പോയപ്പോൾ എ.ടി.എം. കാർഡ് എന്നെ ഏൽപ്പിച്ചിട്ട് ആണ് പോയത്. അതിനാൽ പണത്തിനു യാതൊരു വിധ ബുദ്ധിമുട്ടും അറിഞ്ഞിരുന്നില്ല. എന്നാൽ 2-3 വർഷങ്ങൾ കഴിഞ്ഞപ്പോഴാണ് എന്റെ പ്രായവും കടന്നുപോകുന്നു എന്ന കാര്യം ഞാൻ തിരിച്ചറിഞ്ഞത്. പിന്നീട് ഞാൻ ഒരു പ്രൈവറ്റ് കമ്പനിയിൽ മാന്യമായ ശമ്പളത്തിൽ ജോലിക്ക് കയറി. ആ സമയത്ത് വിവാഹത്തെ കുറിച്ചുള്ള ചിന്ത എന്റെ മനസ്സിൽ തോന്നി തുടങ്ങി. ഞാൻ എന്റെ മാതാവിന്റെ അടുക്കൽ ആ കാര്യം അവതരിപ്പിച്ചു, പിതാവിന്റെ അടുക്കൽ പറയുവാനുള്ള ജാള്യത

മാത്രമായിരുന്നില്ല മറിച്ച് എന്റെ മിക്ക ആവശ്യങ്ങൾക്കും അമ്മയായിരുന്നു മീഡിയേറ്റർ, കാരണം ഞാനും പിതാവുമായി അത്യാവശ്യ സംസാരം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അമ്മ മുഖേന വിവാഹത്തെക്കുറിച്ചുള്ള ആഗ്രഹം അറിഞ്ഞ എന്റെ പിതാവിന്റെ മറുപടി എന്നെ വളെരെയധികം ചിന്തിപ്പിക്കുന്ന ഒന്നായിരുന്നു. സ്വന്തം കാലിൽ നിൽക്കുവാനും വിവാഹം കഴിക്കുന്ന പെണ്ണിനെ മാന്യമായി പോറ്റുവാനും പ്രാപ്തിയുണ്ട് എന്ന് പൂർണ്ണ വിശ്വാസം ഉണ്ടെങ്കിൽ മാത്രമേ അതിനു തുനിയാവൂ എന്നാണ് എന്റെ പിതാവ് പറഞ്ഞത്. ഞാൻ അപ്പോഴാണ് എനിക്ക് കിട്ടുന്ന ശമ്പളത്തിൽ ബാംഗ്ലൂർ പോലെയുള്ള മെട്രോ നഗരത്തിൽ കുടുംബമായി ജീവിക്കാൻ പറ്റുമോ എന്ന് അലോചിച്ചത്. പിന്നീട് ഞാൻ വിവാഹസങ്കൽപം തൽക്കാലത്തേക്ക് മനസ്സിൽ നിന്നും മാറ്റി നിർത്തി.

ആ സമയത്തണ് ദുബായിൽ ഉള്ള എന്റെ ഒരു സഹോദരി (ആന്റിയുടെ മകൾ) കുടുംബമായി ബാംഗ്ലൂർ സന്ദർശിക്കുവാൻ എത്തിയത്. അവർ മടങ്ങിയപ്പോൾ എനിക്കു ഒരു വിസിറ്റ് വിസ എടുത്ത് തരുമോ എന്ന ആഗ്രഹം ഞാൻ സഹോദരിയൊട് പറഞ്ഞു. അവർ ദുബായിൽ തിരികെ എത്തി 2 മാസം കഴിഞ്ഞപ്പോൾ വിസിറ്റ് വിസ എനിക്കു അയച്ചു തന്നു. ദുബായിൽ പോകണം എന്ന ആഗ്രഹം അത്ര പെട്ടന്ന് സാദ്ധ്യമാകും എന്ന് ഞാൻ പോലും കരുതിയിരുന്നില്ല. എന്നാൽ എന്റെ ആവശ്യങ്ങളും ആഗ്രഹങ്ങളും മുന്നറിഞ്ഞ ദൈവം എന്റെ ജീവിതത്തെ ഒരു പുതിയ വഴിത്തിരിവിലേക്ക് മാറ്റുകയായിരുന്നു.

ദുബായിൽ എത്തിയ ഞാൻ എന്റെ സഹോദരിയുടേയും കുടുംബത്തിന്റേയും കൂടെയായിരുന്നു താമസം. ചെറുപ്പത്തിൽ ഞാൻ തള്ളിപ്പറഞ്ഞ ദൈവത്തെ ഞാൻ അനുഭവിച്ചറിയാൻ തുടങ്ങിയത് ആ സമയത്താണ്. വിസിറ്റ് വിസയിൽ എത്തിയ ഞാൻ പല സ്ഥലത്തും ഇന്റർവ്യു കൊടുത്തു. പലയിടത്തു നിന്നും വളരെ പോസിറ്റിവ് ആയ രീതിയിൽ മറുപടി കിട്ടി. എന്നാൽ അവസാനനിമിഷം എല്ലാം തട്ടി മാറ്റപ്പെടുന്ന ഒരു അവസ്ഥയാണ് എനിക്കുണ്ടായത്. ഞാൻ വളെരെയധികം ഭാരപ്പെട്ട് ദിവസങ്ങൾ തള്ളി നീക്കി. അങ്ങനെ വിസയുടെ കാലാവധി രണ്ടുമാസം പൂർത്തിയായപ്പോൾ ഒരു മാസം കൂടി ഞാൻ വിസ നീട്ടി. തിരികെ വീട്ടിൽ എത്തിയ ഞാൻ ഉച്ചഭക്ഷണം കഴിഞ്ഞ് സഹോദരിയുമായി വിസയുടെ കാലാവധി ഇനി ഒരു മാസം കൂടിയേ ഉള്ളുവല്ലോ എന്നും അതിനുള്ളിൽ ജോലി ഒന്നും ലഭിച്ചില്ല എങ്കിൽ എങ്ങനെ മടങ്ങിപോകും എന്നൊക്കെ ചർച്ച ചെയ്യാൻ തുടങ്ങി. അപ്പോൾ അവർ പറഞ്ഞ വാചകം എന്റെ മനസ്സിനെ ധൈര്യപെടുത്തുന്ന ഒന്നായിരുന്നു. **“വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും, രക്ഷിപ്പാൻ കഴിയാത്തവണ്ണം അവന്റെ കൈകൾ കുറുകീട്ടില്ല”.**

എന്നാൽ മാനസികമായി തകർന്ന ഞാൻ വലിയ വായിൽ കരയുകയാണുണ്ടായത്. എന്റെ ദൈവം എന്നെ ഇങ്ങനെ ശിക്ഷിക്കുവാൻ തക്കവണ്ണം എന്തു പാപമാണ് ഞാൻ ചെയ്തത് എന്നു പറഞ്ഞു തറയിൽ കമിഴ്ന്നു കിടന്നു ഉറക്കെ കരയുവാൻ തുടങ്ങി. അപ്പോഴും എന്റെ സഹോദരി എന്നോട് പറഞ്ഞത്. **“നിനക്കു വേണ്ടി കരുതുന്ന ദൈവം നിന്റെ ആവശ്യങ്ങൾ അറിഞ്ഞ് തക്ക സമയത്ത് പ്രവർത്തിച്ചു കൊള്ളും”** എന്നാണ്. ആ സമയം എന്റെ മൊബൈൽ റിംഗ് ചെയ്യുവാൻ തുടങ്ങി. കരച്ചിൽ കടിച്ചമർത്തി ഞാൻ ഫോൺ എടുത്തു. മറുതലക്കൽ ഉണ്ടായിരുന്ന ആൾ എന്നോട് ചോദിച്ചു താങ്കൾ എവിടെയെങ്കിലും ജോലിയിൽ പ്രവേശിച്ചുവോ എന്ന്. ഇല്ല എന്നു ഞാൻ മറുപടി പറഞ്ഞപ്പോൾ ഒരു

മണിക്കൂറിനുള്ളിൽ ഞങ്ങളുടെ ഓഫീസിൽ എത്തിയാൽ ബോസിനെ കാണാം എന്നു പറഞ്ഞു. ഞാൻ സഹോദരിയുടെ ഭർത്താവിനെയും കൂട്ടി അര മണിക്കൂറിനുള്ളിൽ അവിടെ എത്തി. ആ കമ്പനിയുടെ ബോസിനെ കണ്ടു. 5 മിനിറ്റ് നേരം മാത്രമേ സംസാരിച്ചുള്ളൂ അടുത്തദിവസം മുതൽ ജോലിക്ക് കയറി കൊള്ളാൻ അദ്ദേഹം എന്നോട് പറഞ്ഞു. ഞാൻ ദുബായിൽ എത്തി ആദ്യദിവസങ്ങളിൽ ഇന്റർവ്യൂ കൊടുത്ത കമ്പനികളിൽ ഒന്നായിരുന്നു അത്.

ജോലി കിട്ടി ഒരു വർഷത്തിനുശേഷം എന്റെ വിവാഹം നടക്കുകയുണ്ടായി. വിവാഹം കഴിഞ്ഞ് 3 മാസങ്ങൾക്ക് ശേഷം ഞാൻ എന്റെ ഭാര്യയെ ഇവിടെ കൊണ്ടുവന്നു. എന്നാൽ വീണ്ടും ചില പരീക്ഷണങ്ങളിൽ കൂടി കടന്നുപോകുന്ന അവസ്ഥ ഞങ്ങൾക്ക് അനുഭവിക്കേണ്ടിവന്നു. എന്റെ ഭാര്യ ഇവിടെ എത്തി ഒരു മാസത്തിനു ശേഷം ഒരു പ്രൈവറ്റ് കമ്പനിയിൽ സെക്രട്ടറിയായി ജോലിയിൽ പ്രവേശിച്ചു. അങ്ങനെയിരിക്കുമ്പോഴാണ് എനിക്കു പുതിയ ഒരു ജോലിയുടെ ഓഫർ കിട്ടുന്നത്. ഞാൻ എന്റെ കമ്പനിയിൽ ലെറ്റർ കൊടുത്ത് ഒരു മാസത്തെ സാവകാശം പുതിയ കമ്പനിയിൽ നിന്നും ആവശ്യപ്പെട്ടു. എന്നാൽ ചില തടസ്സങ്ങൾ കാരണം, എനിക്കു പറഞ്ഞസമയത്ത് പുതിയ കമ്പനിയിൽ ജോലിക്ക് പ്രവേശിക്കാൻ സാധിച്ചില്ല. അഞ്ച് ദിവസം താമസിച്ചത് കാരണം എനിക്ക് ആ ജോലി നഷ്ടപ്പെടുകയും ചെയ്തു. ഞാൻ പിന്നീട് പല ഇന്റർവ്യൂവിനു പോകുകയുണ്ടായി, അതോടോപ്പം മടങ്ങി വീട്ടിലെത്തികഴിഞ്ഞാൽ ഞാൻ എന്റെ ദൈവത്തോട് മുട്ടിന്മേൽ നിന്ന് കണ്ണീരോടെ പ്രാർത്ഥിക്കുമായിരുന്നു. ശരിക്കും ഞാൻ കരഞ്ഞു പ്രാർത്ഥിക്കുന്നത് എങ്ങനെയെന്ന് അറിയുന്നതും അതിന്റെ വിത്യാസം മനസ്സിലാക്കുന്നതും അപ്പോഴാണ്. ഞാനും എന്റെ ദൈവവും മാത്രമായി സംവേദിക്കുന്ന ഒരു അനുഭവം ആയിരുന്നു അത്. വാഗ്ദത്തങ്ങളിൽ വിശ്വസ്തനും വാക്കു മാറാത്തവനുമായ സ്വർഗ്ഗീയ പിതാവിന്റെ സ്നേഹവും കരുതലും ഞാൻ വീണ്ടും അനുഭവിച്ചറിഞ്ഞ ദിവസങ്ങൾ ആയിരുന്നു അത്. അത്ഭുതം എന്നു പറയട്ടെ എനികു നഷ്ടപ്പെട്ടതിലും വളെരെ മെച്ചപ്പെട്ട ഒരു ജോലി ഒരാഴ്ചക്കുള്ളിൽ ലഭിക്കുകയുണ്ടായി ദൈവാനുഗ്രഹത്താൽ ഞാൻ ആ കമ്പനിയിൽ ഇപ്പോഴും തുടരുന്നു. ഇന്നു ഞങ്ങൾ വളെരെ സന്തുഷ്ടമായ ഒരു കുടുംബജീവിതവും ആത്മീയജീവിതവും നയിക്കുന്നു. അതോടൊപ്പം ദൈവം രണ്ടു കുഞ്ഞുങ്ങളേയും ദാനമായി നൽകി. ഇപ്പോഴും അൽപം ലൗകിക സുഖങ്ങളിൽ വീണുപോകുമ്പോൾ ദൈവം ചെറിയ ശിക്ഷകളിലൂടെയും പരീക്ഷകളിലൂടെയും ഞങ്ങളെ മുമ്പോട്ട് നയിക്കുന്നു. എന്നാൽ കണ്ണീരോടെയുള്ള പ്രാർത്ഥന ഒരിക്കൽ പോലും പാഴാക്കാത്ത അവസ്ഥയാണ് ഇന്ന് ഞങ്ങൾക്കുള്ളത്. അതോടൊപ്പം അങ്ങേയറ്റം ആത്മീയതനിറഞ്ഞും മറ്റുള്ളവർക്ക് വേണ്ടി കണ്ണീരോട് കൂടി പ്രാർത്ഥിക്കുകയും ചെയ്യുന്നതായ ഒരു ഏരിയ പ്രയർ ഗ്രൂപ്പിൽ അംഗമാണെന്നുള്ളതും എന്റെയും കുടുംബത്തിന്റെയും ഏറ്റവും വലിയ ദൈവാനുഗ്രഹം ആയും ഞങ്ങൾ കരുതുന്നു

അതിനാൽ എല്ലായ്പ്പോഴും ദൈവത്തിൽ വിശ്വസ്ഥരായിരിക്കുക നന്മയല്ലാതൊന്നും നമ്മുടെ താതൻ നമ്മോട് ചെയ്യുകയില്ല. ബുദ്ധിമുട്ടുകൾ വരുമ്പോൾ പൂർണ്ണമായും യഹോവയിൽ അർപ്പിച്ച് പ്രാർത്ഥിക്കുക. **അവങ്കലേക്ക് നോക്കിയവർ ആരും ലജ്ജിതരായില്ല** എന്ന് അരുളിചെയ്ത കർത്താവ് നമ്മുടെ പ്രാർത്ഥനകളും യാചനകളും കേൾക്കാതിരിക്കയില്ല. ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

കൺവെൻഷൻ റിപ്പോർട്ട്

# നിന്റെ ഗൃഹകാര്യം ക്രമത്തിൽ ആക്കുക...

തയ്യാറാക്കിയത്: ജിലേഷ് ചെറിയാൻ

ദൈവേഷ്ടമാകയാൽ ഈ വർഷത്തെ ഷാർജാ സി.എസ്.ഐ കൺവെൻഷൻ സെപ്റ്റംബർ 12 മുതൽ 15 വരെ നടത്തുവാൻ കഴിഞ്ഞു. അനേകരെ കർത്താവിന്റെ രണ്ടാമത്തെ വരവിനു വേണ്ടി ഒരുക്കാൻ കഴിഞ്ഞു എന്നുള്ളത് ഈ കൺവെൻഷന്റെ അനുഗ്രഹം ആയി കരുതുന്നു. ഈ കൺവെൻഷനിൽ, വചനവുമായി എത്തിയത്, സുപ്രസിദ്ധ കൺവെൻഷൻ പ്രാസംഗികനായ ബ്രദർ ബാബു പുല്ലാട് ആയിരുന്നു. തന്റെ അനുഭവസാക്ഷ്യത്തിൽ കൂടെയും, അനേക ക്രിസ്തീയഭക്തന്മാരുടെ ഹൃദയം നുറുങ്ങിയ അനുഭവങ്ങളിലൂടെയും, കർത്താവിന്റെ രണ്ടാമത്തെ വരവിനെപ്പറ്റി ഈ ദിവസങ്ങളിൽ അദ്ദേഹം പ്രസംഗിച്ചു. 2 രാജാ. 20ാം അദ്ധ്യായത്തെ അധാരമാക്കി ഹിസ്കീയാവിന്റെ ജീവിതത്തിലൂടെ അത്മീയജീവിതം ക്രമപ്പെടുത്തുവാൻ നാം എങ്ങനെ ഒരുങ്ങേണം എന്നതിനെ കുറിച്ചായിരുന്നു വചനധ്യാനം. വചനത്തിൽ യഹോവ ഹിസ്കീയാവിനോട് ഇപ്രകാരം അരുളിചെയ്യുകയാണ്, നിന്റെ ഗൃഹകാര്യം ക്രമത്തിൽ ആക്കുക. യഹൂദയുടെ 13 ാമത്തെ രാജാവായിരുന്നു ഹിസ്കീയാവ്, 25 ാമത്തെ വയസ്സിൽ രാജഭരണം ഏറ്റെടുത്തു. 14 വർഷം കൊണ്ട് പ്രശസ്തിയുടെ കൊടുമുടിയിൽ എത്തി. എന്നാൽ തന്റെ 33ാമത്തെ വയസ്സിൽ ദൈവം കൊടുത്ത ഒരു മുന്നറിയിപ്പ് ആണ് ഈ വർഷത്തെ കൺവെൻഷനിന്റെ ആധാര വാക്യം. ബാഹ്യമായ ചുറ്റുപാടുകൾ ഒക്കെ വളരെ മനോഹരം, എന്നാൽ രാജാവ് പ്രതീക്ഷിക്കാത്ത ഒരു അതിഥി തന്റെ കൊട്ടാരത്തിൽ കാലു കുത്താൻ പോകുന്നു എന്ന ദൈവത്തിന്റെ അരുളപ്പാട്. ആ അതിഥിയെ നീ സന്ധിക്കുന്നതിനു മുൻപേ ചില കാര്യങ്ങൾ നീ ക്രമപ്പെടുത്തേണ്ടതുണ്ട് അപ്രതീക്ഷിതമായി നമ്മുടെ വീടുകളിലേക്ക് രണ്ടു അതിഥികളെ സന്ധിക്കുവാൻ ഈ കൺവെൻഷനിൽ കൂടി നാം തയ്യാറെടുക്കുകയാണ്. ഒന്ന് മരണം, രണ്ട് യേശുവിന്റെ രണ്ടാമത്തെ വരവ്. മരണത്തിന്റെ ദൂതൻ നിന്റെ അടുത്ത് നിൽക്കുകയാണ് അതുകൊണ്ട് നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക. മരണം എന്ന പദത്തിന്റെ അർത്ഥം? അകൽച്ച, വേർപാട്. ദൈവത്തിൽ നിന്ന് മനുഷ്യൻ അകന്നിടത്തോളം കാലം ദൈവം ഇതിനെ മരണം എന്നു വിളിക്കുന്നു. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക എന്നുവെച്ചാൽ അതിന്റെ അർത്ഥം നിങ്ങളുടെ ആത്മീയഗൃഹം ക്രമത്തിലാക്കുക എന്നാണ്. പ്രധാനമായും അഞ്ച് കാര്യങ്ങൾ ആണ് നമ്മുടെ അത്മീയ ജീവിതത്തിലെ ഗൃഹകാര്യം ക്രമത്തിൽ ആക്കേണ്ടതിനു വചനം നമ്മെ പഠിപ്പിക്കുന്നത്.

**1. ജീവിതം ക്രമത്തിൽ ആക്കണം (Set your Life in order)**

ക്രിസ്തീയകുടുംബജീവിതത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ജീവിതം ക്രമീകരിക്കുക എന്നുള്ളത്. ജീവിതം ക്രമീകരിക്കുന്നതിനു 3 കാര്യങ്ങൾ ക്രമീകരിക്കണം എന്നു വചനം നമ്മെ പഠിപ്പിക്കുന്നു. (1) യേശുക്രിസ്തുവുമായി ജീവിതം ബന്ധിപ്പിക്കപ്പെടണം (എങ്ങനെ ബന്ധിപ്പിക്കണം? യേശുവിനെ കർത്താവും രക്ഷിതാവുമായി ഹൃദയം കൊണ്ട് ഏറ്റുപറയണം, ദൈവം ഉയിർത്ത് എഴുന്നേറ്റു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കണം) (2) ദൈവചനവുമായി ജീവിതം ബന്ധിപ്പിക്കണം, ദൈവവചനം ആണ് ക്രിസ്തീയകുടുംബജീവിതത്തിന്റെ അടിസ്ഥാനഘടകം. (3) പ്രാർത്ഥനയും, ആരാധയും ആയി നമ്മുടെ ജീവിതം ബന്ധിപ്പിക്കണം. ദൈവസന്നിധിയിൽ കരഞ്ഞ് പ്രാർത്ഥിക്കാൻ നമുക്ക്

കഴിയണം, ദൈവമക്കൾ എവിടെ കരഞ്ഞ് പ്രാർത്ഥിച്ചിട്ടുണ്ടോ? അവിടെ ദൈവം പ്രവർത്തിച്ചിട്ടുണ്ട്. മനുഷ്യന്റെ കണ്ണുനീരിനെ മറികടക്കാൻ ഒരിക്കലും ദൈവത്തിനു കഴിയുകയില്ല.

ദൈവവചനം ആണ് ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാനഘടകം, 1പത്രോസ് 1:23 ൽ ഇപ്രകാരം, പറയുന്നു കെടുന്ന ബീജത്താലല്ല, കെടാത്തതിനാൽ ജീവനുള്ളതും നിലനിൽക്കുന്നതുമായ ദൈവവചനത്താൽ തന്നെ നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു. അതാണ് വീണ്ടുംജനനം. വീണ്ടും ജനനം നടക്കണം എങ്കിൽ, കെടാത്ത ബീജം ആകുന്ന ദൈവവചനം ഹൃദയം ആകുന്ന ഗർഭപാത്രത്തിൽ വീണ് പരിശുദ്ധാത്മാവിനാൽ ജനനം നടക്കണം. അപ്പോഴാണ് വീണ്ടുംജനനം നടക്കുന്നത്. ക്രിസ്തുവാകുന്ന പാറയിൽ അടിസ്ഥാനം ഇട്ട ജീവിതം ആയിരിക്കണം ക്രിസ്ത്യാനിയുടേത്. കുഞ്ഞുനാളിൽ നാം കേട്ട ദൈവവചനം, ഇന്നു പല തെറ്റുകളിൽ നിന്നും നമ്മെ മോചിപ്പിക്കുന്നു. വചനം അത്ര ശക്തമായി നമ്മിൽ ഇടപെടുന്നു. ഇന്നു കുഞ്ഞുങ്ങളെ ദൈവവചനം പഠിപ്പിക്കാൻ എത്ര മാതാപിതാക്കൾ ശ്രമിക്കാറുണ്ട്. സങ്കീ. 119:9 ൽ ഇപ്രകാരം പറയുന്നു **''ബാലൻ തന്റെ നടപ്പിനെ നിർമ്മലമാക്കുന്നത് എങ്ങനെ, തന്റെ വചന പ്രകാരം അതിനെ സൂക്ഷിക്കുന്നതിനാൽ തന്നെ''**. പ്രശസ്ഥനായ കുട്ടികളുടെ കവിയായ കുഞ്ഞുണ്ണി മാഷ് ഇപ്രകാരം പാടുന്നു, **''വായിച്ചു വളർന്നാൽ വിളയും, വായിക്കാതെ വളർന്നാൽ വളയും''** നമ്മുടെ കുഞ്ഞുങ്ങൾ വളയുകയാണോ? വിളയുകയാണോ? കുഞ്ഞുങ്ങളെ ദൈവഭയത്തിൽ വളർത്തുക.

**2. ബന്ധങ്ങൾ ക്രമത്തിൽ ആക്കണം (Set your relationship in order)**

അതിനു ദൈവത്തിന്റെ അനുഗ്രഹം പ്രാപിക്കണം, അതിനു വേണ്ടി ചില നിരപ്പിന്റെ അനുഭവം ആവശ്യമാണ്, ഊഷ്മളമായ ബന്ധങ്ങൾക്ക് മൂന്ന് ഘടകങ്ങൾ ആവശ്യമാണ്. 1) കരുതൽ (sharing), 2) പങ്കിടൽ (caring), 3) മറ്റുള്ളവരെ ശ്രേഷ്ഠർ (Harmony) എന്നു കരുതുക. ഇതും മൂന്നും കൂടി ചേരുമ്പോൾ ആണ് ക്രിസ്തീയജീവിതത്തിൽ അനുഗ്രഹങ്ങൾ ഉണ്ടാകുന്നത്. ആരോടെങ്കിലും നിനക്കു ക്ഷമിക്കാനുണ്ടെങ്കിൽ ഇത് അവരോട് ക്ഷമിക്കാൻ ഉള്ള അവസരം ആണ്, ദൈവം അതാണ് ഇന്നു ആഗ്രഹിക്കുന്നത്. നിരപ്പിന്റെ അനുഭവം നിന്റെ ജീവിതത്തിൽ ഇന്നു ഉണ്ടാകുമോ? നിങ്ങളുടെ ബന്ധങ്ങൾ ക്രമത്തിൽ ആക്കുക.

**3. ഉത്തരവാദിത്തങ്ങൾ ക്രമത്തിൽ ആക്കണം (Set your responsibilities in order)**

2രാജ. 7:9 മനുഷ്യൻ ഉത്തരവാദിത്തബന്ധിതൻ എന്നാണ് വചനം നമ്മെ പഠിപ്പിക്കുന്നത് എനിക്ക് എന്റെ കുടുംബത്തോട് ഒരു ഉത്തരവാദിത്വം ഉണ്ട്, എനിക്ക് എന്റെ സഭയോട് ഒരു ഉത്തരവാദിത്തം ഉണ്ട്. എനിക്ക് എന്റെ സമൂഹത്തോട് ഒരു ഉത്തരവാദിത്തം ഉണ്ട്. എനിക്ക് ദൈവരാജ്യത്തോട് ഒരു ഉത്തരവാദിത്തം ഉണ്ട്. ഒരു ക്രിസ്തീയ വിശ്വാസിക്ക് മറ്റുള്ളവരോട് സുവിശേഷം അറിയിക്കാൻ ഉള്ള ഉത്തരവാദിത്തം ഉണ്ട്. നിങ്ങളുടെ ഉത്തരവാദിത്തങ്ങൾ ക്രമത്തിൽ ആക്കുക.

**4. നിങ്ങളുടെ പ്രത്യാശ ക്രമത്തിൽ ആക്കുക (Set your hope in order)**

ക്രിസ്തീയജീവിതത്തിൽ നമ്മുടെ പ്രത്യാശ എങ്ങനെ ആയിരിക്കണം, അതിനുവേണ്ടി 4 കാര്യങ്ങളിൽ നമുക്ക് ഉറപ്പ് ഉണ്ടായിരിക്കണം. ഇയ്യോബ് 19:25-27 വാക്യങ്ങളിലൂടെ നമുക്ക് ഒന്നു കണ്ണോടിക്കാം. ഒന്നാമതായി, വചനം നമ്മെ പഠിപ്പിക്കുന്നത് 1) ''എനിക്ക് ഒരു

വീണ്ടെടുപ്പുകാരൻ ഉണ്ട്'' 2) ആ വീണ്ടെടുപ്പുകാരൻ ജീവിക്കുന്നു 3) അവൻ ഈ ഭൂമിയിൽ നിൽക്കുന്നു 4) ഞാൻ അവനെ മുഖാമുഖമായി കാണും. ഈ 4 കാര്യങ്ങൾ ജീവിതത്തിൽ പാലിക്കപ്പെടുമ്പോൾ നമ്മുടെ പ്രത്യാശ ക്രമപ്പെടുത്തുവാൻ സാധിക്കും. എന്താണ് വീണ്ടെടുപ്പ് അന്ന വാക്കിന്റെ അർത്ഥം? നമുക്ക് ഒന്നു പരിശോധിക്കാം, വീണ്ടെടുപ്പ് എന്നാൽ അന്യാധീനമായി പോയ ഒരു വസ്തുവിനേയോ, വ്യക്തിയേയോ, തക്കതായ വില കൊടുത്ത് മടക്കി വാങ്ങിക്കുക. ആദിമ മാതാപിതാക്കൾ പാപം ചെയ്തതിന്റെ ഫലമായി ഇന്നും തലമുറ തലമുറയായി പാപത്തിനു അടിമകളായി ജനിക്കുകയാണ് ഈ മനുഷ്യനെ മടക്കി പുത്രത്വത്തിന്റെ പദവിയേലേക്ക് കൊണ്ടുവരണം എങ്കിൽ തക്കതായ പ്രതിഫലം കൊടുക്കേണ്ടിവരും.

**5. നമ്മുടെ കുടുംബ ജീവിതങ്ങളെ ക്രമത്തിലാക്കണം (Set your family in order)**

നമ്മുടെ കുടുംബ ജീവിതങ്ങളെ നാലായി തിരിക്കാം. നാം എല്ലാവരും ഇതിൽ ഏതെങ്കിലും ഒന്നിൽ ഉൾപ്പെട്ടവരായിരിക്കും.

**1) Sick family, 2) Hurting family 3) Dying family 4) Blessed family**

എങ്ങനെ ഈ ഭൂമിയിൽ സ്വർഗതുല്യമായ ഒരു കുടുംബം ഉണ്ടാക്കിയെടുക്കാം. യഹോവ ഭക്തന്റെ കുടുംബം ഇങ്ങനെ അനുഗ്രഹിക്കപ്പെടും (സങ്കീ. 128) ആ അനുഗ്രഹിക്കപ്പെട്ട കുടുംബത്തിന്റെ സവിശേഷതകളിലേക്ക് നമുക്ക് കടക്കാം. 1) നന്മയും കരുണയും അവന്റെ കുടുംബത്തിൽ വസിക്കും. (എന്താണ് നന്മ? എന്താണ് ഐശ്വര്യം? ദൈവിക സാന്നിദ്ധ്യത്തിന്റെ ഒരു പ്രതിഫലനം അതാണ് നന്മയും ഐശ്വര്യവും), 2) അവന്റെ ഭാര്യ ഫലപ്രദമായ മുന്തിരിവള്ളി പോലെ ആയിരിക്കണം (എന്താണ് മുന്തിരിവള്ളി? മുന്തിരി എന്നാൽ ശക്തീകരിക്കുന്നതാണ് അല്ലെങ്കിൽ സന്തോഷിപ്പിക്കുന്ന ഒന്നാണ്, ഒരു കുടുംബത്തെ ഒന്നിപ്പിച്ച് ശക്തീകരിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്യുന്ന ഒരാളാണ് ഗൃഹനായിക), 3) അവന്റെ കുഞ്ഞുങ്ങൾ മേശയ്ക്ക് ചുറ്റും ഒലിവ് തൈകൾ പോലെ ആയിരിക്കണം (ഒലിവുതൈ എന്നു പറയുന്നത് മുറിവുകളെ പൊറുപ്പിക്കുന്ന ഒന്നാണ് കുടുംബാംഗങ്ങളുടെ മാനസികമായ മുറിവുകളെ പൊറുപ്പിക്കുന്നത് ഇത്തരത്തിലുള്ള കുഞ്ഞുങ്ങൾ ആണ്). ഇങ്ങനെയുള്ളതായ കുടുംബം കെട്ടിപ്പടുക്കണം എങ്കിൽ, അനുഗ്രഹിക്കപ്പെട്ട കുടുംബം ആയിത്തീരണമെങ്കിൽ 4 ''ഗോൾഡൻ താക്കോലുകൾ'' നമ്മുടെ ജീവിതത്തിൽ ആവശ്യമായി വരുന്നു.

**1) Sacrifice 2) Surrender 3) Satisfy 4) Search**

ക്രിസ്തീയ കുടുംബജീവിതത്തിൽ ഈ നാലു കാര്യങ്ങളും ക്രമത്തിൽ ആക്കിയെങ്കിൽ മാത്രമേ നമ്മെ തന്നെ ദൈവകരങ്ങളിലേക്ക് സമർപ്പിക്കാൻ പറ്റൂ. ദൈവരാജ്യത്തിന്റെ കെട്ടുപണിക്കായി ഒരു നല്ല കുടുംബജീവിതത്തിനു, അതിന്റേതായ ചില നിയമങ്ങളും ചിട്ടകളും ഉണ്ട്. ഭാര്യ എന്ന പദത്തിനു 'നെയ്ത്തുകാരി' എന്ന അർത്ഥമാണ് ഇവിടെ നൽകിയിരിക്കുന്നത്. കുടുംബമാകുന്ന പരവതാനി നെയ്യുന്ന നെയ്ത്തുകാരിയാണ് ഭാര്യ. വലിയ ഉത്തരവാദിത്തം ഭാര്യയിൽ നിക്ഷിപ്തമാണെന്ന് വേദപുസ്തകം പറയുന്നു. എഫെ. 5:22 ''ഭാര്യമാരേ, കർത്താവിനു എന്ന പോലെ നിങ്ങളുടെ സ്വന്ത ഭർത്താവിനു കീഴടങ്ങിയിരിപ്പിൻ''. ഭാര്യ ഭർത്താവിനു കീഴടങ്ങിയിരിക്കുക എന്നു പറയുന്നത്: 1) ധാർമ്മികമായ ഒരു ഉത്തരവാദിത്തം ആണ്, 2) ഒരു അവസരം ആണ് രക്ഷിക്കപ്പെടാത്ത ഭർത്താവിനെ നേടുവാൻ ദൈവംതമ്പുരാൻ തന്നിരിക്കുന്നതായ ഒരു അവസരം ആയി ഇതിനെ കാണാവുന്നതാണ്, 3) ഒരു അലങ്കാരം ആണ്, ബാഹ്യമായ മോടിപിടിപ്പിക്കൽ

അല്ല, സൗമ്യതയാർന്ന ഹൃദയത്തിന്റെ ഉടമയെയാണ് നല്ല അലങ്കാരം കൊണ്ടർത്ഥമാക്കുന്നത്. ഭർത്താവ് എന്ന പദത്തിന്റെ അർത്ഥം 'ക്യാപ്റ്റൻ'. ലോകം ആകുന്ന സാഗരത്തിൽ കൂടി കുടുംബമാകുന്ന നൗക വളരെ ശ്രദ്ധയോട് കൂടി നിയന്ത്രിക്കേണ്ടതായ ഉത്തരവാദിത്തം ഭർത്താവിനു ആണ്. കുടുംബത്തെ അപകടത്തിൽ ഒന്നും അകപ്പെടാതെ, മഞ്ഞുമലകളിൽ തട്ടാതെ മുൻപോട്ട് കൊണ്ടുപോക എന്നത് തന്റെ കരങ്ങളിൽ ആണ് എന്നു മനസ്സിലാക്കണം. എഫെ. 5:25 ൽ ഇപ്രകാരം പറയുന്നു, ''ഭർത്താക്കന്മാരേ, ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവിൻ''. സ്വയം ജീവനെ കൊടുത്തു ക്രിസ്തു സഭയാകുന്ന മണവാട്ടിയെ സ്നേഹിച്ചു, അതുപോലെ ഭാര്യമാരെ സ്നേഹിക്കേണം. ഭാര്യഭർത്താക്കന്മാർ ഒരു കുടുംബത്തിലെ തുല്യ അവകാശികൾ ആണ്. തമ്മിൽ തമ്മിൽ പരസ്പരം മാനിക്കണം.

ദൈവം തമ്പുരാൻ തന്ന ദാനം ആണ് കുടുംബജീവിതം. നമ്മുടെ കുടുംബജീവിതത്തെ മുകളിൽ പറഞ്ഞ ഏതു വിഭാഗത്തിൽപ്പെടുത്താം.... രോഗഗ്രസ്ഥമായ കുടുംബമാണോ? മുറിപ്പെടുത്തുന്ന കുടുംബമാണോ? മരിച്ചുകൊണ്ടിരിക്കുന്ന കുടുംബമാണോ? അനുഗ്രഹിക്കപ്പെട്ട കുടുംബമാണോ? കുടുംബത്തിലെ അംഗങ്ങൾ പരസ്പരം സ്നേഹിക്കുക, കരുതുക, ബഹുമാനിക്കുക, പ്രശ്നങ്ങൾ വരുമ്പോൾ, പ്രതികൂലങ്ങൾ വരുമ്പോൾ ദൈവത്തോട് ആലോചന ചോദിക്കുക, തെറ്റ് പറ്റാത്ത വലിയവനായ ദൈവം നമ്മെ നയിക്കും, അനുഗ്രഹിക്കപ്പെട്ട കുടുംബജീവിതം ദാനമായി നൽകുവാൻ, ഈ ഭൂമിയിൽ മാതൃകാപരമായി മറ്റുള്ളവർക്കു മുൻപിൽ ജീവിക്കുവാൻ, അനുഗ്രഹിക്കപ്പെട്ട തലമുറയെ വാർത്തെടുക്കുവാൻ, അനുഗ്രഹിക്കപ്പെട്ട പാനപാത്രങ്ങളായി രൂപാന്തരപ്പെടുത്തുവാൻ നമ്മുടെ ആത്മീയ ഗൃഹം ഈ പറഞ്ഞ കാര്യങ്ങളിൽ കൂടി ക്രമപ്പെടുത്തുക. അങ്ങനെ ആണെങ്കിൽ നമുക്ക് നമ്മുടെ വ്യക്തിപരമായ ജീവിതത്തിലും, ആത്മീയജീവിതത്തിലും, സർവ്വോപരി, വീണ്ടും വരുന്നവനായ കർത്താവിന്റെ രണ്ടാമത്തെ വരവിനു വേണ്ടി നമുക്ക് ഒരുക്കത്തോട് കാത്തിരിക്കാം. ഈ വലിയ ഒരു ആഹ്വാനം ആണ് 2011 സി. എസ്. ഐ ഷാർജാ പാരിഷ് കൺവെൻഷനിൽ കൂടി വ്യാപരിച്ചത്. തുടർന്നുള്ള നാളുകൾ നമുക്ക് അതിനായി നമ്മെതന്നെ ഒരുക്കാം. ദൈവം നമ്മളെ അനുഗ്രഹിക്കുമാറാകട്ടെ.



## യൂത്ത് പ്രോജക്ട്




ഷാർജ യുവജനപ്രസ്ഥാനത്തിന്റെ പ്രോജക്ട് ആയി രണ്ട് പള്ളികൾ നിർമ്മിച്ച് നൽകുവാൻ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തതിൻ പ്രകാരം ഈസ്റ്റ് കേരള ഡയോസിസിൽ കുളമാവിലും, നോർത്ത് കേരള ഡയോസിസിൽ ചൊരക്കുളത്തും ദേവാലയങ്ങൾ നിർമ്മിക്കുവാൻ തിരഞ്ഞെടുക്കുകയും അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. ഇതിന് നേരിടുന്ന തടസ്സങ്ങൾ മാറുന്നതിനും എത്രയും പെട്ടെന്ന് പണികൾ പൂർത്തീകരിക്കുന്നതിനും ഓരോരുത്തരുടെയും പ്രത്യേക പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

# ജാലക കാഴ്ചകൾ



രാജീവ് മോൻസി വർക്കി

ഇവിടെ ഒരു ജാലകം തുറക്കുകയാണ്. അല്പം വെളിച്ചത്തെ ഇരുൾ നിറഞ്ഞ മുറിയിലേയ്ക്ക് ആനയിക്കുവാൻ... അല്പം ശുദ്ധവായു ഉള്ളിൽ കടക്കുവാൻ... പുറം ലോകത്തിന്റെ കാഴ്ചകൾ മുറിയുടെ സുരക്ഷിതത്വത്തിൽ ഇരുന്നു കാണുവാൻ...



## കവിയുടെ കിളികൾ

ഒരു മനുഷ്യൻ, അയാൾക്ക് ഒരു കവിയുടെ ഹൃദയമായിരുന്നു. പ്രകൃതിയെ അതുല്യം സ്നേഹിച്ചിരുന്നയാൾ. ഒരോ ജീവ ജാലങ്ങളേയും വാത്സല്യത്തോടെ കരുതലോടെ അയാൾ കണ്ടു. കൂട്ടിലടക്കപ്പെട്ട കിളികളെ പലതിനേയും പണം നല്കിയും അല്ലാതെയും അയാൾ സ്വതന്ത്രനാക്കി. കിളികൾ കൂട്ടിലടക്കപ്പെടേണ്ടവയല്ലെന്നും അവ കാനനത്തിന്റെ സംഗീതവും ആകാശത്തിന്റെ സ്വത്തുമെന്നു അയാൾ വിശ്വസിച്ചിരുന്നു. അവയുടെ പാട്ടുകൾ അടക്കപ്പെട്ട കൂട്ടിലല്ല മറിച്ച് പ്രകൃതിയുടെ മടിത്തട്ടിലിരിക്കുമ്പോഴാണ് മാധുര്യമേറുന്നതെന്ന് അയാൾ കരുതിയിരുന്നു. അത് ശരിയുമായിരുന്നു. കാരണം അതിന് സ്വാതന്ത്ര്യത്തിന്റെ മാധുര്യവുമുണ്ടായിരുന്നു.

കാലം മാറവേ അയാൾ കാനനഛായയിലെ ഗ്രാമത്തിൽ നിന്നും മണലാരണ്യത്തിലേക്ക് പറിച്ചു നടപ്പെട്ടു. ഹൃദയത്തെ ഗ്രാമത്തിലുപേക്ഷിച്ച് അയാൾ ജഡമായി ആ മരുഭൂമിയിൽ വസിച്ചു. നാളുകൾ പോകവെ, അയാളുടെ ഗ്രാമത്തിലുള്ള ഒരു സുഹൃത്ത് അയാളെ സന്ദർശിക്കുവാനെത്തി. ആ സുഹൃത്തിന് തന്റെ കണ്ണുകളെ വിശ്വസിക്കുവാൻ കഴിഞ്ഞില്ല. അയാളുടെ മുറിയിൽ തൂങ്ങുന്ന കൂടുകളിൽ, പക്ഷികൾ തടവറയിലാക്കപ്പെട്ടിരുന്നു. കാലത്തിന്റെ കുത്തൊഴുക്കിൽ കവിയ്ക്ക് തന്റെ സ്വത്വം നഷ്ടമായോ? അയാൾക്കെങ്ങനെ ഈ രീതിയിൽ മാറാൻ കഴിഞ്ഞു? സ്വാതന്ത്ര്യത്തിന്റെ വിലയറിയാമായിരുന്ന അയാൾക്ക് തന്റെ ഹൃദയം കൈമോശം വന്നുപോയോ? ചിന്തകൾ കാടുകയറി. ഏതായാലും അദ്ദേഹത്തോടു ചോദിക്കുക തന്നെ. മുറിയിലേക്ക് കടന്നു വന്ന കവി സുഹൃത്തിന്റെ മുഖത്തെ ഭാവമാറ്റം കണ്ടിട്ടും നിശബ്ദനായി തന്റെ കിളികൾക്ക് തീറ്റയും വെള്ളവും നല്കി. നിനക്ക് എങ്ങനെ ഈ രീതിയിൽ മാറുവാൻ കഴിഞ്ഞു? തെല്ലു ദേഷ്യത്തോടെ ആ സുഹൃത്ത് ചോദിച്ചു. നീ എന്തുകൊണ്ട് ഇവയെ കൂട്ടിലടച്ച് തീനും വെള്ളവും നല്കുന്നു? ഈ ആകാശത്തിന്റെ വിരിവും, നിറങ്ങളും, ഋതുക്കളേയും എന്തിന് ഇവയ്ക്ക് നീ നിഷേധിക്കുന്നു? പണ്ട് അയാൾ ചോദിച്ചിരുന്ന അതേ ചോദ്യങ്ങൾ അയാൾക്ക് മുമ്പിൽ വലിച്ചെറിയപ്പെട്ടു.

തെല്ലു ദീർഘനിശ്വാസത്തോടെ കവി ആ മാറ്റത്തിന്റെ കഥ പറഞ്ഞു. പറയുമ്പോൾ അയാളുടെ കണ്ണുകൾ നിറയുന്നുണ്ടായിരുന്നു. സുഹൃത്തേ ഞാനിവിടെ എത്തിയിട്ടും കൂട്ടിലടക്കപ്പെട്ട കിളികൾ എന്നെ അസ്വസ്ഥനാക്കിയിരുന്നു. അങ്ങനെ ഒരു ദിവസം എന്റെ വരുമാനത്തിന്റെ നല്ലൊരു പങ്ക് ചെലവഴിച്ച് ഞാൻ കൂട്ടിലടക്കപ്പെട്ട കുറേ കിളികളെ വാങ്ങി. അവയിൽ ചില കൂടുകൾ തുറന്ന് ആ പക്ഷികളെ ആകാശത്തിന്റെ നീലിമയിൽ സ്വതന്ത്രരാക്കി. പക്ഷേ ആ സ്വാതന്ത്ര്യം അധികസമയം നീണ്ടു നിന്നില്ല. എങ്ങോ മറഞ്ഞു നിന്നിരുന്ന പ്രാപ്പിടിയന്മാർ പറന്നു വന്ന് എന്റെ കണ്മുൻപിൽ വച്ചുതന്നെ അവയെ പിടിച്ചു കൊണ്ടുപോയി. അതിലൊരു

കിളിയുടെ ശിരസ്സറ്റ് എന്റെ മുമ്പിൽ വീണു. അതിന്റെ കണ്ണുകൾ എന്നെത്തന്നെ തുറിച്ചു നോക്കുന്നതായി എനിക്കു തോന്നി. അവയുടെ രോദനവും പ്രാപ്പിടിയന്മാരുടെ ചിലമ്പലും എന്നെ അസ്വസ്ഥനാക്കി, അതുകൊണ്ട് ഞാൻ മറ്റുള്ളവയെ ഈ കൂട്ടിൽ ഇവിടെ സംരക്ഷിക്കുന്നു.

ആ കണ്ണുകൾ ഇന്ന് നമ്മുടെ സമൂഹത്തിൽ നിറയുകയാണ്... പ്രാപ്പിടിയന്മാരും ചെന്നായ്ക്കളും പെരുകുന്നു. **ദൈവമില്ലാത്ത പാപ സ്വാതന്ത്ര്യത്തേക്കാൾ ദൈവകാവലിലെ ബന്ധനം ഏറെ നന്ന്.**

---

കവിത

# അമ്മ

ആഷ്‌ലി മേരി ബിജു



അമ്മ എൻ അമ്മ എൻ ജീവിതത്തിലെ സൗഭാഗ്യം എന്നമ്മ
കരയുമ്പോൾ ആശ്വാസം ഏകുമെന്നമ്മ
എന്തിനും കൂടെ സഹായമായി എന്നമ്മ

മാലാഖമാർ പോലെ എന്നും
കാവലായ് കൂടെയുണ്ടെന്നമ്മ
ദു:ഖത്തിലും സന്തോഷത്തിലും കൂടെ തണലായ് എന്നമ്മ

വഴികാട്ടിയാണെന്നമ്മ...
സന്തോഷമേകാൻ എന്നമ്മ
എന്നും... എന്നും എന്നമ്മ
എന്റെ പൊന്നമ്മ


എന്റെ നിധിയാണെന്നമ്മ
എൻ നന്മയാണെന്നമ്മ
എന്തിനെക്കാളും വിലപ്പെട്ടതാണെന്നമ്മ
എന്നും കൺകണ്ട ദൈവം എന്നമ്മ...

പ്രാർത്ഥനയോടെ കാത്തിരിക്കുമെന്നമ്മ
അനുഗ്രഹം തന്ന് ആശീർവദിക്കുമെന്നമ്മ

എന്റെ അമ്മയുടെ മനസ്സാണ് ഞാൻ ഈ പറഞ്ഞത്. നമ്മുടെ അമ്മമാർ നമ്മെ ഇത്രയും സ്നേഹിക്കുന്നുണ്ടെങ്കിൽ നമുക്ക് അമ്മയെ തന്ന ദൈവം നമ്മെ എത്രമാത്രം സ്നേഹിക്കുന്നുണ്ട്...

അഭിമുഖം

# ജോൺസി അങ്കിളുമായി ഒരല്പ്പ സമയം



തയ്യാറാക്കിയത്: ബിജു തോമസ് ഓവനാലിൽ, ബനെനെറ്റ് യേശുദാസൻ

ഷാർജ സി. എസ്. ഐ. പാരിഷ് ആരംഭിക്കുന്നതിന് മുഖ്യ പങ്ക് വഹിക്കുകയും നമ്മുടെ സണ്ടേസ്കൂളിന്റെ നെടുംതൂണായി തുടക്കം മുതൽ പ്രവർത്തിച്ചു വരുന്ന ശ്രീ. ജോൺ സി. വർഗ്ഗീസ് അങ്കിളുമായി നടത്തിയ അഭിമുഖത്തിന്റെ സംക്ഷിപ്ത രൂപം.

**1) അങ്കിളിന്റെ സ്വദേശം?**

എന്റെ സ്വദേശം മല്ലപ്പള്ളിക്കടുത്തുള്ള പുന്നവേലിയാണ്. ചീരമറ്റം എന്നാണ് ഞങ്ങളുടെ വീട്ടു പേര്. സെന്റ്. ജെയിംസ് സി. എസ്. ഐ. ചർച്ച് പുന്നവേലിയാണ ഞങ്ങളുടെ മാതൃ ഇടവക.

**2) അങ്കിളിന്റെ പഠന കാലഘട്ടത്തെപ്പറ്റി?**

ഇന്നത്തെ 7 –ാം ക്ലാസ്സിനു തുല്യമായ തേർഡ് ഫോം വരെ പുന്നവേലി സ്കൂളിൽ പഠിക്കുകയും, നെടുംകുന്നം ഹൈസ്കൂളിൽ തുടർന്ന് പഠിക്കുകയും 1955 ൽ SSLC പൂർത്തിയാക്കുകയും ചെയ്തു. അതിനു ശേഷം തിരുവല്ല മാർത്തോമ്മ കോളേജിൽ ഇന്റർമീഡിയറ്റും, എസ്. ബി. കോളേജിൽ BA (Economics) ഉം, എറണാകുളം തേവരയിലെ എസ്. എച്ച്. കോളേജിൽ നിന്നും Post Graduation ഉം ചെയ്തു. എസ്. ബി. കോളേജിൽ പഠിക്കുന്ന സമയത്ത് ചങ്ങനാശേരി സി. എസ്. ഐ. ഇടവകയിലെ യുവജനപ്രസ്ഥാനത്തിന്റെ സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചു.

**3) ഔദ്യോഗിക ജീവിതം എവിടെയാണ് ആരംഭിച്ചത്?**

പഠനത്തിനു ശേഷം നേരെ രാജസ്ഥാനിൽ പോവുകയും മാൻ ഇൻഡസ്ട്രിയൽ കോർപ്പറേഷനിൽ ലേബർ വെൽഫെയർ ഓഫീസറായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. മൂന്നു വർഷത്തിനു ശേഷം രാജസ്ഥാൻ ഇലക്ട്രിസിറ്റി ബോർഡിൽ പേഴ്സണൽ ഓഫീസറായി ജോലി തുടർന്നു. ഏകദേശം 14 വർഷം അവിടെ ജെയ്പ്പൂരിലും കൊട്ടായിലും ആയി ജോലി ചെയ്തു.

**4) ആ സമയത്ത് രാജസ്ഥാനിൽ സഭയുണ്ടായിരുന്നോ? ഇല്ലെങ്കിൽ എങ്ങനെയായിരുന്നു തുടക്കം?**

ഞാൻ ജെയ്പൂരിൽ പോയപ്പോൾ അവിടെ ഇംഗ്ലീഷുകാരുടേതല്ലാതെ വേറെ ഹിന്ദി സഭകളേ ഉണ്ടായിരുന്നുള്ളൂ. അപ്പോൾ ഞാൻ അവിടത്തെ മലയാളി ക്രിസ്ത്യാനികളെ ഒരുമിച്ചു കൂട്ടുകയും ആരാധനാ സൗകര്യം വേണമെന്നുള്ള ചിന്ത പങ്കിടുകയും ചെയ്തു. അങ്ങനെ പല സഭാ നേതൃത്വങ്ങളുമായി ബന്ധപ്പെട്ടപ്പോൾ ഡൽഹിയിൽ നിന്നും ഒരു ഓർത്തഡോക്സ് അച്ചനെ ലഭിക്കുകയും എല്ലാ വിഭാഗങ്ങളും ഒരുമിച്ചുള്ള സംയുക്ത ആരാധന ആരംഭിക്കുകയും ചെയ്തു. കാലക്രമേണ ഇതു ഓർത്തഡോക്സ് സഭയായി മാറുകയും ഞങ്ങൾ അതിൽ നിന്നും മാറി ഒരു മാർത്തോമ്മ സഭ ആരംഭിക്കുകയും ചെയ്തു. സി. എസ്. ഐ. ക്കാർ തുലോം വിരളമായിരുന്നു. തുടർന്ന് ഞാൻ രാജസ്ഥാനിലെ തന്നെ കൊട്ടായിലേക്ക് മാറിയപ്പോൾ മാർത്തോമ്മാ സഭയുടെ മറ്റൊരിടവക ആരംഭിക്കുകയും ഗ്രാമങ്ങളിലേക്കുള്ള സുവിശേഷ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിക്കുകയും ചെയ്തു.

**5) എപ്പോഴാണ് യു. എ. ഇ യിലേക്ക് വന്നത്?**

രാജസ്ഥാൻ ഇലക്ട്രിസിറ്റി ബോർഡിൽ ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾ 1978 ലാണ് ദുബായിലേക്ക് വന്നത്. ദുബായ് ഇലക്ട്രിസിറ്റി കമ്പനിയുടെ (ഇന്നത്തെ DEWA) ജെബൽ അലി പവർ സ്റ്റേഷനിൽ 1978 മുതൽ 1993 വരെ അഡ്മിനിസ്ട്രേഷൻ ഓഫീസറായി ജോലി ചെയ്യുകയും തൊട്ടടുത്ത് തന്നെ താമസ്സിക്കുകയും ചെയ്തിരുന്നു.

**6) ദുബായിൽ വന്നതിനു ശേഷം പള്ളിയുമായുള്ള ബന്ധം?**

ദുബായ് സി. എസ്. ഐ. ഇടവക ആരംഭിച്ച സമയത്താണ് ഞാൻ ദുബായിൽ എത്തുന്നത്. ആ സമയത്ത് എം. റ്റി. തര്യൻ അച്ചനായിരുന്നു ഇടവക വികാരി. ഇവിടെ വന്നതു മുതൽ സഭയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാനും കുറച്ചു കാലം കൈക്കാരനായി കമ്മിറ്റിയുമായി ചേർന്നു പ്രവർത്തിക്കുന്നതിനും സാധിച്ചിട്ടുണ്ട്. അപ്പോൾ മുതൽ ദുബായ് ഇടവകയുടെ സണ്ടേസ്കൂൾ വെള്ളിയാഴ്ച്ച 6 മണിക്കും, ആരാധന 7 മണിക്കുമായി നടന്നു വരുന്നു. ആ സമയത്ത് വാഹന ക്രമീകരണങ്ങൾ അധികമില്ലാതിരുന്നതിനാൽ ദുബായിലെ അച്ചനെ അബുദാബിയിലും, അലൈനിലും, റാസൽഖൈമയിലുമൊക്കെ കൊണ്ടുപോകുവാൻ വളരെ സഹായിച്ചിരുന്നു. അതിനുശേഷം ഏകദേശം 1988 ലാണ് അബുദാബിയിൽ സി. എസ്. ഐ. ഇടവക ആരംഭിക്കുന്നത്.

**7) ഷാർജയുമായുള്ള അങ്കിളിന്റെ ബന്ധം?**

1993 ൽ ദുബായ് ഇലക്ട്രിസിറ്റി കമ്പനിയിൽ നിന്നും വിരമിച്ചതിനു ശേഷം, നാടുമായി അധികം ബന്ധമില്ലാത്തതിനാൽ നാട്ടിൽ പോകാതെ ഷാർജയിലേക്ക് താമസം മാറ്റുകയും പ്രസ്സുമായി ബന്ധപ്പെട്ട ഗ്രാഫിക്സിന്റെ പണികൾ ആരംഭിക്കുകയും 1996 ൽ സ്വന്തമായി ഒരു പ്രിന്റിങ്ങ് പ്രസ്സ് ആരംഭിക്കുകയും ചെയ്തു. ഷാർജയിൽ വന്നപ്പോൾ മുതൽ ഞാൻ ദുബായിലെ ആരാധയ്ക്ക് പോകാതെ സെന്റ്. മാർട്ടിൻസിലെ ഇംഗ്ലീഷ് ആരാധനയ്ക്കാണ് പോയിക്കൊണ്ടിരുന്നത്.

**8) നമ്മുടെ സഭയുടെ ആരംഭം എങ്ങനെയായിരുന്നു?**

1994 ൽ സാം മാത്യു തിരുമേനി ദുബായിൽ വന്നപ്പോൾ ഒരു പ്രയർ ഗ്രൂപ്പ് ആരംഭിക്കണമെന്ന ആഗ്രഹം ഷാർജയിൽ നിന്നുള്ള സി. എസ്. ഐ. ക്കാർ തിരുമേനിയെ അറിയിച്ചു. തുടർന്ന് ദുബായ് ഇടവകയിലെ സജീവ പ്രവർത്തകനായിരുന്ന ശ്രീ. തോമസ് ജോർജ് എന്നെ ബന്ധപ്പെടുകയും അദ്ദേഹത്തിന്റെ തന്നെ ഭവനത്തിൽ വച്ച് ഷാർജയിലെ പ്രയർ ഗ്രൂപ്പ് ആരംഭിക്കുകയും പിന്നെ ഒരോരുത്തരുടേയും ഭവനങ്ങളിൽ വച്ച് അതു തുടർന്നും വന്നു. അങ്ങനെ ആളുകളുടെ എണ്ണം കൂടുകയും മാസത്തിൽ ഒരു ആരാധന ഇവിടെ വച്ചു നടത്തണമെന്ന ആഗ്രഹം ദുബായ് ഇടവകയെ അറിയിക്കുകയും ചെയ്തു. ആദ്യം ചില എതിർപ്പുകൾ ഉണ്ടായെങ്കിലും അവിടത്തെ അച്ചൻ (റവ. എം. ഇ. ജോൺ) വന്ന് ഷാർജയിൽ സെന്റ് മാർട്ടിൻ ചർച്ചിൽ വച്ച് മാസത്തിൽ ഒരു ആരാധന നടത്തുവാൻ തുടങ്ങി. അങ്ങനെ ആളുകളുടെ എണ്ണം വീണ്ടും കൂടിയതോടെ മാസത്തിൽ 2 ആരാധന വേണമെന്ന ആവശ്യം ദുബായ് ഇടവകയെ അറിയിക്കുകയും, പല തരത്തിലുള്ള സമ്മർദ്ദങ്ങളെ തുടർന്ന് അവരത് അംഗീകരിക്കുകയും ചെയ്തു.

വീണ്ടും ഷാർജയിലെ സി. എസ്. ഐ. ക്കാരുടെ എണ്ണം കൂടി വന്നുകൊണ്ടിരുന്നു. തുടർന്ന് 1995 നവംബറിൽ ഞാൻ നാട്ടിൽ പോയപ്പോൾ ബിഷപ്പ് ഡോ. സാം മാത്യു തിരുമേനിയെ പോയി കാണുകയും ഞങ്ങൾക്ക് ഷാർജയിൽ ഒരു ഇടവക ആരംഭിക്കണമെന്ന ആഗ്രഹം അറിയിക്കുകയും ചെയ്തു. അത് തിരുമേനി വളരെ സന്തോഷത്തോടെ സ്വീകരിക്കുകയും ജനങ്ങളെ വിളിച്ചു കൂട്ടി ഒരു ഭരണഘടന ഉണ്ടാക്കി അയച്ചു കൊടുക്കാനും പറഞ്ഞു. അങ്ങനെ ഞാൻ അവധിക്കുശേഷം തിരിച്ചു വന്ന് പലതവണ ഭരണ ഘടന കമ്മിറ്റി മീറ്റിങ്ങുകൾ കൂടി ഭരണഘടന ഉണ്ടാക്കുകയും പൊതുയോഗം വിളിച്ച് പാസാക്കുകയും അത് തിരുമേനിക്ക് അയച്ചു കൊടുക്കുകയും ചെയ്തു. തിരുമേനി അത് അംഗീകരിക്കുകയും 1996 ഏപ്രിൽ 1 –ാം തിയതി മുതൽ

ഷാർജയെ ഒരു ഇടവകയായി പ്രഖ്യാപിക്കുകയും ചെയ്തു. തുടർന്ന് മേയ് 9–ാം തിയതി സെന്റ് മാർട്ടിൻ ചർച്ചിൽ വച്ച് സി. എസ്. ഐ. പാരിഷ് ഷാർജയുടെ ഉദ്ഘാടനവും അൽ–വാധയിലെ Speed Rent A Car ന് മുകളിലുള്ള നമ്മുടെ ആദ്യത്തെ പാഴ്സണേജിന്റെ ഗൃഹപ്രവേശനവും തിരുമേനി നിർവ്വഹിച്ചു. അതിനുശേഷം നമ്മുടെ ആദ്യത്തെ വികാരിയായ അലക്സാണ്ടർ ചെറിയാൻ അച്ചൻ മേയ് 23 –ാം തിയതി വരികയും നമ്മുടെ വികാരിയായി ചാർജ് എടുക്കുകയും ചെയ്തു. ആരംഭത്തിൽ ഏകദേശം 82 അംഗങ്ങൾ ഇടവകയിലുണ്ടായിരുന്നു.

ഇങ്ങനെ ഇടവകയുടെ ആരംഭം ചുരുക്കിപ്പറഞ്ഞെങ്കിലും ഷാർജയിലും അജ്മാനിലും ഒരു സഭയുമായി ബന്ധമില്ലാതെ ചിതറിപ്പാർത്തിരുന്ന നമ്മുടെ അംഗങ്ങളെ സഭയുമായി ബന്ധിപ്പിക്കുന്നതിനും സഭാ നടത്തിപ്പിനാവശ്യമായ പണം സമാഹരിക്കുന്നതിനും ആദ്യകാലങ്ങളിൽ ഒത്തിരി പണിപ്പെടേണ്ടി വന്നിട്ടുണ്ട്. എന്നാലും അതെല്ലാം ദൈവത്തിന്റെ വലിയ അനുഗ്രഹങ്ങളാൽ ഒരു നല്ല ഇടവകയുടെ ആരംഭത്തിനും ദൈവനാമ മഹത്വത്തിനും കാരണമായതിൽ ചാരിതാർത്ഥ്യം ഉണ്ട്.

**9) നമ്മുടെ പള്ളിയുടെ പണി തുടങ്ങാനുണ്ടായ സാഹചര്യം?**
അങ്ങനെ സെന്റ് മാർട്ടിൻ ചർച്ചിൽ ആരാധന നടന്നു കൊണ്ടിരിക്കുമ്പോൾ നമുക്ക് സ്വന്തമായി പള്ളി വേണമെന്ന ആഗ്രഹം ഉയർന്നു വരികയും അതിനുള്ള ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തു. സ്വന്തമായി പള്ളിക്ക് സ്ഥലം കിട്ടുക വളരെ പ്രയാസമുള്ള കാര്യമായിരുന്നു. അങ്ങനെയിരിക്കുമ്പോൾ, യൂണിയൻ ക്രിസ്റ്റ്യൻ ചർച്ചിന് സ്ഥലം അനുവദിച്ചു എന്നറിയുകയും അവരുമായി ചില ചർച്ചകൾ നടത്തുകയും ചെയ്തു, എന്നാൽ അത് പ്രതീക്ഷിച്ച ഫലം കണ്ടില്ല. കുറെ നാളുകൾക്ക് ശേഷം വിത്സൺ പാസ്റ്റർക്ക് പള്ളിയ്ക്കുള്ള സ്ഥലം കിട്ടിയെന്നറിയുകയും അദ്ദേഹവുമായി ചർച്ചകൾ നടത്തുകയും ഒരുമിച്ച് ഒരു പള്ളി പണിയാൻ ഇടവക തീരുമാനിക്കുകയും ചെയ്തു. അങ്ങനെ ഏകദേശം ഒരു മില്ല്യൺ ദിർഹം നമ്മുടെ ഓഹരിയായി മറ്റു നാലു വിഭാഗങ്ങളോടൊപ്പം പള്ളി പണി ആരംഭിച്ചു. ഇത്രയും വലിയ ഒരു തുക പിരിച്ചെടുക്കുന്നതിൽ ആ സമയത്തെ ഇടവക വികാരിയായിരുന്ന ഇലഞ്ഞിക്കൽ അച്ചന്റെ പങ്ക് എടുത്തു പറയേണ്ട ഒന്നാണ്. അങ്ങനെ 2005 ൽ ഷാർജ വർഷിപ്പ് സെന്ററിന്റെ പണി പൂർത്തികരിക്കുന്നതിനും 2005 ഡിസംബർ 2 ന് തോമസ് സാമുവേൽ തിരുമേനി കൂദാശ ചെയ്ത് അവിടെ വച്ച് നമ്മുടെ ആരാധന ആരംഭിക്കുന്നതിനും സാധിച്ചു.

**10) പള്ളിപണിയിൽ നേരിട്ട വെല്ലുവിളികൾ എന്തെല്ലാമായിരുന്നു? എങ്ങനെ നേരിട്ടു?**
പ്രധാനമായും എപ്പിസ്കോപ്പൽ സഭകൾ അല്ലാത്ത സഭകളുമായി ചേർന്നുള്ള പള്ളിപ്പണി നമുക്ക് പറ്റില്ല എന്നുള്ള വളരെ ശക്തമായ അഭിപ്രായം പലരിൽ നിന്നും ഉയർന്നു വന്നു. എന്നാൽ നമുക്ക് സ്വന്തമായി പള്ളിപണിയാൻ സ്ഥലം കിട്ടാനുള്ള സാധ്യത ഇല്ല എന്ന തിരിച്ചറിവാണ് അവരുമായി ചേർന്നുള്ള പള്ളിപണിയുമായി മുന്നോട്ടു പോകാനുള്ള കാരണം. അതൊടൊപ്പം ശക്തമായ ഒരു ഭരണഘടനയിലൂടെയും നമ്മുടേതു മാത്രമായ ഒരു മദുബഹ പണിതതിലൂടെയും അതിനെ അതിജീവിക്കാൻ സാധിച്ചു.

**11) അങ്കിളിന്റെ കുടുംബത്തെപ്പറ്റി പറയാമോ?**
എന്റെ പിതാവ് കൃഷിയും ഭാഗീകമായി വൈദ്യ ചികിത്സയും നടത്തിയിരുന്ന കുഞ്ഞൂഞ്ഞ് വൈദ്യൻ എന്നറിയപ്പെട്ടിരുന്ന സി. ജോൺ ചീരമറ്റം ആണ്. മാതാവ് റേച്ചൽ ജോൺ. എന്റെ സഹോദരങ്ങളായി ഒരനുജനും അഞ്ചു സഹോദരികളുമുണ്ട്. അനുജൻ റിസർവ്വ് ബാങ്ക് ഓഡിറ്റ് ഓഫീസർ ആയിരുന്നു, ഇപ്പോൾ വിരമിച്ച് നാട്ടിൽ സ്ഥിരതാമസമാക്കി. സഹോദരികളെല്ലാം വിവാഹിതരായി പല സ്ഥലങ്ങളിൽ താമസിക്കുന്നു.

എന്റെ കുടുംബജീവിതം ഒരു തുറന്ന പുസ്തകമാണ്. ഞാൻ ജെയ്പ്പൂരിൽ ജോലിയിൽ ആയിരിക്കുമ്പോൾ വിവാഹ ജീവിതത്തിൽ പ്രവേശിച്ചു അക്കാളമ്മയാണ് ഭാര്യ. അക്കാളമ്മ നാട്ടിലായിരുന്നപ്പോഴും രാജസ്ഥാനിലായിരുന്നപ്പോഴും വിവിധ സ്കൂളുകളിൽ അദ്ധ്യാപികയായി ജോലി ചെയ്തിരുന്നു. എന്റെ മൂത്ത മകൻ, മുൻപ് യുവജന പ്രസ്ഥാനത്തിൽ സജീവമായി പ്രവർത്തിച്ചിരുന്ന ബിനോയി ആണ്, ഇപ്പോൾ കുടുംബമായി ഭാര്യ കൃപയോടും 2 കുട്ടികളോടുമൊപ്പം ചെന്നൈയിൽ താമസിക്കുന്നു. രണ്ടാമത്തെ മകൻ ബിജോയി ഭാര്യ റാണിയും 2 കുഞ്ഞുങ്ങളുമായി അബുദാബിയിൽ താമസിക്കുന്നു. പിന്നെ മൂന്നാമത്തെ മകൻ ബിബോയ് ഭാര്യ നിഷയുമായി ഇംഗ്ലണ്ടിൽ താമസിക്കുന്നു.

**12) അങ്കിളിന്റെ സണ്ടേസ്കൂളുമായുള്ള ബന്ധം എപ്പോഴാണ് ആരംഭിച്ചത്?**

പുന്നവേലി ഇടവകയിലാണ് ഞാൻ സണ്ടേസ്കൂൾ പഠനം നടത്തിയത്. എന്റെ പിതാവ് പുന്നവേലി സണ്ടേസ്കൂൾ ഹെഡ്മാസ്റ്റർ ആയിരുന്നു. എന്നാൽ ഇന്റർമീഡിയറ്റ് പഠനത്തിനു ശേഷം നമ്മുടെ മുൻ വികാരിയായിരുന്ന ജോർജ് മാത്യു അച്ചന്റെ ഉപസഭ ഇടവെട്ടാലെ സണ്ടേസ്കൂളിൽ അദ്ധ്യാപകനായി അവധികാലത്ത് ഈ ശുശ്രൂഷ ആരംഭിച്ചു.

**13) ഷാർജ ഇടവകയുടെ സണ്ടേസ്കൂളിന്റെ പ്രവർത്തനത്തിൽ അങ്കിളിന്റെ പങ്ക് എടുത്ത് പറയേണ്ട ഒന്നാണ്. നമ്മുടെ സണ്ടേസ്കൂളിന്റെ ആരംഭം എങ്ങനെയായിരുന്നു?**

ഷാർജയിൽ സി. എസ്. ഐ. സഭ ആരംഭിക്കുന്നതിനു മുമ്പേ സി. എസ്. ഐ. സണ്ടേസ്കൂൾ പ്രവർത്തനം ആരംഭിച്ചു. മറ്റു സഭകളിൽ പോകുന്നവരുടേയും പോകാത്തവരുടേയും കുട്ടികളെ കൂട്ടി കത്തോലിക്ക സഭയുടെ ഒരു ചെറിയ ഹാളിൽ ചൊവ്വാഴ്ച വൈകുന്നേരങ്ങളിൽ നടത്തി വന്നു. ഞങ്ങൾ നാലുപേർ ചേർന്നായിരുന്നു കുട്ടികൾക്കുള്ള വാഹന സൗകര്യം ക്രമീകരിച്ചിരുന്നത്. അന്ന് 24 കുട്ടികളുമായി തുടങ്ങിയ സണ്ടേസ്കൂൾ ഇന്നു 200 ഓളം കുട്ടികളായി ഭംഗിയായി പ്രവർത്തിച്ചു വരുന്നു.

**14) യുവജനപ്രസ്ഥാനത്തിന്റെ ഇപ്പോഴത്തെ പ്രവർത്തനത്തെപ്പറ്റിയുള്ള അഭിപ്രായം?**

1996 ൽ അലക്സാണ്ടർ ചെറിയാൻ അച്ചന്റെ നേതൃത്വത്തിൽ ആരംഭിച്ച നമ്മുടെ യുവജനപ്രസ്ഥാനം ഇപ്പോൾ നന്നായി പ്രവർത്തിക്കുന്നു എന്നാണെന്റെ അഭിപ്രായം. മുമ്പ് അല്പം മന്ദഗതിയിലായിരുന്നു എങ്കിലും, ഇപ്പോൾ സജീവമായി പ്രവർത്തിക്കുന്നത് നല്ല കാര്യമാണ്. ഏതൊരിടവകയിലും യുവജനങ്ങൾ നന്നായി പ്രവർത്തിക്കുകയാണെങ്കിൽ ആ ഇടവകയ്ക്ക് വളർച്ചയുണ്ടാകും. പ്രത്യേകിച്ച് കൊയ്നോനിയ 2011 ഏറ്റവും പ്രയോജനപ്രദമായിരുന്നു.

**15) യുവജനപ്രസ്ഥാനം ഏതു രീതിയിൽ മുമ്പോട്ട് പ്രവർത്തിക്കണമെന്നാണ് അങ്കിളിന്റെ ആഗ്രഹം?**

എല്ലാ യുവജനങ്ങളും വ്യക്തിതാത്പര്യങ്ങൾ മാറ്റി ദൈവീക ചിന്തയോടെയും ഐക്യത്തോടെയും പ്രവർത്തിക്കണം എന്നാണ് എന്റെ ആഗ്രഹം. അതുപോലെ മീറ്റിംഗുകളിൽ ബൈബിളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കൂടുതൽ ചർച്ചകളും ഡിബേറ്റുകളും സംഘടിപ്പിക്കുക, സാമൂഹിക സേവനങ്ങൾക്ക് കൂടുതൽ മുൻഗണ നല്കുക അതായത് നമ്മുടെ കൂടെയുള്ളവരുടെയും ക്യാമ്പുകളിൽ കഷ്ടപ്പെടുന്നവരുടേയും പ്രയാസങ്ങൾ മനസ്സിലാക്കി ആവശ്യമായ സഹായം ചെയ്യുക, അതുപോലെ അവർക്കായി പ്രത്യേക അവസരങ്ങളിൽ ഡിന്നർ ഒരുക്കി അവരെ കൂടുതൽ അടുത്തറിയാൻ ശ്രമിക്കുക.

**16) സണ്ടേസ്കൂൾ കഴിഞ്ഞ് ടീനേജേഴ്സ് പൊതുവെ യൂത്തിൽ വരാറില്ല. അതിനെപ്പറ്റിയുള്ള വിലയിരുത്തൽ?**

പ്രധാനമായും ഇവിടെ ജനിച്ച് വളർന്നവരുടെ മീഡിയം ഇംഗ്ലീഷ് ആണ്, എന്നാൽ

നമ്മുടെ യൂത്തിലേത് മലയാളവുമാണ്. ഇത് പ്രായോഗികമായി ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. എന്നാലും കഴിയുന്നത്ര പ്രോത്സാഹനം നല്കി അവരെക്കൂടി ഉൾപ്പെടുത്താൻ ശ്രമിക്കണം. പ്രോഗ്രാമുകളിൽ അവർക്കും ഗണനീയമായ പങ്കു നല്കാൻ ശ്രമിക്കണം.

**17) യുവജനങ്ങളോടുള്ള അങ്കിളിന്റെ സന്ദേശം?**

വിശ്വാസത്തിൽ ഉറയ്ക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനം. അതായത് വിശ്വാസ സംബന്ധമായ കാര്യങ്ങളെ ഉൾക്കൊണ്ടുകൊണ്ട് അത് പ്രവർത്തിപഥങ്ങളിൽ കൊണ്ടുവരുമ്പോഴേ അതിനെ ഉറപ്പിക്കാൻ പറ്റുകയുള്ളൂ. ബൈബിൾ വായിക്കുകയും പ്രസംഗങ്ങൾ കേൾക്കുകയും ചെയ്യുന്നതിനോടൊപ്പം അത് നമ്മുടെ പ്രായോഗിക ജീവിതത്തിലും കൊണ്ടുവരണം. നമ്മുടെ പാട്ടും വായനയും പ്രാർത്ഥനയുമൊക്കെ ഈ പ്രായോഗിക ജീവിതത്തിന് ശക്തി പകരുന്നതായിരിക്കണം. ചുവടു മറക്കാതിരിക്കുക. നമ്മൾ വിട്ടു പോരുന്ന കുടുംബത്തേയും ദേശത്തേയും മറക്കരുത്.

അങ്കിളിന്റെ തുടർന്നുള്ള പ്രവർത്തനങ്ങളും ജീവിതവും അനേകർക്ക് പ്രയോജനപ്രദമാകട്ടെ എന്ന് ആശംസിക്കുന്നു. അതോടൊപ്പം ആരോഗ്യകരമായ ദീർഘായുസ്സും കുടുംബജീവിതവും സർവ്വശക്തൻ തരട്ടെയെന്നും പ്രാർത്ഥിക്കുന്നു.

## Information Counter

യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ വിശുദ്ധ ആരാധനയ്ക്ക് ശേഷം സഭയുടെ പിൻഭാഗത്ത് പ്രവർത്തിച്ചു വരുന്ന ഇൻഫർമേഷൻ കൗണ്ടർ വഴി ജോലി ഒഴിവുകളും, ജോലി ആവശ്യക്കാരുടെ വിവരങ്ങളും പരസ്പരം കൈമാറി വരുന്നു. ഇതിന്റെ സേവനം പരമാവധി പ്രയോജനപ്പെടുത്താൻ അഭ്യർത്ഥിക്കുന്നു.

Email Id.: csiyouthmovementsharjah@gmail.com

## News & Upcoming Events

**1. കോയ്നോനിയ 2011:** ഈ വർഷത്തെ യൂത്ത് കൊയ്നോനിയ സെപ്റ്റംബർ മാസം 2–ാം തിയതി വിശുദ്ധ ആരാധനയ്ക്കുശേഷം അനുഗ്രഹകരമായി നടത്തപ്പെട്ടു. സെന്റ്. തോമസ് ഇവാഞ്ചലിക്കൽ ദുബായ് ഇടവക വികാരിയായ റവ. സാം മാത്യൂ യുവജനങ്ങൾക്ക് പ്രയോജനപ്രദമായ സന്ദേശം നല്കുകയുണ്ടായി.

**2. പ്രയ്സ് ആന്റ് വർഷിപ്പ്:** ജൂലൈ 29–ാം തിയതി വിശുദ്ധ ആരാധനയ്ക്കുശേഷം ഹാൾ നമ്പർ 4 ൽ വച്ച് യൂത്ത് കോറസ്സിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ഇതിൽ ശ്രീ. ഏബ്രഹാം മാത്യൂ അനുഗ്രഹകരമായ സന്ദേശം നല്കുകയുണ്ടായി.

**3. യൂത്ത് പിക്നിക്:** സെപ്റ്റംബർ 30–ാം തിയതി വെള്ളിയാഴ്ച ദുബായിലെ മംസാർ പാർക്കിൽ വച്ച് നടത്തുകയുണ്ടായി.

**4. യു. എ. ഇ. കോൺഫറൻസ്:** നവംബർ 8 –ാം തിയതി ദുബായ് സി. എസ്. ഐ. പള്ളിയിൽ വച്ച് നടത്തപ്പെടുന്നതാണ്.

വിശദ വിവരങ്ങൾ പിന്നാലെ അറിയിക്കുന്നതാണ്. ഓരോരുത്തരുടെയും **പ്രത്യേക പ്രാർത്ഥനയും പങ്കാളിത്തവും അഭ്യർത്ഥിക്കുന്നു.**



കഥ

# ജീവന്റെ പുസ്തകത്തിൽ പേരുണ്ടോ?

റ്റിറ്റോ മാത്യൂ

പ്ലെയിനിൽ ഇരിക്കുമ്പോൾ മുഴുവൻ അപ്പായെക്കുറിച്ചുള്ള ചിന്തകളായിരുന്നു. അപ്പായ്ക്ക് അസുഖം കൂടുതൽ ആണെന്ന് പെങ്ങൾ വിളിച്ചു പറഞ്ഞപ്പോൾ മുതൽ എന്റെ മനസ്സിൽ ഇതുവരെ ഇല്ലാത്ത ഒരു ടെൻഷൻ. എന്റെ ചെറുപ്പത്തിൽ അമ്മ മരിച്ചതു മുതൽ ഞങ്ങളുടെ അമ്മയും അച്ഛനും എല്ലാം അപ്പായായിരുന്നു. അപ്പാ ഞങ്ങളെ വളർത്താനുള്ള പ്രാരാബ്ധങ്ങൾ കൊണ്ടാണോ, ആത്മീയ അറിവില്ലായ്മ കൊണ്ടാണോ എന്നറിയില്ല ഞായറാഴ്ചയും ജോലിക്കു പോകുമായിരുന്നു. ഞാൻ ഗൾഫിൽ വന്നു ദൈവത്തെ അറിഞ്ഞു, പള്ളിയിൽ സജീവമായി, ധാരാളം പ്രസംഗങ്ങൾ കേട്ടു ബൈബിൾ പഠിച്ചു. പക്ഷേ ഒരിക്കൽപ്പോലും എന്റെ അപ്പായോട് നിത്യജീവന്റെ സത്യം പറയാൻ സാധിച്ചില്ല.

എയർപ്പോർട്ടിൽ നിന്നും കാറിൽ പോകുമ്പോഴും കഴിഞ്ഞ ആഴ്ചയിലെ പള്ളിയിലെ പ്രസംഗം കാതിൽ മുഴങ്ങി കേട്ടുകൊണ്ടിരുന്നു. 'ഇന്നു നീ മരിച്ചാൽ നിന്റെ നിത്യത എവിടെ?'. ആശുപത്രിയിൽ എത്തിയാൽ അപ്പായോട് ആദ്യം പറയേണ്ടത് അപ്പായുടെ പാപങ്ങൾ ഏറ്റുപറഞ്ഞ് യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കണം എന്നായിരിക്കണം. ഒരു മകൻ എന്ന നിലയിൽ എന്റെ അപ്പായ്ക്ക് അദ്ദേഹത്തിന്റെ അവസാനനാളിൽ കൊടുക്കാൻ പറ്റിയ ഏറ്റവും നല്ല സമ്മാനം.

സത്യത്തിൽ കാറിൽ നിന്നിറങ്ങി ആശുപത്രിയിലേക്ക് ഓടുകയായിരുന്നു. അപ്പായുടെ മുഖം വല്ലാതെ ബ്ലാങ്ക് ആയിരുന്നു. ഡോക്ടർ പറഞ്ഞു സോഡിയം ലെവൽ താഴ്ന്നതാണ്. ജീവിതത്തിൽ നിന്ന് പിടിവിട്ടു പോകുമോ എന്ന പേടി നേർത്തു വിളറിയ പാടപോലെ അപ്പായുടെ കൃഷ്ണമണികളിൽ പറ്റിപ്പിടിച്ചിരിക്കുന്നത് ഞാൻ കണ്ടു. അപ്പാ എന്ന് വിളിച്ച് ആ കൈകളിൽ പിടിക്കുമ്പോൾ കൈകളിൽ വിറയൽ ബാധിച്ചിരുന്നു. പിടിക്കുമ്പോൾ പഴയതു പോലെ മുറുകുന്നില്ല. നാഡി ഇടിപ്പ് കുറഞ്ഞ് കുറഞ്ഞ് ചലനമറ്റ ആ കൈകൾ എന്റെ കൈകളിൽ നിന്നും സാവധാനം ഊർന്ന് കട്ടിലിലേയ്ക്ക് വീണു.

അവസാന ചുംബനത്തിനായി എന്റെ മുഖം അപ്പായുടെ മുഖത്തേയ്ക്ക് അടുപ്പിക്കുമ്പോഴും കുറ്റബോധം എന്റെ കാതിൽ മന്ത്രിച്ചു 'ജീവ പുസ്തകത്തിൽ പേരുണ്ടോ?' ഇന്നും ആ **കുറ്റബോധം എന്നെ പിൻതുടരുന്നു. ഇന്നു നീ മരിച്ചാൽ നിന്റെ നിത്യത എവിടെ?**

# ആന്ധ്രാമിഷൻ


നമ്മുടെ യുവജനപ്രസ്ഥാനമായി ആന്ധ്രാമിഷനിലെ കുരുക്ഷാല ഫീൽഡിലെ സ്വദേശി മിഷനറിയായ ശ്രീ. രാജു കുമ്മാരിയെ സന്ധിച്ചു വരുന്നു. അദ്ദേഹം ആന്ധ്രാമിഷന്റെ പ്രവർത്തനഫലമായി ദൈവത്തിലേക്കു വന്ന ഒരു കുടുംബാംഗമാണ്. ആന്ധ്രാമിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് പ്രത്യേകാൽ നമ്മുടെ മിഷനറി ശ്രീ. രാജുവിനെയും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ ഓർത്തും പ്രാർത്ഥിക്കുക.



അതേസമയം ഇതിനായി സാമ്പത്തിക സഹായം ചെയ്യണമെന്നാഗ്രഹിക്കുന്നവർ യുവജനപ്രസ്ഥാനവുമായി ബന്ധപ്പെടേണ്ടതാണ്.

# നോഹയുടെ പെട്ടകത്തിലൂടെ

ധന്യ ബനെനെറ്റ്



ബൈബിളിൽ ഉല്പ്പത്തി പുസ്തകം 6 - 8 അദ്ധ്യായങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നതും നമുക്ക് ഏറ്റവും സുപരിചിതവുമായ നോഹയുടെ പെട്ടകത്തിൽ നിന്നും നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കാവുന്ന ചില ചിന്തകൾ.

**1) ശ്രദ്ധിച്ചു കേൾക്കുക:**

ദൈവത്തോടു കൂടെ നടക്കാനും പെട്ടകത്തിന്റെ നിർമ്മാണവുമയി ബന്ധപ്പെട്ട അളവുകളും മറ്റു വിശദവിവരങ്ങളും അടങ്ങിയ ദൈവത്തിന്റെ കല്പ്പന ശ്രദ്ധിച്ച് കേൾക്കുവാനും നോഹയ്ക്ക് സാധിച്ചു. ദൈനം ദിന ജീവിതത്തിലെ ഒരു പ്രധാന പ്രശ്നമാണല്ലോ ആശയവിനിമയത്തിലെ അപാകതകളും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും, പലപ്പോഴും കുടുംബ ബന്ധങ്ങളുടെ ശിഥിലീകരണത്തിന് ഇതു കാരണമാകുന്നുണ്ട്. ആയതിനാൽ ആശയവിനിമയങ്ങൾ ചെറുതാകട്ടെ വലുതാകട്ടെ നമുക്കും തക്കതായ പ്രാധാന്യം നല്കി ശ്രദ്ധിച്ചു കേൾക്കാം, അതിനു ശേഷമാകാം നമ്മുടെ പ്രതികരണങ്ങൾ.

**2) അനുസരിക്കുക:**

"ആയിരം സ്തുതികളേക്കാൾ അനുസരണം വലിയതല്ലോ..." എന്ന പാട്ടുകാരന്റെ വരികളെ അർഥവത്താക്കുന്ന രീതിയിലായിരുന്നു നോഹയുടെ പ്രതികരണം. മാനുഷികമായ ചിന്തയിൽ മഴയുടെ ഒരു ലക്ഷണവും ഇല്ലാതിരുന്ന സമയത്ത്, വെള്ളപ്പൊക്കത്തിൽ നിന്നുള്ള രക്ഷക്കായി പെട്ടകം ഉണ്ടാക്കുക അതും ഭൂമിയിലെ സർവ്വ ചരാചരങ്ങൾക്കും വേണ്ടി, ഇതു ദൈവ കല്പ്പനയോടുള്ള പൂർണ്ണമായ അനുസരണം അല്ലാതെ പിന്നെന്താണ്? ഇതു വെറും വിശ്വാസം മാത്രമായിരുന്നില്ല, പ്രവർത്തിയിലൂടെയുള്ള വിശ്വാസമാണ്, അതാണ് അനുസരണം കൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത്. നാമും വാതോരാതെ സംസാരിക്കാറുണ്ട് വിശ്വാസത്തെക്കുറിച്ചും ദൈവ സ്നേഹത്തെക്കുറിച്ചും, എത്രത്തോളം നമുക്ക് അനുസരിക്കാൻ സാധിച്ചിട്ടുണ്ട്? നമുക്ക് അനുസരിക്കാം ദൈവത്തിൽ നിന്നുള്ള അനുഗ്രഹം പ്രാപിക്കാം.

**3) തക്ക സമയത്ത് പ്രവേശിക്കുക:**

ദൈവത്തിന്റെ കല്പ്പനപ്രകാരം നോഹ തക്ക സമയത്തു തന്നെ പെട്ടകം പണിതു. സമയത്തു തന്നെ നോഹയും കുടുംബവും ഭൂമിയിലെ സർവ്വ ചരാചരങ്ങളും പെട്ടകത്തിൽ പ്രവേശിച്ചു അവർ മഴ തുടങ്ങുന്നതിനായി അല്ലെങ്കിൽ മഴയുടെ ലക്ഷണങ്ങൾക്കായി കാത്തിരുന്നില്ല. ദൈവം തക്ക സമയത്ത് പെട്ടകത്തിന്റെ വാതിൽ അടച്ചു. ഒരുപക്ഷേ മഴ തുടങ്ങിയപ്പോൾ മറ്റു മനുഷ്യർ നോഹയെ വിളിച്ചിരിക്കാം വാതിൽ തുറക്കാനും അവരേയും കൂടെ രക്ഷപ്പെടുത്താനും, എന്നാൽ ദൈവം അടച്ചതിനെ തുറക്കാൻ മനുഷ്യർക്ക് സാധിക്കുകയില്ല. നാമും ഈ മനുഷ്യരെപ്പോലെയല്ലേ? ഇപ്പോൾ ചെയ്യേണ്ടത് ചെയ്യാതെ ഇനിയും സമയം ഉണ്ട് ദിവസം ഉണ്ട് എന്നു പറഞ്ഞ് പിന്നത്തേതിലേക്ക് മാറ്റിവയ്ക്കുന്നു, അവസാനം അതു ശരിയായ രീതിയിൽ പൂർത്തിയാക്കാൻ സാധിക്കാതെ വരുന്നു. ഇത് നമ്മുടെ ദൈനം ദിന ജീവിതത്തിലും ഇതിലുപരിയായി നമ്മുടെ ആത്മീയ ജീവിതത്തിലും വളരെ പ്രാധാന്യം അർഹിക്കുന്നു.

**4) ചിട്ടയായ ജീവിതക്രമം:**

മനുഷ്യന്റെ ആയുസ്സ് 900 ത്തില്പ്പരം സംവത്സരങ്ങൾ ആയിരുന്ന സമയത്ത്, മനുഷ്യരുടെ ദുഷ്ടതയുടെ ഫലമായി ദൈവം അനുതപിക്കുകയും, അവന്റെ ആയുസ്സ് 120 സംവത്സരമായി നിജപ്പെടുത്തി. ആ സാഹചര്യത്തിലും നോഹ ദൈവത്തോടു കൂടെ നിഷ്കളങ്കനായി നടന്നതിന്റെ ഫലമായി തന്റെ ആയുസ്സ് നീട്ടിക്കിട്ടി. തന്റെ ചിട്ടയായ ജീവിതക്രമവും ജീവിതശൈലിയുമായിരിക്കാം 600-ാം വയസ്സിലും ഉണർന്നു പ്രവർത്തിക്കാൻ സാധിച്ചതും പെട്ടകം നിർമ്മിച്ച് ദൈവത്തിന്റെ കല്പ്പന പ്രാവർത്തികമാക്കാൻ സാധിച്ചതും, തന്റെ കുടുംബത്തെ ജലപ്രളയത്തിൽ നിന്നും രക്ഷിക്കാനും സാധിച്ചു. നാം ഇന്നു ഏതു തരത്തിലുള്ള ജീവിതക്രമമാണ് പിന്തുടരുന്നതെന്നു ചിന്തിക്കേണ്ട സമയമാണ്. നാം എങ്ങനെ ജീവിക്കണം എന്തൊക്കെ ചെയ്യണം, എന്തൊക്കെ കഴിക്കാം തുടങ്ങി ദൈവത്തിന്റെ കല്പ്പനകൾ വളരെ വ്യക്തമായി ബൈബിളിലൂടെ നമുക്ക് നല്കിയിരിക്കുന്നു. നമ്മുടെ പൂർവ്വപിതാക്കന്മാർ പകൽ മുഴുവനും വേലചെയ്യുകയും രാത്രിയിൽ ശരീരത്തിന് ആവശ്യമായ വിശ്രമവും കൊടുക്കുമായിരുന്നു. എന്നാൽ ഇന്ന് ശരീരത്തിനാവശ്യമായ വിശ്രമം പോലും കൊടുക്കാനാകാത്തത്ര തിരക്കിട്ട ഒരു ജീവിത ക്രമത്തിലൂടെയാണ് നാം കടന്നു പോകുന്നത്. ഇതു മൂലം പല ആരോഗ്യപ്രശ്നങ്ങളും നേരിടുന്നതിനോടൊപ്പം 50-ാം വയസ്സിൽപ്പോലും ഉണർന്നു പ്രവർത്തിക്കാൻ പറ്റാത്ത അവസ്ഥയിലാണ് നാമിപ്പോൾ. ബൈബിളിലേക്ക് മടങ്ങിവരാം ഒരു ചിട്ടയായ ജിവിതക്രമത്തിനു ശ്രമിക്കാം ദൈവത്തിന്റെ പ്രവർത്തികൾക്കായി ഒരുങ്ങാം.

**5) സാമൂഹിക ബന്ധം:**

നോഹയുടെ പെട്ടകത്തിൽ ഭൂമിയിലെ എല്ലാ ജീവജാലങ്ങളും ഉണ്ടായിരുന്നു. ഇതിൽ ശുദ്ധിയുള്ളതും ശുദ്ധിയില്ലാത്തതുമായ എല്ലാ ജന്തുക്കളും ഉൾപ്പെടും. ഈ പ്രകൃതിയിലെ എല്ലാ ജീവജാലങ്ങളും പരസ്പരം ആശ്രയിച്ചാണ് ജീവിക്കുന്നത്, അതായത് ഒരു ജീവി തന്റെ ജീവൻ നില നിർത്താൻ മറ്റൊന്നിനെ ആശ്രയിക്കുന്നു, ഇങ്ങനെ ആശ്രയിക്കുമ്പോൾ ഒന്ന് തന്റെ ആഹാരത്തിനായി മറ്റൊന്നിന്റെ ജീവനെ നഷ്ടമാക്കുന്നു. ഇങ്ങനെയുള്ള ഒരുകൂട്ടം ജീവജാലങ്ങൾ ഒരുമിച്ച് ഒരു പെട്ടകത്തിനകത്ത് ആയിരുന്നു എന്നു പറയുന്നതിൽ അത്ഭുതപ്പെടേണ്ടിയിരിക്കുന്നു. ഇന്നു മനുഷ്യൻ തന്റെ ആഹാരത്തിനു വേണ്ടിയല്ല, ആഢംഭരങ്ങൾക്കു വേണ്ടി അല്ലെങ്കിൽ സ്വാർത്ഥ താത്പര്യങ്ങൾക്കു വേണ്ടി തന്റെ സഹോദരനെ കൊന്നൊടുക്കിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ആയിരിക്കുന്നത്. ഇന്ന് കുടുംബാംഗങ്ങൾക്കുപോലും ഒരു കൂരക്കു കീഴിൽ കഴിയാൻ പറ്റാത്തത്ര മാറിയിരിക്കുന്നു നോഹയുടെ പെട്ടകമായ ഈ ലോകം. പരസ്പരം ഐക്യത്തിൽ ഒരു സാമൂഹിക ജീവിയായി ജീവിക്കാൻ നമുക്ക് ശ്രമിക്കാം.

**6) പരസ്പരം കുറ്റപ്പെടുത്തൽ:**

നോഹ നിഷ്കളങ്കനും നീതിമാനും ആയിരുന്നതിനാലാണ് ദൈവത്തിന്റെ കല്പ്പനപ്രകാരം പെട്ടകം പണിഞ്ഞത്. എന്നാൽ ഒരു മഴ പോലും ഇല്ലാത്ത സമയത്ത് 300 മുഴം (150 മീറ്റർ) നീളമുള്ള പെട്ടകം ഉണ്ടാക്കിയ നോഹയ്ക്ക് എന്തൊക്കെ കേൾക്കേണ്ടി വന്നിരിക്കും എന്നു ഊഹിക്കാവുന്നതേയുള്ളൂ. ബന്ധുക്കളും സുഹൃത്തുക്കളും കളിയാക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുകാണും, ഇവന് വേറെ പണിയില്ല, മഴ പോലും ഇല്ലാത്ത സമയത്ത് ആരുടേയോ വക്കുകേട്ട് ഇങ്ങനെയൊക്കെ ചെയ്യുന്നത്. ഇങ്ങനെ പല തരത്തിലുള്ള കുറ്റപ്പെടുത്തലുകൾ നോഹയും കുടുംബവും കേട്ടിരിക്കാം. എന്നാൽ അതൊന്നും

കാര്യമാക്കാതെ നോഹ ദൈവത്തിന്റെ കല്പ്പന പ്രമാണിച്ചു. ഇന്നും ഇത്തരക്കാർക്ക് ഒരു കുറവുമില്ല, കുറ്റപ്പെടുത്താൻ ധാരാളം പേർ നമുക്ക് ചുറ്റും ഉണ്ടാകും, അതിനൊന്നും ചെവികൊടുക്കാതെ നോഹ ചെയ്തതുപോലെ ദൈവം നമ്മളിലൂടെ ആഗ്രഹിക്കുന്ന കാര്യങ്ങൾ നമ്മുടെ സഭയ്ക്കും സമൂഹത്തിനും വേണ്ടി ചെയ്യാൻ ശ്രമിക്കാം.

**7) ഭാവി ഉയരത്തിൽ സ്ഥാപിക്കുക:**

നോഹയുടെ പെട്ടകം അരാരത്ത് പർവ്വതത്തിൽ ഉറച്ചതുപോലെ, നമ്മുടെ ഭാവിയും ഉയർന്ന പാറയിൽ പണിയുക. പർവ്വതം ഏറ്റവും ഉയർന്നതും ഉറപ്പുള്ളതുമാണ്, അതുപോലെ ഒരു ഉറപ്പുള്ള സ്ഥലമായിരിക്കണം നാമും തിരഞ്ഞെടുക്കേണ്ടത്. മണലിൽ വീടു പണിതാലുള്ള അവസ്ഥയും പാറമേൽ വീടു പണിയേണ്ടതിന്റെ ആവശ്യകതയും ബൈബിളിൽ വ്യക്തമായി പറയുന്നുണ്ട്. അടിസ്ഥാനം ഉറപ്പില്ലാതെ പോയാൽ, ഈ ലോകത്തിന്റെ ചുഴിയിൽ അകപ്പെട്ടുപോകും നമ്മുടെ ഭാവിയും പ്രത്യാശയും. ആയതിനാൽ നമുക്ക് നമ്മുടെ ഭാവി പെട്ടകം ഏറ്റവും ഉറപ്പും ഉയരവുമുള്ള യേശുക്രിസ്തുവാകുന്ന പാറമേൽ സ്ഥാപിക്കാം.

**8) വേഗത ക്രമീകരിക്കാം:**

ഏറ്റവും വേഗതയേറിയ മൃഗത്തിനോടൊപ്പം ഏറ്റവും വേഗത കുറഞ്ഞ ഒച്ചുകൾക്കും പെട്ടകത്തിൽ കയറാൻ സാധിച്ചു. ദൈവത്തിന്റെ മുമ്പിൽ എല്ലാവരും ഒരുപോലെയാണ്. നമ്മുടെ ജീവിതങ്ങളിലെ ഓട്ടപ്പാച്ചലിൽ... എന്തൊക്കെയോ ചെയ്തു തീർക്കാനുണ്ടെന്ന ചിന്തയിൽ ജീവിതത്തിൽ വേഗത കൂട്ടുന്നു. നമ്മുടെ ഈ ഓട്ടത്തിനിടയിൽ ദൈവം കൂടെയില്ലെങ്കിൽ നമുക്ക് എങ്ങും എത്താൻ സാധിക്കുകയില്ല എന്നു നാം ഓർക്കേണ്ടിയിരിക്കുന്നു. നമ്മുടെ ജീവിതങ്ങളിലേയും വേഗത നിയന്ത്രിച്ച് കൂടുതലായി ദൈവത്തോട് അടുത്ത് പ്രാർത്ഥനാപൂർണ്ണമായ ജീവിതം നയിച്ചാൽ നോഹയുടെ പെട്ടകമായ ദൈവ സന്നിധിയിൽ പ്രവേശിക്കാൻ സാധിക്കും.

**9) എടുത്ത് ചാട്ടം ഒഴിവാക്കുക:**

ഭൂമിയിലെ ജല പ്രളയത്തിൽ ഏകദേശം 150 ദിവസത്തോളം പെട്ടകത്തിനകത്ത് ആയിരുന്നിട്ടും, നോഹ സ്വയം തീരുമാനങ്ങൾ എടുക്കാതെ ദൈവകല്പ്പനയ്ക്കായി ദൈവസന്നിധിയിൽ ആയിരുന്നു. നമുക്കും പല പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് മാനസ്സിക സംഘർഷം അനുഭവിക്കുമ്പോൾ പെട്ടെന്ന് തീരുമാനങ്ങൾ എടുക്കാതെ, അല്പനേരം ശാന്തമായിരിക്കുക. ദൈവ സന്നിധിയിൽ സ്വയം സമർപ്പിച്ച് ദൈവത്തിന്റെ കല്പ്പനയ്ക്കായി കാത്തിരിക്കുക.

**10) ദൈവത്തിന്റെ പ്ലാനിൽ പണിയുക:**

ആധുനിക മനുഷ്യൻ തന്റെ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഒരിക്കലും നശിക്കില്ല എന്നു പറഞ്ഞ് നിർമ്മിച്ച റ്റൈറ്റാനിക് എന്ന കപ്പലിന്റെ അവസ്ഥ നമുക്ക് അറിയാവുന്നതാണല്ലോ. എന്നാൽ ദൈവത്തിന്റെ പ്ലാനിൽ ദൈവം കൊടുത്ത അളവുകൾ ഉപയോഗിച്ച് തടിയിൽ പണിത പെട്ടകം എത്ര കൊടുംകാറ്റടിച്ചിട്ടും ഒരു കേടും സംഭവിക്കാതെ നിലനിന്നു. ഒരിക്കലും നശിക്കാത്ത ലോഹങ്ങൾ ഉപയോഗിച്ച് വിദഗ്ദരായ എഞ്ചിനീയർമാർ പണിത ആഡംബരക്കപ്പൽ നിസ്സാരം ഐസ്കട്ടയിൽ ഇടിച്ചു തകരുന്നു. എന്നാൽ ദൈവത്തിന്റെ പെട്ടകം ഭൂമിയിൽ സകലവും നശിച്ചിട്ടും സുരക്ഷിതമായി തന്നെ നിലനിന്നു. നമുക്കും നമ്മുടെ കഴിവിലോ ശക്തിയിലോ ആശ്രയിക്കാതെ സർവ്വശക്തന്റെ മുൻപിൽ താണ് ദൈവത്തിന്റെ പ്ലാനിനനുസരിച്ച് അല്ലെങ്കിൽ ആ ദൈവത്തിന്റെ ഹിതപ്രകാരം നമ്മുടെ ജീവിതങ്ങളെ കെട്ടിപ്പടുക്കാം.

Teens Corner

# GOD's Embroidery

**Kripa John**



When I was a little child, my mother used to embroider a great deal. I would sit at her knee and look up from the floor and ask what she was doing. She informed that she was embroidering. As from the underside I watched her work within the boundaries of the little round hoop that she held in her hand.

**I complained to her that it sure looked messy from where I sat.** She would smile at me, look down and gently say, *"My baby, you go about your playing for a while, and when I am finished with my embroidering, I will put you on my knee and let you see it from my side."*

I would wonder why she was using some dark threads along with the bright ones and why they seemed so jumbled from my view. A few minutes would pass and then I would hear Mother's voice say, *"baby, come and sit on my knee and see the embroidery I have made for you."*

This I did only to be surprised and thrilled to see a beautiful flower or a sunset. **I could not believe it, because from underneath it looked so messy.**

Then Mother would say to me, *"My child, from underneath it did look messy and jumbled, but you did not realize that there was a pre- drawn plan on the top. It was a design. I was only following it. Now look at it from my side and you will see what I was doing."*

Many times through the years I have looked up to **the Almighty** and said, ***"O, My God, what are You doing?"*** He has answered, ***"I am embroidering your life."***

I say, *"But it looks like a mess to me. It seems so jumbled. The threads seem so dark. Why can't they all be bright?"*

**The Almighty** seems to tell me, ***"My child, you go about your business and allow me of doing My business, and one day I will put you on My knee and you will see the plan from My side."***

Do you have the patience for that ??

**Haste when unwarranted is waste and may disturb the Almighty's beautiful Plan for your life.**

ആരോഗ്യം

# ദന്ത സംരക്ഷണം



ഡോ. സുഗു മലയിൽ കോശി
BDS, Msc (Comm. Dent.), DDPHRCS(Eng.), Al Noor Clinic, Umm Al Quwain,
Faculty Member Community Dentistry, RAK MHSU and Gulf Medical Universities

ഒരു വ്യക്തിയുടെ സമഗ്രമായ ആരോഗ്യ പരിരക്ഷയുടെ സുപ്രധാന ഘടകമായി ദന്തപരിചരണം ഇന്നു മാറിക്കഴിഞ്ഞിട്ടുണ്ട്. സൗന്ദര്യ സങ്കല്പത്തെക്കുറിച്ച് സമൂഹം ഇന്നു ഏറെ ബോധവാന്മാരും ബോധവതികളുമാണെന്നതുകൊണ്ടു തന്നെ, ദന്ത സംബന്ധമായ കാര്യങ്ങളിലും മുമ്പത്തേക്കാൾ ശ്രദ്ധാലുക്കളായി മാറിയിട്ടുണ്ട്.

ഒരു കുഞ്ഞ് പാൽ കുടിക്കാൻ തുടങ്ങുന്നതിനോടൊപ്പം തന്നെ വായുടെ സംരക്ഷണവും തുടങ്ങേണ്ടതാണ്. ആഹാരം കൊടുത്തു കഴിയുമ്പോഴെല്ലാം ഇളം ചൂട് വെള്ളത്തിൽ മുക്കിയ പഞ്ഞി കൊണ്ട് മോണകൾ വൃത്തിയാക്കണം. ആദ്യത്തെ പല്ലുകൾ കിളിർത്ത് തുടങ്ങുമ്പോൾ മുതൽ ചെറിയ ബ്രഷ് (ബേബി ബ്രഷ്) ഉപയോഗിച്ച് അവ ശുചിയാക്കേണ്ടതാണ്. ഒരു വയസ്സിനു മുൻപേ ഉപയോഗിക്കാവുന്ന പേസ്റ്റുകൾ മാർക്കറ്റിൽ ലഭ്യമാണെങ്കിലും, ഈ പ്രായത്തിൽ അത് ഉപയോഗിക്കണമെന്നില്ല. 2 വയസ്സുമുതൽ കുഞ്ഞുങ്ങൾക്കുള്ള ബ്രഷും പേസ്റ്റും ഉപയോഗിച്ച് ദിവസം രണ്ടു നേരം പല്ലുകൾ തേയ്ക്കണം (രാവിലേയും രാത്രിയും). 3 വയസ്സ് വരെ ഫ്ളൂറൈഡ് അടങ്ങിയ ടൂത്ത് പേസ്റ്റുകൾ ഒഴിവാക്കുന്നതാണ് നല്ലത്. 3 വയസ്സിനു ശേഷം ഫ്ളൂറൈഡ് അടങ്ങിയ ടൂത്ത് പേസ്റ്റ് ഉപയോഗിക്കണം. ഏഴെട്ട് വയസ്സുവരെ മുതിർന്നവരുടെ മേൽനോട്ടത്തിൽ തന്നെ കുട്ടികൾ ബ്രഷ് ചെയ്യണം. ഓരോ തവണയും ഒരു കപ്പലണ്ടിയോളം പേസ്റ്റ് മാത്രമേ ബ്രഷിൽ എടുക്കേണ്ടതുള്ളൂ. പാൽക്കുപ്പി വായിൽ വച്ചുകൊടുത്ത് കുഞ്ഞുങ്ങളെ ഉറങ്ങാൻ വിടുന്ന രീതി ഒരിക്കലും അവലംബിക്കരുത്. മുൻവരി പല്ലുകൾ കേടുവന്നും കറുത്ത് തേഞ്ഞും കാണപ്പെടുന്ന നഴ്സിങ്ങ് ബോട്ടിൽ സിൻഡ്രോം എന്ന അവസ്ഥയ്ക്ക് ഇത് കാരണമാകുന്നു.

കുഞ്ഞിന് അസുഖങ്ങളൊന്നും ഇല്ലാതെ സുഖമായിരിക്കുന്ന സമയത്തായിരിക്കണം ദന്ത ഡോക്ടറുമായുള്ള ആദ്യ കൂടിക്കാഴ്ച്ച. പല്ലുവേദന വന്നതിനു ശേഷം ഡോക്ടറുമായുള്ള ഇടപെടൽ സുഖകരമായിരിക്കണമെന്നില്ല. അതൊരു നൊമ്പരപ്പെടുത്തുന്ന ഓർമ്മയായി ആ വ്യക്തിയുടെ മനസ്സിൽ ആയുഷ്ക്കാലം മുഴുവൻ നില്ക്കാനും ഇടയുണ്ട്. പല്ലുകളിൽ ഉണ്ടാകുന്ന പോടുകൾ (cavities) കഴിയുന്നതും നേരത്തേതന്നെ അടക്കുകയാണെങ്കിൽ വേദനയും മറ്റ് ബുദ്ധിമുട്ടുകളും ഒഴിവാക്കാൻ കഴിയും. പല്ലിൽ കേടുകൾ ഉണ്ടാകാൻ സാധ്യതയുള്ള കുട്ടികൾക്ക് ഫ്ളൂറൈഡ് ലേപനം, സീലൻഡ്സ് തുടങ്ങിയ പ്രവർത്തനങ്ങൾ ഒരു ദന്ത ചികിത്സകനെക്കൊണ്ട് ചെയ്യിക്കേണ്ടതാണ്. വായിലുണ്ടാകുന്ന അണുബാധയും, പഴുപ്പും ചികിത്സിക്കാതിരുന്നാൽ തൊണ്ടയിലും വയറിലും അണുബാധയ്ക്കും പോഷകാഹാരക്കുറവിനും ഹൃദയ സംബന്ധമായ രോഗങ്ങൾക്കും ഇത് കാരണമായേക്കാം. കുട്ടിയുടെ പൊതുവായ ആരോഗ്യത്തേയും വളർച്ചയേയും ഇത് ബാധിക്കാനിടയുണ്ട്.

കുട്ടികളുടെ ദന്തനിരകളുടെ അഭംഗിയെക്കുറിച്ച് മാതാപിതാക്കൾ ആവലാതിപ്പെടേണ്ടതില്ലെങ്കിലും, വളരുന്ന പ്രായമാണ് പല്ലുകളെ ക്രമപ്പെടുത്തുന്നതിന് ഏറ്റവും അനുയോജ്യം. അതുകൊണ്ട് ഒരു ദന്ത ഡോക്ടറുടെ അഭിപ്രായം തേടുന്നതാണ് നല്ലത്. പാൽപ്പല്ലുകൾ യഥാസമയം എടുത്തുകളയുന്നത് സ്ഥിരം പല്ലുകളുടെ ശരിയായ വളർച്ചയ്ക്ക് സഹായകരമായിരിക്കും.

ആറു വയസ്സാകുന്നതോടെ സ്ഥിരമായിട്ടുള്ള ആദ്യത്തെ അണപ്പല്ല് മുളച്ചു തുടങ്ങും (1st permanent molar) എന്നതുകൊണ്ട് ദന്തശുചീകരണത്തിന് അതീവ ശ്രദ്ധചെലുത്തേണ്ടത് അത്യാവശ്യമാണ്. **ദിവസേന രാവിലേയും രാത്രി ഉറങ്ങുന്നതിന് മുമ്പും (ഇത് വളരെ പ്രധാനമാണ്) ബ്രഷ് ചെയ്യണം. മോണയുടെ 45 ഡിഗ്രി ചരിവിൽ ബ്രഷ് പിടിച്ച് വൃത്താകാരത്തിൽ ചലിപ്പിക്കുന്നതാണ് ശരിയായ രീതി.** പല്ലുകളിൽ പിന്നേയും ബാക്കിയാവുന്ന കറകളും അടിഞ്ഞുകൂടിയിരിക്കുന്ന കട്ടിയായ പദാർഥങ്ങളും മറ്റും (Calculus) ഒരു ദന്ത ഡോക്ടറെ സമീപിച്ച് സ്കെയിലിംഗ് എന്ന പ്രക്രീയയിലൂടെ വൃത്തിയാക്കാവുന്നതാണ്. പല്ലിൽ ഒട്ടിപ്പിടിച്ചിരിക്കുന്ന കാൽക്കുലസ് ആഹാര പദാർത്ഥങ്ങളും രോഗാണുക്കളും കൂടുതൽ അടിഞ്ഞുകൂടുന്നതിനും മോണ സംബന്ധമായ രോഗങ്ങൾ ഉണ്ടാകുന്നതിനും കാരണമാകുന്നു. മോണയിൽ നിന്നുള്ള രക്തസ്രാവം ചിലപ്പോൾ മറ്റ് രോഗങ്ങളുടെ ലക്ഷണമാകാമെന്നതിനാൽ ഒരു ഡോക്ടറെക്കണ്ട് ഉപദേശം തേടേണ്ടതാണ്.

സ്വയം ചെയ്യുന്ന ദന്ത പരിചരണം പോലെ തന്നെ പ്രാധാന്യമുള്ളതാണ് ഡോക്ടറുടെ സഹായത്താൽ ചെയ്യുന്ന ദന്ത പരിചരണം. ദന്ത ക്ഷയം കൊണ്ടുണ്ടാകുന്ന സുഷിരങ്ങൾ തുടക്കത്തിൽ തന്നെ ചികിത്സിച്ചാൽ വേദനാരഹിതവും ചിലവ് കുറഞ്ഞതുമായിരിക്കും. സമയം വൈകുകയും പല്ലിനു വേദന തുടങ്ങുകയും ചെയ്യുന്നതോടെ പല്ലിനെ സംരക്ഷിക്കുന്നതിന് 'പൾപ്പോട്ടമി', 'റൂട്ട് കനാൽ ട്രീറ്റ്മെന്റ്' തുടങ്ങിയ ചിലവേറിയ ചികിത്സാരീതികളെ ആശ്രയിക്കേണ്ടിവരും. വികലമായി രൂപപ്പെട്ടതും, നിറം പോയതും, വളഞ്ഞതുമായ പല്ലുകളെ ലളിതമായ പ്രക്രീയയിലൂടെ ശരിയാക്കാൻ സാധിക്കും. നന്നാക്കാൻ കഴിയാത്തവ എടുത്ത് കളയേണ്ടി വന്നേക്കാം. നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് തികച്ചും സ്വാഭാവികമായി തോന്നുന്ന ക്രിത്രിമപ്പല്ലുകൾ വയ്ക്കാൻ ഇപ്പോൾ സാധിക്കും. ബ്ലീച്ചിംഗ് എന്ന പ്രക്രീയയിലൂടെ പല്ലുകൾക്ക് നല്ല നിറം വയ്പ്പിക്കാനും ഇപ്പോൾ സാധിക്കുന്നതാണ്. നിരതെറ്റിയതും വികൃതമായതുമായ പല്ലുകൾക്ക് മാത്രമല്ല മുഖത്തിന്റേയും താടി എല്ലുകളുടേയും വൈകല്യങ്ങൾക്ക് പോലും ഇന്ന് ദന്ത ചികിത്സാരംഗത്ത് പ്രതിവിധിയുണ്ട്.

വായിൽ ഉണ്ടാകുന്ന അർബുദം (oral cancer) ഇന്ന് ഒട്ടും അസാധാരണമല്ല. വായിൽ കാണുന്ന വെളുത്തതോ ചുവന്നതോ ആയ കലകൾ , തടിപ്പുകൾ, മുഴകൾ, വ്രണങ്ങൾ മുതലായവ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ ഒരു ദന്ത ഡോക്ടറുടെ ഉപദേശം തേടണം. പുകവലി പല്ലുകളുടെ നിറം നഷ്ടപ്പെടുത്തുക മാത്രമല്ല, മോണകളിലേക്കുള്ള രക്തപ്രവാഹത്തെക്കുറച്ച് അവയെ ദുർബലപ്പെടുത്തുകയും ചെയ്യുന്നു. പുകവലിയും മദ്യപാനവും വായിലെ അർബുദത്തിനും ഗുരുതരമായ മറ്റ് ആരോഗ്യപ്രശ്നങ്ങൾക്കും പ്രധാന കാരണങ്ങളാണ്. മദ്യപാനത്തിന്റേയും പുകവലിയുടേയും വിനാശകരമായ സ്വാധീനങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് അറിവ് പകരാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്.

**മധുരവും അന്നജവും അളവിലും ആവൃതിയിലും അധികമാകാത്ത ഭക്ഷണ ശീലം; ഗ്യാസ് നിറഞ്ഞുപതയുന്ന ശീതളപാനിയങ്ങൾ, മധുരം ചേർത്ത പഴച്ചാറുകൾ, മിഠായികൾ, ചിപ്സ് എന്നിവ വർജ്ജിക്കുന്നത്; സസ്യ പഴവർഗ്ഗങ്ങൾ ആവശ്യത്തിന് കഴിക്കുന്നത്; എന്നിവ പല്ലുകളുടേയും മോണയുടേയും ആരോഗ്യത്തിന് വളരെ സഹായകരമാണ്. ദന്ത രോഗങ്ങളോടൊപ്പം മറ്റു പല ആരോഗ്യപ്രശ്നങ്ങൾ പ്രതിരോധിക്കുന്നതിനും ഇത്തരം ശീലങ്ങൾ നല്ലതാണ്. ആഹാരം കഴിച്ചതിനുശേഷം വായ് നന്നായി വൃത്തിയാക്കുന്നതും വളരെ പ്രാധാന്യം അർഹിക്കുന്ന കാര്യമാണ്.**

സ്വയം ചെയ്യുന്ന കൃത്യമായ ദന്ത പരിചരണത്തോടൊപ്പം വർഷത്തിലൊരിക്കലെങ്കിലും ഒരു ദന്ത ഡോക്ടറുടെ പരിശോധനയ്ക്ക് വിധേയരാകുന്നത് ദന്ത രോഗങ്ങളിൽ നിന്നും ഒരു പരിധി വരെയെങ്കിലും മുക്തി നേടുന്നതിനുള്ള സുരക്ഷിത മാർഗ്ഗമാണ്.

# യാത്രയിൽ ഒരു നിമിഷം

ജെറോൾഡ് സുജേഷ്



പ്രവാസ ജീവിതത്തിന്റെ ഇടവേളയിൽ ഒരിക്കൽക്കൂടി നാട്ടിലേക്ക് കടന്നു പോകുവാൻ ദൈവം എന്നെ സഹായിച്ചു.
നാടിനെക്കുറിച്ചുള്ള നല്ല നല്ല ഓർമ്മകളും നല്ല ബന്ധങ്ങളും മനസ്സിൽ നിറച്ച് കൊണ്ടും എന്റെ ദൈവം എന്നെ വഴിനടത്തി. നമ്മുടെ സഭയിലെ യുവജനങ്ങളുടെ നാട്ടിലെ ഭവനങ്ങൾ സന്ദർശിക്കണം എന്ന ആഗ്രഹത്തെ തുടർന്ന്, തിരുവനന്തപുരത്തു നിന്ന് സന്ദർശനം തുടങ്ങുവാൻ തീരുമാനിച്ചു.

ഒരു ദിവസം രാവിലെ 6:30 ന് ഉള്ള മംഗലാപുരം എക്സ്പ്രസ്സിൽ കണ്ണൂരിൽ നിന്നും യാത്ര ആരംഭിച്ചു. മംഗലാപുരത്തുനിന്ന് വരുന്നതുകൊണ്ടാകും നല്ല തിരക്കായിരുന്നു. എങ്കിലും ഒരുവിധം അതിൽ കയറിപ്പറ്റി. പുലർകാലത്തെ മഞ്ഞ് പാളികളെ തള്ളിനീക്കിക്കൊണ്ട് ഒരു ചൂളം വിളിയോടെ ട്രയിൻ മുൻപോട്ട് കുതിച്ചു.

പലരും നല്ല ഉറക്കത്തിലാണ് എങ്കിലും സമയം രാവിലെ 9 ആയപ്പോഴേക്കും കോഴിക്കോട് സ്റ്റേഷനിൽ വണ്ടി നിന്നു. പലരും അവിടെ ഇറങ്ങാൻ ഉള്ളവരായിരുന്നു. എങ്കിലും അതിനേക്കാൾ കൂടുതൽപേർ കയറുവാനും പുറത്ത് നില്ക്കുന്നുണ്ടായിരുന്നു. ദൈവസഹായം കൊണ്ട് എനിക്ക് ഇരിക്കുവാൻ ഇടം കിട്ടി, ഞാൻ നാടിന്റെ സൗന്ദര്യം ആസ്വദിക്കുകയായിരുന്നു. ഓരോ സ്റ്റേഷൻ കഴിയുംതോറും തിരക്ക് വർദ്ധിച്ചു വന്നുകൊണ്ടിരുന്നു. നാലുപേരുടെ സീറ്റിൽ എട്ടും ഒൻപതുപേരുമായാണ് യാത്ര. വളരെ അധികം വിഷമിച്ചുകൊണ്ട് കുഞ്ഞുങ്ങളും പ്രായമായവരും ഒരേ യാത്രികരാണെന്ന ഭാവത്തോടെ യാത്ര തുടർന്നു. എന്റെ ഇരിപ്പിടത്തിന് മുൻപിൽ വെള്ള വസ്ത്രം ധരിച്ച ഒരു കന്യാസ്ത്രീ ഇരിക്കുന്നുണ്ടായിരുന്നു. അവർ നല്ല ഉറക്കം കഴിഞ്ഞ് ഉണർന്നതേയുള്ളൂ, എന്നെ നോക്കി ചോദിച്ചു "നല്ല തിരക്കാണല്ലേ"? ചിരിച്ചു കൊണ്ട് ഞാൻ പറഞ്ഞു "അതെ".
പിന്നീട് ഞങ്ങൾ നാടിനെക്കുറിച്ചും വീട്ടുകാരെക്കുറിച്ചും ഇടയ്ക്ക് ദൈവീക കാര്യങ്ങളുമൊക്കെ സംസാരിച്ചു. ആ സമയത്ത് അവരുടെ കൈയ്യിൽ ഇരുന്ന പുസ്തകം വെറുതെ വായിക്കാനായി ഞാൻ ആവശ്യപ്പെട്ടു. പുഞ്ചിരിയോടെ അവർ ആ പുസ്തകം എനിക്ക് നീട്ടി. മദർ തെരേസ അടക്കമുള്ള അഞ്ചു മഹത്വ്യക്തികൾ എഴുതിയ കഥകൾ അടങ്ങിയ ആ പുസ്തകം മലയാളത്തിലായതിനാൽ ഞാൻ സമാധാനിച്ചു. ഈ പുസ്തകത്തിലെ മൂന്നാമത്തെ കഥ എന്റെ അല്ലെങ്കിൽ കൂടെ യാത്രചെയ്യുന്നവരുടെ ജീവിതത്തിലെ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സ്നേഹത്തിന്റേയും പരസ്പ്പര സഹായത്തിന്റേയും നല്ല കഥയായിരുന്നു. അത് ചുരുക്കത്തിൽ എഴുതുന്നു.

നല്ല വേനൽ ചൂടിൽ കൈയ്യിൽ ഒരു ഭാണ്ഡക്കെട്ടുമായി ഒരു സന്യാസിനി പാതയോരത്ത് യാത്രക്കായി വാഹനം കാത്തുനില്ക്കുന്നു. വളരെ അപൂർവ്വമായി മാത്രമേ ഈ സ്ഥലത്ത് വാഹനം വരാറുള്ളൂ. സന്യാസിനിയുടെ മുഖത്തെ ക്ഷീണം കാണുമ്പോൾത്തന്നെ മനസ്സിലാകും കൊടുംചൂടിൽ വണ്ടി കാത്ത് നില്ക്കാൻ തുടങ്ങിയിട്ട് കുറേ നേരമായെന്ന്. മാറി നില്ക്കാൻ തണൽ പോലുമില്ലാതെ വിഷമിച്ച് നില്ക്കുമ്പോൾ ഒരു ഓട്ടോ കടന്നുവന്നു. സന്യാസിനി വളരെ സന്തോഷത്തോടെ തന്റെ ഭാണ്ഡക്കെട്ട് കൈയ്യിൽ എടുത്ത് മറ്റെക്കൈ വീശിക്കാണിച്ചു. അല്പ്പം ദൂരെ മാറിയാണ് ഓട്ടോ നിർത്തിയത് എന്നാലും തന്റെ ക്ഷീണം വകവയ്ക്കാതെ ഭാണ്ഡക്കെട്ടുമായി ഓടി ഓട്ടോയുടെ അടുത്ത് ചെന്നു. രണ്ടുപേർ നേരത്തേ യാത്രികരായി ഉണ്ടായിരുന്നു എങ്കിലും ഡ്രൈവറോട് വളരെ വിനയത്തോടെ "സഹോദരാ ഞാനും കൂടി ഈ വണ്ടിയിൽ യാത്ര ചെയ്തോട്ടെ?"

അവരുടെ ചോദ്യത്തിലെ മനസ്സലിവ് തോന്നി അദ്ദേഹം സമ്മതിച്ചു. സന്യാസിനി ഒരുവിധം ഭാണ്ഡക്കെട്ട് ഓട്ടോയിൽ കയറ്റി സന്തോഷത്തോടെ സീറ്റിൽ ഇരുന്നു.

അല്പദൂരം ചെന്നപ്പോൾ സന്യാസിനിയെപ്പോലെ ക്ഷീണത്താൽ വിവശയായി ഒരു ഗർഭിണിയായ സ്ത്രീ കാത്ത് നില്ക്കുന്നത് കണ്ടു. സന്യാസിനി വണ്ടി നിർത്തുവാൻ ആവശ്യപ്പെട്ടു എങ്കിലും അവരേയും കൂടെക്കൂട്ടുവാൻ ഡ്രൈവർ വിസമ്മതിച്ചു. "ഇപ്പോൾത്തന്നെ മൂന്നുപേരും ഭാണ്ഡക്കെട്ടും വണ്ടിയിൽ ഉണ്ട്, പിന്നെങ്ങനെ അവരേയും കൂടെ കൂട്ടുന്നത്? പറ്റില്ല" ഡ്രൈവറും മറ്റു യാത്രികരും പറഞ്ഞു. എങ്കിലും സന്യാസിനിയുടെ നിർബന്ധത്തിനു വഴങ്ങി വണ്ടി നിർത്തി ആ ഗർഭിണിയേയും യാത്രയ്ക്ക് ക്ഷണിച്ചു. അല്പം കഷ്ടം സഹിച്ചെങ്കിലും എല്ലാവരും എത്തേണ്ട സ്ഥലത്ത് എത്തിച്ചേർന്നു. സന്യാസിനി വണ്ടിയിൽ നിന്ന് ഇറങ്ങി അവരോടു പറഞ്ഞു "മനസ്സിൽ ഇടം ഉണ്ടെങ്കിൽ എവിടെയും ഇടം ഉണ്ടാകും".

അപ്പോഴേക്കും ഞാൻ സഞ്ചരിക്കുന്ന ട്രയിനിന്റെ ഉൾവശവും ഇതിൽ ഇത്രയും കഷ്ടം സഹിച്ചും പരസ്പരം സ്നേഹിച്ചും കൊണ്ട് യാത്ര ചെയ്യുന്ന യാത്രക്കാരേയും ഓർത്തു. പിന്നെ ഈ പുസ്തകത്തിന്റെ ഭാഗം ചൂണ്ടി കന്യാസ്ത്രീയ്ക്ക് കാണിച്ചു കൊടുത്തു. നിറപുഞ്ചിരിയോടെ അവർ പറഞ്ഞു "ഇപ്പോൾ യാത്ര ചെയ്യുന്ന നമ്മളെപ്പോലെ അല്ലേ?" ഞാൻ തലകുലുക്കി അതെയെന്നു സമ്മതിച്ചു.

**"യഹോവയുടെ വഴി നേരുള്ളവന് ഒരു ദുർഗ്ഗം; ദുഷ്പ്രവർത്തിക്കാർക്കോ അതു നാശകരം. നീതിമാൻ ഒരുനാളും കുലുങ്ങിപ്പോകയില്ല; ദുഷ്ടന്മാരോ ദേശത്ത് വസിക്കയില്ല"** സദൃ. 10:29–30.

Church of South India

UAE YOUTH CONFERENCE

*Venue*

Holy Trinity Church, Dubai

*Theme*

GOD & GRACE IN GOOGLE AGE

*Speaker*

**Rev. Samji K Sam**

*Date*

8th November 2011

*Time*

9:00 AM to 4:00 PM

Pray... Participate... Be Blessed...

പാചകം

# മുട്ട കബാബ്

റീന ഫിലിപ്പ്



## ചേരുവകൾ:

1. പുഴുങ്ങിയ മുട്ട – 4
2. കുരുമുളക് പൊടി
3. പാചക എണ്ണ – 2 വലിയ സ്പൂൺ
4. സവാള കൊത്തിയരിഞ്ഞത് – 1/2 കപ്പ്
   പച്ചമുളക് വട്ടത്തിലരിഞ്ഞത് – ഒരു വലിയ സ്പൂൺ
   ഇഞ്ചി കൊത്തിയരിഞ്ഞത് – ഒരു ചെറിയ സ്പൂൺ
   കറിവേപ്പില – 2 തണ്ട്
5. ഉരുളക്കിഴങ്ങ് പുഴുങ്ങി പൊടിച്ചത് – 1
6. മുട്ടയുടെ ഉണ്ണി – 1
7. ഉപ്പ് – പാകത്തിന്
8. മുട്ടയുടെ വെള്ള – 1
9. റൊട്ടി പൊടി – പാകത്തിന്

## തയ്യാറാക്കുന്ന വിധം:

പുഴുങ്ങിയ മുട്ടകൾ ഒരോന്നും നെടുകെ പിളർന്ന് 8 കഷണങ്ങളാക്കുക. ഇതിൽ കുറച്ച് ഉപ്പും കുരുമുളകും ചേർക്കുക. ചൂടായ എണ്ണയിൽ നാലാമത്തെ ചേരുവകകൾ ചേർത്ത് വഴറ്റുക. ഇതിൽ പുഴുങ്ങി വച്ച ഉരുളക്കിഴങ്ങ് ചേർത്തിളക്കുക. ചൂട് ആറിക്കഴിയുമ്പോൾ മുട്ടയുടെ ഉണ്ണിയും പാകത്തിന് ഉപ്പും ചേർത്ത് കുഴയ്ക്കുക.

ഈ കൂട്ട് തയ്യാറായി കഴിഞ്ഞാൽ ഇതിനെ 8 ഉരുളകളാക്കുക. ഒരോ ഉരുളയുടേയും നടുക്ക് ഒരോ മുട്ട കഷണം വച്ച് ഉരുട്ടുക. മുട്ടയുടെ വെള്ള പുരട്ടിയ ശേഷം റൊട്ടി പൊടിയിൽ മുക്കി ചൂടായ എണ്ണയിൽ നന്നായി വറുത്തെടുക്കുക.



## കാർട്ടൂൺ

റ്റിറ്റോ മാത്യൂ



# ബൈബിൾ ക്വിസ്

ജോൺ വർക്കി

1. ഈ ആലയം ശൂന്യമായിരിക്കെ നിങ്ങൾക്ക് തട്ടിട്ട വീടുകളിൽ പാർപ്പാൻ കാലമായോ എന്ന് പ്രവചിച്ചതാര്?

2. അബ്രഹാമിൽ നിന്ന് എത്രാമത്തെ തലമുറയാണ് യേശുക്രിസ്തു?

3. കടന്നലിനെ അയച്ച് ഒരു ജാതിയുടെ 2 രാജാക്കന്മാരെ യഹോവ ഇസ്രായേൽ മക്കളുടെ മുൻപിൽ നിന്ന് ഓടിച്ചു കളഞ്ഞു. ജാതി ഏത്?

4. മോശയുടെ ശരീരത്തെക്കുറിച്ച് പിശാചിനോട് തർക്കിച്ച ദൂതൻ ആര്?

5. ബാല്യകാലം മുതൽ യഹോവയുടെ അരുളപ്പാടുകൾ ലഭിച്ചിട്ടുള്ള 2 പ്രധാന പ്രവാചകന്മാർ ആരെല്ലാം?

6. ബൈബിൾ പ്രകാരം ഏറ്റവും കൂടുതൽ സംവത്സരം ജീവിച്ചിരുന്ന വ്യക്തി ആര്? എത്ര വയസ്സായിരുന്നു?

7. യെശൂരൂൻ എന്ന് മറുപേരുള്ള വ്യക്തി ആര്?

8. മൂന്ന് വിഭാഗത്തിലുള്ളവരുടെ 10–ാം തലമുറപോലും യഹോവയുടെ സഭയിൽ പ്രവേശിക്കരുത് എന്ന് പഴയനിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്നു. ഏതൊക്കെ വിഭാഗത്തിലുള്ളവർ?

9. ഏഴാം വയസ്സിൽ വാഴ്ച തുടങ്ങിയ യെരുശലേം രാജാവാര്?

10. മക്കളുടെ ദുഷ്പ്രവർത്തികളും, ദൈവനിന്ദകളും നിമിത്തം കഴുത്തൊടിഞ്ഞ് മരിക്കേണ്ടിവന്ന പുരോഹിതൻ ആര്?

11. യോവേൽ, അബിയാവ് എന്നീ ദുരാഗ്രഹികളായ രണ്ട് പുത്രന്മാരുടെ നല്ലവനായ പിതാവാര്?

12. ഇത്രത്തോളം യഹോവ നമ്മെ സഹായിച്ചു എന്ന വാക്കിന്റെ ചുരുക്കപ്പേരെന്ത്?

ശരിയുത്തരങ്ങൾ എഴുതി ചുമതലക്കാരുടെ കൈയ്യിലോ ഇമെയിൽ (csiyouthmovementsharjah@gmail.com) വഴിയോ നവംബർ 11 –ാം തിയതിക്കകം ഏൽപ്പിക്കുക. ശരിയുത്തരം നൽകുന്ന ഒരാൾക്ക് സമ്മാനം നൽകുന്നതാണ്.

---

**കഴിഞ്ഞ ലക്കത്തിലെ ബൈബിൾ ക്വിസ്സിന്റെ ശരിയുത്തരങ്ങൾ:**

1. യെശയ്യാവ് (യെശ. 6:5)
2. യോവേൽ (യോവേ. 1:8)
3. ആഹാസ് (യെശ. 38:8)
4. നെബുഖദ്നേസർ (ദാനി. 4:27)
5. മീഖായേൽ (ദാനി. 12:1)
6. ഇയ്യോബ് (ഇയ്യോ. 7:14)
7. നൊവൊമി (രൂത്ത് 1:23)
8. പൌലൊസ് (1കൊരി. 6:20)
9. യോസേഫ് (ഉൽപ. 39:1)
10. യാക്കോബ് (ഉൽപ. 28:10–12)
11. മന്ന (പുറ. 16:31)
12. ദാര്യാവേശ് (ദാനി. 6:6,16)

ശരിയുത്തരം നല്കിയ ശ്രീമതി. ധന്യ ബനെനെറ്റിന് അഭിനന്ദനങ്ങൾ അറിയിക്കുന്നു. അതോടൊപ്പം ഇതിൽ പങ്കെടുത്ത എല്ലാവരോടുമുള്ള നന്ദിയും, വിജയിക്കുള്ള സമ്മാനം സ്പോൺസർ ചെയ്തിരിക്കുന്ന ശ്രീ. അലക്സ് കുരുവിളയോടുള്ള നന്ദിയും അറിയിക്കുന്നു.

# Reflections

















P.O. BOX 27897 | DUBAI, UAE | TEL. 04-3390204 | FAX. 04 3390192 | E-MAIL: rootsadv@eim.ae | WEBSITE: www.rootsad.com